# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജൂൺ 2018 വാല്യം 45 ലക്കം 3 ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ് പേജ് 16 വില 5.00 രൂപ


## കേന്ദ്ര–സംസ്ഥാന സർക്കാരുകൾ ചുമത്തുന്ന ഭീമമായ

# ഇന്ധന നികുതി വെട്ടിക്കുറയ്ക്കുക

**ഇന്ധനവില കടിഞ്ഞാണില്ലാതെ കുതിക്കുകയാണ്. ചരിത്രത്തിലെ ഏറ്റവും വലിയ വിലവർദ്ധനവിനാണ് രാജ്യം ഇപ്പോൾ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. പെട്രോളിന്റെ വില ലിറ്ററിന് 82 രൂപ പിന്നിട്ടിരിക്കുന്നു. ലോകത്തുതന്നെ ഏറ്റവും ഉയർന്ന ഇന്ധനവില ഈടാക്കുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ഏറ്റവുമധികം നികുതി ഈടാക്കുന്ന രാജ്യവും ഇന്ത്യതന്നെ.**




ചങ്ങനാശ്ശേരിയിൽ നടന്ന പ്രതിഷേധ പ്രകടനം

**പെ**ട്രോൾവില അന്തമില്ലാതെ കുതിക്കാനുംമാത്രം ലോകകമ്പോളത്തിൽ ക്രൂഡ് ഓയിലിന് വില ഏറിയിട്ടില്ല. ഇപ്പോഴും അന്തർദ്ദേശീയ മാർക്കറ്റിൽ ബാരലിന് 70 ഡോളറിന്റെ പരിസരത്ത് മാത്രമാണ് ക്രൂഡ് ഓയിലിന് വില.

ഇന്ധനവില വർദ്ധനവ് അവശ്യനിത്യോപയോഗ സാധനവിലകളിൽ അടക്കം പ്രതിഫലിക്കുമ്പോഴും ജനങ്ങൾക്ക് ആശ്വാസപ്രദമായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാരുകൾ തയ്യാറാകുന്നില്ല. വിലക്കയറ്റത്തിന് കാരണമായി അന്തർദ്ദേശീയ മാർക്കറ്റിലെ ക്രൂഡ് ഓയിൽ വലക്കയറ്റവും, വിലനിയന്ത്രണാധികാരം എണ്ണക്കമ്പനികൾക്കാണ് എന്നതും പോലെയുള്ള തൊടുന്യായങ്ങളാണ് സർക്കാർ പറയുന്നതെങ്കിലും കർണ്ണാടക നിയമസഭാ തെരഞ്ഞെടുപ്പിന്റെ സമയത്ത് നീണ്ട പത്തൊൻപത് ദിവസം പെട്രോൾ–ഡീസൽ വില ഇളക്കമില്ലാതെ നിന്നു എന്നത് ശ്രദ്ധേയമാണ്. സർക്കാർ തീരുമാനിച്ചാൽ വില വർദ്ധിക്കാതെയുമിരിക്കും.

പാചകവാതകത്തിനും സിലിണ്ടർ ഒന്നിന് 48 രൂപയുടെ ഭീമമായ വർദ്ധനവ് അടിച്ചേൽപ്പിച്ചിരിക്കുകയാണ്. വർദ്ധിപ്പിച്ച തുക സബ്സിഡിയായി ബാങ്കിൽ വരുമത്രെ. 2017 മാർച്ചിൽ ഒറ്റയടിക്ക് സിലിണ്ടർ ഒന്നിന് 86 രൂപയുടെ വർദ്ധനവാണ് അടിച്ചേൽപ്പിച്ചത്. അതിന് പിന്നാലെയാണ് വീണ്ടും വർദ്ധനവ് വന്നിരിക്കുന്നത്. സബ്സിഡി പൂർണ്ണമായും നിർത്തൽ ചെയ്യുന്നതിലേയ്ക്കുള്ള ചുവടുവയ്പുകളാണ് ഇവയെല്ലാം.

### വില വർദ്ധനവിന് കാരണം കേന്ദ്ര–സംസ്ഥാന സർക്കാരുകൾ അടിച്ചേൽപ്പിക്കുന്ന ഭീമമായ നികുതി

അന്തർദ്ദേശീയ മാർക്കറ്റിൽ വില ഇടിഞ്ഞുകൊണ്ടിരിക്കുമ്പോഴും ഇന്ത്യയിലെ ഭീമമായ വിലവർദ്ധനവിന് കാരണം പെട്രോളിയം ഉൽപ്പന്നങ്ങളുടെമേൽ ചുമത്തുന്ന അന്യായ നികുതി ഒന്നുമാത്രമാണ്. പെട്രോൾ–ഡീസൽ വിലയിൽ പകുതിയിലേറെ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ അടിച്ചേൽപ്പിച്ചിരിക്കുന്ന നികുതിയാണ്.

നികുതിയുടെ വലിപ്പം അറിയണമെങ്കിൽ കഴിഞ്ഞ മൂന്നുവർഷത്തെ ബിജെപി ഭരണംകൊണ്ട് ഖജനാവിൽ കുമിഞ്ഞുകൂടിയ കോടികൾ എത്ര എന്നു നോക്കിയാൽ മതി. 9.96ലക്ഷം കോടി രൂപയാണ് കഴിഞ്ഞ മൂന്നേമുക്കാൽ വർഷംകൊണ്ട് കേന്ദ്രസർക്കാരിന് നികുതിയിനത്തിൽ ലഭിച്ചത്. എക്സൈസ് നികുതി, കസ്റ്റംസ് നികുതി, എണ്ണക്കമ്പനികളിൽനിന്നുള്ള ലാഭവിഹിതം എന്നിവയെല്ലാമുൾപ്പെടെയാണിത്. എണ്ണക്കമ്പനികളുടെ ലാഭംകൂടി ക

(ശേഷം 2–ാം പേജിൽ)

# ചെങ്ങന്നൂർ തെരഞ്ഞെടുപ്പ് ഫലം ഓർമ്മിപ്പിക്കുന്നതെന്ത്?

**ചെ**ങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് കഴിഞ്ഞ തവണത്തേക്കാൾ ഭൂരിപക്ഷം നേടി വിജയിക്കുകയുണ്ടായി. സിപിഐ (എം) നയിക്കുന്ന എൽഡിഎഫ്, ഇത്തരമൊരു വിജയം നേടത്തക്കവിധം കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പിന്റെ വേളയേക്കാൾ ജനങ്ങളുടെ സ്നഹത്തിന് പാത്രമായി മാറി എന്നാണോ തെരഞ്ഞെടുപ്പ് ഫലം തെളിയിക്കുന്നത്? പിണറായി വിജയന്റെ ഭരണത്തിൽ സന്തോഷം സഹിക്കവയ്യാതെ ജനങ്ങൾ പെരുമഴയത്ത് ക്യൂ നിന്ന് ആയിരക്കണക്കിന് വോട്ട് നൽകി എന്നാണോ വിചാരിക്കേണ്ടത്? ജനങ്ങളുടെ വെറുപ്പിന് പാത്രമായിരുന്ന കഴിഞ്ഞ യുഡിഎഫ് വാഴ്ചയോടുള്ള അതൃപ്തി വോട്ടാക്കിയപ്പോൾ പോലും ലഭിക്കാത്ത ഭൂരിപക്ഷം സർവ്വത്ര പിഴച്ച പിണറായി ഭരണം നിലനിൽക്കുമ്പോൾ ലഭിച്ചതിന്റെ പിറകിൽ ഒരു അത്ഭുതം പ്രവർത്തിച്ചിട്ടുണ്ട്. ആ അത്ഭുതം നമുക്ക് വഴിയേ കണ്ടെത്താം.

എല്ലാം ശരിയാക്കുന്ന ഭരണമെന്ന പരിഹാസം സർവ്വ മേഖലയിൽ നിന്നും പുരസ്കാരം പോലെ സ്വീകരിക്കുകയാണ് ഇടതു ഭരണം. തെരഞ്ഞെടുപ്പിന് ഒന്നര മാസം മുമ്പാണ് വരാപ്പുഴ കസ്റ്റഡി മരണം ഉണ്ടാകുന്നത്. തെരഞ്ഞെടുപ്പ് നടക്കുമ്പോഴാണ് പോലീസിന്റെ ഒത്താശയോടെ കോട്ടയം സ്വദേശി കെവിന്റെ കൊലപാതകമുണ്ടാകുന്നത്. 13 പേരെ ഇതിനോടകം കൊന്നുതള്ളിയ സിപിഐ(എം)–ബിജെപി രാഷ്ട്രീയ കൊലപാതക പരമ്പര അവസാനിച്ചുകാണാൻ കേരളത്തിന്റെ മനസ്സാക്ഷി അത്യധികമായി അഭിലഷിക്കുന്ന സന്ദർഭത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. അനുദിനം ഉയർന്നുകൊണ്ടിരിക്കുന്ന പെട്രോളിന്റെ വിലയിൽ വലിയ പങ്കും കേന്ദ്ര–സംസ്ഥാന നികുതിയാണെന്നിരിക്കെ അതു കുറയ്ക്കണമെന്നാവശ്യപ്പെട്ട മാധ്യമങ്ങളെയും ജനങ്ങളെയം പുച്ഛിക്കുന്ന കേന്ദ്രത്തിനെതിരെ തെരഞ്ഞെടുപ്പിൽ ജനവികാരമുണ്ടായിട്ടും അതേ സമീപനം പുലർത്തുന്ന ഇടതുമുന്നണിയെ ജനങ്ങൾ കണക്കറ്റ് ഇഷ്ടപ്പെടുന്നുവെന്ന് വിലയിരുത്തണമോ? കണ്ണൂരിലെ മെഡിക്കൽ കോളേജ് മുതലാളിയെ രക്ഷിക്കാൻ നാണംകെട്ടും നിയമസഭയിൽ ബിൽ കൊണ്ടുവന്നതിലൂടെ വിദ്യാഭ്യാസക്കച്ചവടക്കാരോടുള്ള പ്രതിബദ്ധത ആവർത്തിച്ച് തെളിയിക്കപ്പെട്ടിരിക്കുമ്പോൾ നടന്ന തെരഞ്ഞെടുപ്പാണിത്. അതിനെയും ജനങ്ങൾ അവഗണിച്ചു എന്നു കരുതണമോ? തെളിവുകളം ശക്തമായ വാദങ്ങളും നിരത്താതെ കോടതിയിൽ സ്വയം തോറ്റുകൊടുത്തുകൊണ്ട് സർക്കാർ വനഭൂമിയും സ്വത്തുക്കളും സ്വകാര്യവ്യക്തികൾക്ക് തീറെഴുതുന്ന, പൊന്തൻപുഴ മാതൃകകൾ ആവർത്തിക്കപ്പെടുകയാണ്. പരമാവധി പിഎസ്സി പരീക്ഷ നടത്തലാണ് തങ്ങളുടെ പണിയെന്നും കാലഹരണപ്പെടുന്ന ലിസ്റ്റിന്റെ ആയുസ്സ് നീട്ടാൻ തയ്യാറല്ലെന്നും ധിക്കാരപൂർവ്വം പ്രഖ്യാപിക്കുന്ന സർക്കാരാണ് സംസ്ഥാനത്തുള്ളത്. എങ്ങിനെയാണ് യുവാക്കൾ ഈ സർക്കാരിന് വോട്ടു ചെയ്യുന്നത്? വിലക്കയറ്റം മാനം മുട്ടുമ്പോൾ എങ്ങിനെയാണ് സാധാരണ ജനങ്ങളും ഇടത്തരക്കാരും ഈ സർക്കാരിന് അനുകൂലമായി വിധിയെഴുതുന്നത്? എന്നിട്ടും ഈ സർക്കാരിന്റെ പ്രതിനിധിയായി മൽസരിച്ച സ്ഥാനാർത്ഥി വലിയ ഭൂരിപക്ഷത്തോടെ ജയിച്ചു. എന്താണതിന്റെ കാരണം?

കഴിഞ്ഞ യുഡിഎഫ് ഭരണ കാലയളവിലും നാല് ഉപതെരഞ്ഞെടുപ്പുകൾ നടന്നിരുന്നു. അവയിൽ നാലിലും വിജയിച്ചത് യുഡിഎഫായിരുന്നു. ആ വിജയം നാലും നേടിയത് യുഡിഎഫ് ഭരണത്തെ ജനങ്ങൾ ശപിക്കുന്ന വേളയിൽത്തന്നെയായിരുന്നു. യുഡിഎഫിന്റെ വിജയത്തെ അവരുടെ ഭരണത്തോട് ജനങ്ങൾ കാട്ടിയ പിന്തുണയായി വിശദീകരിക്കാൻ കഴിയില്ലല്ലോ. ഇടതുമുന്നണിയുടെ നേതൃത്വം അന്ന് പറഞ്ഞതും അതായിരുന്നല്ലോ. ഇതിൽനിന്ന് വ്യക്തമാകുന്നത് എന്താണ്? തെരഞ്ഞെടുപ്പ് വിജയം നിർണ്ണയിക്കുന്നതിൽ ജനങ്ങൾ അഭിമുഖീകരിക്കുന്ന ജീവിതപ്രശ്നങ്ങൾ പ്രധാന മാനദണ്ഡമാകുന്നില്ല എന്നു തന്നെയാണ്. സർക്കാരുകളുടെ നയങ്ങളും തദ്വാര സൃഷ്ടിക്കപ്പെടുന്ന ജനജീവിതത്തിന്റെ ദുരിതങ്ങളും ഒരു തെരഞ്ഞെടുപ്പിന്റെയും ചർച്ചാവിഷയമാകുന്നില്ല. അത്തരമൊരു ആരോഗ്യകരമായ ജനാധിപത്യ സംവാദം തെരഞ്ഞെടുപ്പ് വേദിയിൽനിന്ന് ഒഴിവാക്കുന്നതിൽ എല്ലാ മുന്നണികളും ശക്തമായൊരു സമവായത്തിൽ എത്തിയിരിക്കുന്നു. ജനങ്ങളെ ദ്രോഹിക്കുന്ന നയങ്ങളുടെ കാര്യത്തിൽ മുന്നണികൾ തമ്മിൽ ഒരു വ്യത്യാസവുമില്ല എന്നതിനാൽ പ്രസ്തുത ചർച്ചകൾ എല്ലാ മുന്നണികളുടെയും തടിക്കുതട്ടുമെന്ന് എല്ലാ കൂട്ടർക്കും ഉത്തമ ബോദ്ധ്യമുണ്ട്. അതിനാലാണ് അവർ തെരഞ്ഞെടുപ്പ് വേദിയിൽ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ഒഴിവാക്കുന്നത്. ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിന്റെ പ്രചാരണ വേദിയിലും അതോ അതിലേറെയോ ആണ് നടന്നത്. പ്രചാരണ വേദിയിൽ ഒരു മുന്നണിയും ജനജവിതത്തിന്റെ അതീവ ഗുരുതരമായ പ്രശ്നങ്ങൾ ഉന്നയിച്ചില്ല. നാണം കെട്ടതും അറപ്പുളവാക്കുന്നതുമായ പ്ര

(ശേഷം 2–ാം പേജിൽ)


പേജ് 3 സഖാവ് പ്രൊവാഷ് ഘോഷിന്റെ പ്രസംഗം

പേജ് 6 വിദ്യാഭ്യാസം കയ്യൊഴിയുന്ന ചെപ്പടിവിദ്യ

പേജ് 8 എൽഡിഎഫ് സർക്കാരിന്റെ തൊഴിൽ നയം

പേജ് 9 വീറുറ്റ തൂത്തുക്കുടി ജനകീയസമരം

പേജ് 10 രാജ്യത്തെ ആരോഗ്യരംഗം തകർച്ചയിൽ

പേജ് 13 സഖാവ് ജി. എസ്. പത്മകുമാർ അനുസ്മരണം

പേജ് 14 കാൾ മാർക്സ് 200–ാം ജന്മവാർഷികം

# ഇന്ധന വില സർക്കാർ നിർണ്ണയിക്കുക

(1-ാം പേജിൽ നിന്ന്)

ണക്കിലെടുത്താൽ തുക 11ലക്ഷം കോടി കവിയും! സ്വകാര്യ എണ്ണക്കമ്പനികൾ കുന്നുകൂട്ടുന്നത് ഇതിൽ ഉൾപ്പെടില്ല.

ഈ കാലയളവുകൊണ്ട് സംസ്ഥാന ഖജനാവുകളിലും എത്തിപ്പെട്ടത് ചില്ലറ തുകയല്ല. 6,61,529 കോടി രൂപ കേരളം ഉൾപ്പെടെയുള്ള സംസ്ഥാന ഖജനാവുകളിലും എത്തിയിട്ടുണ്ട്. നാലുവർഷത്തെ ബിജെപി ഭരണത്തിൽ 16.57ലക്ഷം കോടി രൂപയാണ് പെട്രോളും ഡീസലും വിറ്റവകയിൽ മാത്രം കേന്ദ്ര സംസ്ഥാന സർക്കാരുകൾ നേടിയിരിക്കുന്നത്.

2014 ജൂണിൽ ഒരു ലിറ്റർ പെട്രോളിന്റെമേലുണ്ടായിരുന്ന സെൻട്രൽ എക്സൈസ് നികുതി 9 രൂപ 45 പൈസ ആയിരുന്നത് ഇപ്പോൾ 127 ശതമാനം വർദ്ധിച്ച് 21 രൂപയ്ക്കും മുകളിൽ ആയിരിക്കുന്നു. സംസ്ഥാന സർക്കാരും നികുതി ഇനത്തിൽ ഒരു ലിറ്ററിൽ പിടുങ്ങുന്നത് 17 രൂപയ്ക്ക് മുകളിൽ ആണ്. ഡീസലിന് ഈ കാലയളവിൽ 300 ശതമാനത്തിലേറെ വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു ലിറ്ററിൽ 3 രൂപ 60 പൈസ ആയിരുന്നു സെൻട്രൽ എക്സൈസ് നികുതി എങ്കിൽ ഇപ്പോൾ അത് വർദ്ധിച്ച് 20 രൂപയും കടന്നിരിക്കുന്നു. 2014 നവംബർ മുതൽ 2015 ജനുവരി വരെയുള്ള കാലംകൊണ്ട് 4 തവണയും 2015 നവംബർ മുതൽ 2016 ജനുവരി വരെയുള്ള കാലയളവിൽ 5 തവണയുമാണ് കേന്ദ്ര എക്സൈസ് നികുതി വർദ്ധിപ്പിച്ചിട്ടുള്ളള്ളത്. അന്തർദ്ദേശീയ മാർക്കറ്റിൽ ക്രൂഡ് ഓയിൽവില ഇടിയുമ്പോഴും കേന്ദ്രസർക്കാർ എക്സൈസ് തീരുവ വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കുകയാണ്. 2016-17 സാമ്പത്തിക വർഷത്തിൽ പെട്രോൾ-ഡീസൽ വിൽപ്പനനികുതിയിനത്തിൽ സർക്കാർ ഖജനാവിൽ എത്തിയിരിക്കുന്ന 5.25 ലക്ഷം കോടിയിൽ 46 ശതമാനം സെൻട്രൽ എക്സൈസ് ഡ്യൂട്ടിയിലൂടെ വന്നിരിക്കുന്നതാണ്.

2013ൽ 110 ഡോളറിനും മുകളിൽ എത്തിയിരുന്ന അന്താരാഷ്ട്ര ക്രൂഡ് ഓയിൽ വില 2014ൽ ബാരലിന് 40 ഡോളർ വരെ താഴുന്ന സാഹചര്യമുണ്ടായി. അപ്പോഴും അതിന്റെ ആനുകൂല്യം ജനങ്ങൾക്ക് ലഭ്യമായില്ല. മറിച്ച് കേന്ദ്രസർക്കാർ എക്സൈസ് തീരുവ വർദ്ധിപ്പിച്ചു. വാറ്റ് 2014 നവംബറിൽ 20 ശതമാനമായിരുന്നത് 2017 നവംബറിൽ 27 ശതമാനമാക്കി. അത് ഇപ്പോഴും തുടരുകയാണ്.

2018 മെയ് 20 ന് ഒരു ബാരൽ ക്രൂഡ് ഓയിലിന് 72.5ഡോളർ വിലയുണ്ടായിരുന്ന സമയത്ത് ശുദ്ധീകരിച്ചെടുക്കുന്ന ഒരു ലിറ്റർ പെട്രോളിന്റെ വില കേവലം 36 രൂപ 93 പൈസയേ വരുന്നുള്ളു. എക്സൈസ് ഡ്യൂട്ടിയും റോഡ് നികുതിയുമായി 19 രൂപ 48 പൈസ, ഡീലേഴ്സിന്റെ കമ്മീഷൻ 3രൂപ 62 പൈസ, വാറ്റ് 27 ശതമാനം അതായത് 16 രൂപ 21 പൈസ പൊലൂഷൻ സെസ് വിത്ത് സർചാർജ് അങ്ങനെയെല്ലാം വളരെ പണിപ്പെട്ടിട്ടാണ് പെട്രോളിന് 78 രൂപ ഈടാക്കിയിരുന്നത്. ഉൽപ്പാദനചെലവിനേക്കാൾ വലിയൊരു തുകയാണ് പലപേരിലുള്ള നികുതിയായി ഈടാക്കിക്കൊണ്ടിരിക്കുന്നത്.

**വില നിയന്ത്രണാധികാരം സർക്കാർ ഏറ്റെടുക്കുക**

അല്പമെങ്കിലും ജനതാൽപര്യമുണ്ടെങ്കിൽ സർക്കാർ വില നിയന്ത്രിക്കേണ്ടതാണ്. ഏറ്റവും പ്രധാനം ഇന്ധനവില നിയന്ത്രണാധികാരം സർക്കാർ ഏറ്റെടുക്കുക എന്നതാണ്. മൻമോഹൻസിംഗ് ഇന്ത്യയുടെ പ്രധാന മന്ത്രി ആയിരുന്ന കാലത്താണ് പെട്രോളിന്റെ വില നിയന്ത്രണം എണ്ണക്കമ്പനികളെ ഏൽപ്പിക്കുന്നത്. അപ്പോഴും ഡീസൽ വില നിയന്ത്രണാധികാരം സർക്കാരിൽ നിക്ഷിപ്തമായിരുന്നു. പെട്രോളിന്റെ അനിയന്ത്രിതമായ വിലക്കയറ്റം ബിജെപി എന്നും രാഷ്ട്രീയ ആയുധമാക്കിയിരുന്നു. വിലനിയന്ത്രിക്കാനാകാത്തത് കോൺഗ്രസ്സിന്റെ പരാജയമാണ് എന്ന് പ്രചാരണം നടത്തിക്കൊണ്ടിരുന്ന ബിജെപി 2014 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലും അത് ആയുധമാക്കി. എന്നാൽ അധികാരത്തിലേറി വൈകാതെതെന്നെ അവർ ഡീസലിന്റെമേലുള്ള വിലനിയന്ത്രണവും എടുത്തുകളയുകയാണ് ചെയ്തത്. അതുകൊണ്ട് മോദി സർക്കാർ ആദ്യം ചെയ്യേണ്ടത് വിലനിയന്ത്രണാധികാരം സർക്കാർ ഏറ്റെടുക്കുക എന്നതാണ്.

പെട്രോളിനും ഡീസലിനും മേൽ ഏർപ്പെടുത്തിയിരിക്കുന്ന അതിഭീമമായ നികുതി പിൻവലിക്കാനും സർക്കാർ തയ്യാറാകണം. ജനങ്ങളിൽനിന്ന് ഈടാക്കുന്ന തുകയുടെ പകുതിയിലേറെ നികുതിയാണ് എന്നതിനെ എങ്ങനെയാണ് ന്യായീകരിക്കാനാകുക. എണ്ണ വിലയുടെമേൽ സംസ്ഥാന സർക്കാർ ചുമത്തുന്നത് 37 ശതമാനം വാറ്റ് നികുതിയാണ്. സംസ്ഥാന നികുതിയിൽ കേരളം മൂന്നാം സ്ഥാനത്ത് വരും. പെട്രോളും ഡീസലും ജിഎസ്ടിയുടെ പരിധിയിൽ കൊണ്ടുവരികയാണെങ്കിൽതന്നെ വില ഗണ്യമായി കുറയും.

ഇന്ധനവിലയുടെ മേലുള്ള നികുതി കുറയ്ക്കുന്നത് വരുമാനത്തെ ബാധിക്കുമെന്നതിനാലാണത്രെ സർക്കാരുകൾ അതിന് തുനിയാത്തത്. 'ക്ഷേമപ്രവർത്തന'ങ്ങളെയും 'വികസനപ്രവർത്തന'ങ്ങളെയും ഇത് പ്രതികൂലമായി ബാധിക്കുമെന്നാണ് സർക്കാർ നിലപാട്. ജനങ്ങളെ കുത്തിക്കവർന്ന്, ജീവിക്കാനുള്ള അവരുടെ അവകാശംപോലും നിഷേധിക്കുന്ന സർക്കാർ നടത്തുന്ന 'ക്ഷേമ-വികസന പ്രവർത്തനങ്ങൾ' എന്തായാലും ജനങ്ങളുടെ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ടുള്ളതല്ല. ജീവിതത്തിൽ പിടിച്ചുനിൽക്കാനാകാതെ കർഷകർ നിത്യേന തെരുവിലിറങ്ങുന്ന നാടാണ് ഇന്ന് ഇന്ത്യ. 4 ലക്ഷത്തിലേറെ കർഷകർ ഔദ്യോഗിക കണക്കനുസരിച്ചുതന്നെ ഇന്ത്യയിൽ ആത്മഹത്യ ചെയ്തുകഴിഞ്ഞു. പ്രതിഷേധിക്കുന്നവർ വെടിയുണ്ടയ്ക്കുമിരയാകുന്നു. ശുദ്ധവായുവും ശുദ്ധജലവും ആവശ്യപ്പെട്ടതിനാണ് തമിഴ്നാട്ടിൽ ജനങ്ങൾക്കുനേരെ വെടിയുതിർത്തത്. സർക്കാരുകളുടെ 'ക്ഷേമപ്രവർത്തന'ങ്ങൾ ഇവ്വിധമാണ്. ജനങ്ങളുടെ സംഘടിത നീക്കത്തിലൂടെയേ ഈ അനീതിയെ ചെറുക്കാനാവു ●




കൊല്ലം ടൗണിൽ നടന്ന പ്രതിഷേധ യോഗം




പാലക്കാട് ടൗണിൽ നടന്ന പ്രതിഷേധ പ്രകടനം

## ചെങ്ങന്നൂർ തെരഞ്ഞെടുപ്പ്...

(1-ാം പേജിൽ നിന്ന്)

ചാരണത്തിന്റെ പതിവ് സമ്പ്രദായങ്ങളെ ഇത്തവണ ചെങ്ങന്നൂർ കടത്തിവെട്ടി. ജാതി-മത വികാരങ്ങളെ പ്രീണിപ്പിക്കുന്നതിലും അത് പരമാവധി ഇളക്കിവിട്ട് വോട്ട് ഉറപ്പാക്കുന്നതിലും ചെങ്ങന്നൂർ തെരഞ്ഞെടുപ്പ് സർവ്വകാല റെക്കോഡാണ് സൃഷ്ടിച്ചത്. ഇക്കാര്യത്തിൽ യുഡിഎഫിനെയും ബിജെപിയെയും കടത്തിവെട്ടാൻ ഇടതുമുന്നണിക്ക് കഴിഞ്ഞുവെന്നതാണ് ഈ തെരഞ്ഞെടുപ്പ് വിജയത്തിന്റെ ഏറ്റവും പ്രധാന കാരണം. വർഗ്ഗീയതയും ജാതീയതയും ആളിക്കത്തിച്ച് നേട്ടമുണ്ടാക്കാനുള്ള മത്സരത്തിൽ ബിജെപിയെയും പിന്നിലാക്കി സിപിഐ(എം). എല്ലാ ജാതി-മത സംഘടനകളുമായി ബന്ധപ്പെട്ട് അവർ വാഗ്ദാനങ്ങൾ നൽകിക്കൊണ്ടിരുന്നു. ഞങ്ങളെ സഹായിക്കുന്നവരെ ഞങ്ങളും സഹായിക്കും എന്നുള്ള ചില ജാതി സംഘടനാ നേതാക്കളുടെ പ്രസ്താവനകൾ ഇതിന്റെ ഫലമായിരുന്നു. സിപിഐഎം സംസ്ഥാന സെക്രട്ടറിതന്നെ നേരിട്ട് ഇത്തരം നേതാക്കളെ സന്ദർശിച്ചിരുന്നു. ബിജെപിയും സംഘപരിവാറും ദേശീയ തലത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന ഭൂരിപക്ഷ വർഗ്ഗീയ പ്രീണനവും ന്യൂനപക്ഷങ്ങൾക്കും ദളിത് വിഭാഗങ്ങൾക്കുംനേരെ നടത്തിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങളും കണ്ട് ഭയപ്പാടോടെ കഴിയുന്ന കേരളത്തിലെ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കുമുമ്പിൽ തങ്ങളാണ് യഥാർത്ഥ രക്ഷകർ എന്ന് സ്വയം അവതരിപ്പിച്ചതും അതിന്റെ പേരിൽ നടത്തിയ പ്രീണനവും ഈ വിഭാഗങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. ചെങ്ങന്നൂരിൽ നടക്കുന്നത് ത്രികോണ മൽസരമാണെന്ന് സിപിഐ(എം) നേതാക്കൾ പരസ്യപ്രസ്താവന നടത്തിയത് ബിജെപി ജയിച്ചേക്കും എന്ന ഭയപ്പാടിന്റെ അന്തരീക്ഷം ന്യൂനപക്ഷങ്ങൾക്കിടയിൽ സൃഷ്ടിക്കുന്നതിനുവേണ്ടിയാണ്.

ക്രിസ്തീയ വിഭാഗങ്ങളിൽ വലിയൊരു പങ്കിനെ തങ്ങളുടെ പിറകിൽ അണിനിരത്തുന്നതിനായുള്ള കളമൊരുക്കലായിരുന്നു ക്രിസ്തീയ പശ്ചാത്തലമുള്ള സ്ഥാനാർത്ഥിയെ കണ്ടെത്തിയത്. തെരഞ്ഞെടുപ്പ് ഫലത്തെപ്പറ്റി പിണറായി വിജയൻ പറഞ്ഞത് "ഇതുവരെ ഞങ്ങളെ പിന്തുണയ്ക്കാത്ത ഒരു പ്രബല വിഭാഗം ഇത്തവണ പിന്തുണച്ചു" എന്നായിരുന്നു. 2014ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ തുടങ്ങിയ ഈ പരീക്ഷണം 2016ലെ നിയമസഭാ തെരഞ്ഞെടുപ്പിലും അവർ ആവർത്തിച്ചിരുന്നു. അതിന്റെ പൂർണ്ണവിജയമാണ് ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പ് ഫലം. ബിജെപിയോടൊപ്പം കൂടിയിട്ടും നേട്ടങ്ങളൊന്നും ലഭിക്കാത്തതിനാൽ അതൃപ്തരായിരുന്ന എസ്എൻഡിപി- ബിഡിജെഎസ് നേതൃത്വത്തെ തങ്ങൾക്ക് അനുകൂലമാക്കാൻ സിപിഐ(എം) നടത്തിയ കുൽസിത നീക്കങ്ങൾ വിജയിച്ചതും എൽഡിഎഫിന് വലിയ നിലയിൽ അനുകൂലമായി. ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിലെ എസ്എൻഡിപി നിലപാട് മാതൃകാപരമെന്നു ഇടതുനേതാക്കൾ സർട്ടിഫിക്കറ്റ് നലകിയത് ഉപകാരസ്മരണയുടെ ഭാഗമായിട്ടാണ്. ഇപ്രകാരം സർവ്വമാന ജാതി-മത ശക്തികളെയും ഏച്ചുകെട്ടിയും പ്രീണിപ്പിച്ചുമാണ് ഭരണത്തിനെതിരെയുള്ള ജനവികാരത്തെ എൽഡിഎഫ് മറികടന്നത്.

വൻതോതിൽ പണം കുത്തിയൊഴുക്കി നടത്തിയ ഒരു പ്രചാരണമാണ് ചെങ്ങന്നൂരിൽ ഉണ്ടായത്. കോടിക്കണക്കിന് രൂപ ചെലവാക്കി വിവിധതരം നോട്ടീസുകൾ, പോസ്റ്ററുകൾ, ഫ്ളെക്സ് ബോർഡുകൾ തുടങ്ങിയവ കുത്തിനിറച്ച് മണ്ഡലത്തെ ഒരു ഉത്സവപ്പറമ്പാക്കിമാറ്റി മുന്നണികൾ. ആയിരക്കണക്കിന് വാഹനങ്ങൾ അലങ്കരിച്ചും അല്ലാതെയും മണ്ഡലത്തിന് കുറുകയും നെടുകയും ഓടിച്ചു. ഈ പ്രചാരണത്തിൽ ഒരിടത്തും ജനങ്ങളോ ജനങ്ങളുടെ പ്രശ്നങ്ങളോ ഉണ്ടായിരുന്നില്ല. നിയമസഭാ തെരഞ്ഞെടുപ്പ് ചരിത്രത്തിലെതന്നെ ഏറ്റവും ഭീമമായ തുകയാണ് ചെങ്ങന്നൂരിൽ ചെലവഴിച്ചത്. ഇതിൽ എന്തുകൊണ്ടും ഒന്നാം സ്ഥാനത്തായിരുന്നു ഇടത് ജനാധിപത്യ മുന്നണി.

തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിക്കാൻ വൈകിയതുവഴി ലഭിച്ച മൂന്നു മാസം ഏറ്റവും പ്രയോജനപ്പെടുത്തിയത് ഇടതു മുന്നണിയായിരുന്നു. ഒരു പഞ്ചായത്തിൽ ഒരു മന്ത്രിയെ വീതമാണ് പ്രചാരണത്തിനായി നിയോഗിച്ചത്. സർക്കാർ വകുപ്പുകളെയും സർക്കാർ വാഹനങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളെയും എൽഡിഎഫിന്റെ പ്രചാരണത്തിനായി ഉപയോഗിച്ചു. യുഡിഎഫ് ഭരണനാളിൽ എങ്ങിനെയാണോ സർക്കാർ സംവിധാനം തെരഞ്ഞെടുപ്പ് വിജയത്തിനായി ദുരുപയോഗം ചെയ്യുന്നത് അതിന്റെ ഇരട്ടി കാര്യക്ഷമതയോടെ ഇടത് മുന്നണി പ്രവർത്തിച്ചു. വലിയ വാഗ്ദാനങ്ങളുമായി 2014ൽ കേന്ദ്രത്തിൽഅധികാരത്തിലെത്തിയ ബിജെപി വാക്കുപാലിച്ചില്ല എന്നുമാത്രമല്ല ശക്തമായ ജനവിരുദ്ധ നടപടികളുമായി മുന്നോട്ട് പോവുകയാണ് ഉണ്ടായത്. പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവ്, തൊഴിൽരംഗത്തെ കരിനിയമങ്ങൾ, കുത്തകകൾക്ക് നൽകുന്ന ഇളവുകൾ, കർഷക ദ്രോഹം, പൊതുമേഖല പൊളിച്ചടുക്കൽ, ജിഎസ്ടി, നോട്ട് നിരോധനം അങ്ങനെപോകുന്നു ആക്രമണങ്ങൾ. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അവരെ പിന്തുണച്ച വലിയൊരു വിഭാഗം ജനങ്ങൾ ഇക്കുറി അവർക്കെതിരെ തിരിഞ്ഞതിൽ അത്ഭുതത്തിന് അവകാശമില്ല.

ബിജെപി സംഘടനാ രംഗത്ത് നേരിടുന്ന വെല്ലുവിളികളും അവരുടെ പരാജയത്തിൽ പങ്കുവഹിച്ചിട്ടുണ്ട്, കേരളത്തിൽ അധികാരത്തിന്റെ പരിസരത്തെങ്ങും എത്താൻ കഴിയുന്നില്ലെങ്കിലും കേന്ദ്രഭരണം ഉപയോഗപ്പെടുത്തി അഴിമതി നടത്താനുള്ള മെയ്വഴക്കം തങ്ങൾക്കുണ്ടെന്ന് ഇതിനകംതന്നെ അവർ തെളിയിച്ചിട്ടുണ്ട്. പാർട്ടിയിൽ അതിശക്തമായി നിലനിൽക്കുന്ന വിഭാഗീയതയും അധികാരമോഹവും ധനമോഹവുമായി നേരിട്ട് ബന്ധപ്പെട്ടതുതന്നെ. സംസ്ഥാന പ്രസിഡന്റിന് പോലും കസേരയിൽ ഉറച്ചിരിക്കാൻ കഴിയുന്നില്ല. എംപി സ്ഥാനം നൽകി കേന്ദ്രത്തിൽ അയച്ചിട്ടും മുൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിനെ പ്രതികൂലമായി ബാധിക്കുന്ന അഭിപ്രായ പ്രകടനം നടത്തിയതും ബോധപൂർവ്വംതന്നെ. പരസ്പരം പാരവയ്ക്കുന്ന ഈ നേതാക്കന്മാർക്ക് കേരളം പോലൊരു സംസ്ഥാനത്ത് ഒരു തെരഞ്ഞെടുപ്പ് വിജയിപ്പിക്കാൻ കഴിയുമെന്ന് അവരുടെ കേന്ദ്ര നേതൃത്വംപോലും കരുതുന്നില്ല.

അധികാരം നഷ്ടപ്പെട്ട കോൺഗ്രസ് സംഘടനാപരമായി വളരെ ദുർബലാവസ്ഥയിലായിരുന്നു. അവരുടെ സ്ഥാനാർത്ഥി ബൂത്ത് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ കാര്യമായി നടന്നില്ല എന്ന് പരസ്യമായി പറഞ്ഞു.സംസ്ഥാന സർക്കാരിന് എതിരെയുള്ള ജനവികാരം അനുകൂലമാകും എന്ന പ്രതീക്ഷയിലായിരുന്നു അവർ. കോൺഗ്രസിലെ ഗ്രൂപ്പ് പോരും പരാജയത്തിന് വഴിയൊരുക്കി. അവസാന നിമിഷം രംഗത്തെത്തിയ മാണി വിഭാഗത്തോട് കോൺഗ്രസിൽ ഒരു വിഭാഗത്തിനും തിരിച്ചുമുള്ള അതൃപ്തി സജീവമായി നിലനിന്നു. ഒരാളും ജയിക്കാൻ എതിർകൂട്ടർ അനുവദിക്കില്ല എന്ന നിലയിലാണ് കാര്യങ്ങൾ. അപ്പോൾ പിന്നെ എത്ര അനുകൂല സാഹചര്യമുണ്ടായിട്ടും ഫലമില്ലല്ലോ.

ഈ തെരഞ്ഞെടുപ്പ് ഫലം പക്ഷേ, ജനങ്ങളെ ചില കർത്തവ്യങ്ങൾ ഗൗരവത്തോടെ ഓർമ്മിപ്പിക്കുന്നുണ്ട്. ഏതൊരു സ്ഥാനാർത്ഥിയെയും അയാൾ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയത്തിന്റെയും അവരുടെ നയങ്ങളുടെയും അടിസ്ഥാനത്തിൽ വിലയിരുത്തി വോട്ടു ചെയ്യണമെന്നത് അതിൽ പ്രധാനമാണ്. ജനതാല്പര്യത്തെ പ്രതിനിധീകരിക്കുന്ന സ്ഥാനാർത്ഥിയെ ജയ-പരാജയ സാദ്ധ്യതകൾ പരിഗണിക്കാതെ പിന്തുണയ്ക്കുവാൻ മുന്നോട്ട് വരണമെന്നതും പ്രധാനംതന്നെ. അല്ലാത്തപക്ഷം ജനവിരുദ്ധമായ മുന്നണികളെയോ പാർട്ടികളെയോ മാറിമാറി തെരഞ്ഞെടുക്കാൻ വിധിക്കപ്പെട്ടവരാക്കി ജനങ്ങളെ തളച്ചിടുന്ന മുതലാളിവർഗ്ഗ ഗൂഢാലോചനയ്ക്ക് നാം ഇരയായിക്കൊണ്ടേയിരിക്കും ●

# മാർക്സിസം – ലെനിനിസം – ശിബ്ദാസ്ഘോഷ് ചിന്തയാൽ സായുധരായി വിപ്ലവപാതയിൽ മുന്നേറുക

**2018 ഏപ്രിൽ 24ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ കൊൽക്കത്തയിൽ നടന്ന 70-ാം വാർഷികാചരണ യോഗത്തിൽ ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് നടത്തിയ പ്രസംഗം**

സഖാക്കളെ,

എല്ലാ സഖാക്കൾക്കും ഏപ്രിൽ 24ന്റെ ചരിത്ര പ്രാധാന്യം അറിയാം. മഹാനായ ഗുരുനാഥനും മാർക്സിസ്റ്റ് ചിന്തകനും മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ എന്നിവരുടെ അർഹനായ പിൻഗാമിയുമായ സഖാവ് ശിബ്ദാസ് ഘോഷ് എങ്ങിനെയാണ് നിരവധി പ്രതിബന്ധങ്ങൾക്കും പ്രതികൂലസാഹചര്യങ്ങൾക്കും എതിരായ കഠിനവും വിട്ടുവീഴ്ചയില്ലാത്തതുമായ ഒരു സമരത്തിലൂടെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാപിച്ചത് എന്നും നിങ്ങൾക്കറിയാം. മർദ്ദിത ജനകോടികളുടെ കണ്ണീരും വേദനകളും തന്റെ ഹൃദയത്തിൽ പേറിക്കൊണ്ട്, ഇന്ത്യയിൽ മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവം വിജയത്തിലെത്തിക്കുക എന്ന സ്വപ്നം മുന്നിൽ വച്ചുകൊണ്ട്, അതിലൂടെ സാർവ്വദേശീയ വിപ്ലവ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനുദ്ദേശിച്ചുകൊണ്ട് അദ്ദേഹം നമ്മുടെ പാർട്ടി എസ്‌യുസിഐ(സി) സ്ഥാപിച്ചു.

**ജീർണ്ണവും മരണാസന്നവുമായ മുതലാളിത്തം ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും കൊടിയ നാശം വിതയ്ക്കുന്നു**

നാമിന്ന് അഭിമുഖീകരിക്കുന്ന സാഹചര്യമെന്താണ്? നമ്മുടെ രാജ്യത്തുൾപ്പെടെ ലോകമെമ്പാടുമുള്ള ജനങ്ങൾ, എന്നല്ല മാനവ നാഗരികത ഒന്നാകെ, ഗുരുതരമായ ഒരു പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു. മരണാസന്ന മുതലാളിത്തത്തിന്റെ കാലഘട്ടത്തിൽ ഇത്തരമൊരു സർവ്വതോമുഖമായ പ്രതിസന്ധിയുണ്ടാവുന്നതിനെക്കുറിച്ച് മഹാന്മാരായ മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ തുടങ്ങിയ ആചാര്യന്മാർ മുൻകൂട്ടി കണ്ടിരുന്നു. സഖാവ് ശിബ്ദാസ്ഘോഷ് ഇവയിൽ ചിലത് നേരിട്ട് കണ്ടു.

ഒരു സാമൂഹ്യ വ്യവസ്ഥ കൗമാരം, യൗവനം, പ്രായപൂർത്തി, അവശത തുടങ്ങിയ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നുണ്ട്. ചിതയിലേക്കെടുക്കാറായ, ദുർഗന്ധം വമിക്കുന്ന ഒരു ശവശരീരം പോലെയാണിന്ന് മുതലാളിത്ത-സാമ്രാജ്യത്വം. പക്ഷേ ഒരു സാമൂഹ്യവ്യവസ്ഥ ജന്തുക്കളെപോലെ അതിന്റെ സ്വാഭാവിക ഗതിയിൽ താനെ മരിക്കുന്നില്ല. മനുഷ്യസമൂഹത്തിൽ മാറ്റത്തിന്റെ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിൽ ബോധത്തിന് നിർണ്ണായകമായ പങ്കുണ്ട്. ഒരു വർഗ്ഗവിഭജിത സമൂഹത്തിൽ ഭരണവർഗ്ഗത്തിന്റെ പിന്തിരിപ്പൻ ചിന്തകളും വിമോചനം തേടുന്ന ചൂഷിതവർഗ്ഗത്തിന്റെ പുരോഗമന ചിന്തകളും തമ്മിൽ സംഘർഷങ്ങൾ ഉണ്ടാവും. വിമോചനത്തിനായി ദാഹിക്കുന്ന ചൂഷിത വർഗ്ഗം വിപ്ലവ പ്രത്യയശാസ്ത്രവും വിപ്ലവ സംസ്കാരവും കണ്ടെത്തി, സ്വീകരിച്ച്, വിപ്ലവ സംഘടന രൂപീകരിക്കാത്തിടത്തോളം കാലം പഴകിയ സമൂഹം, അതിലെ ജീർണ്ണതയും അപചയവും എത്രയേറെയാണെങ്കിലും, അതുകൊണ്ടുമാത്രം മരിക്കുന്നില്ല. ഇത് ചരിത്രനിയമമാണ്. സാമ്പത്തിക രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ കൂടുതൽ നശീകരണവും അധഃപതനവുമല്ലാതെ മറ്റൊന്നും മുതലാളിത്തത്തിന് ലോകരംഗത്തോ നമ്മുടെ രാജ്യത്തോ നൽകാനില്ല.

ഇത്തരമൊരു കടുത്ത സാഹചര്യത്തെയാണ് നാമിന്ന് അഭിമുഖീകരിക്കുന്നത്. ഒരു വശത്ത് വിരലിലെണ്ണാവുന്ന വ്യക്തികളുടെ കൈകളിൽ സമ്പത്തിന്റെ തീവ്രമായ കേന്ദ്രീകരണം, മറുവശത്ത് രൂക്ഷമാകുന്ന ദാരിദ്ര്യവും പട്ടിണിയും മരണവും. ഒരു വശത്ത് പരമാവധി ലാഭം, മറുവശത്ത് പരമാവധി തൊഴിലില്ലായ്മയും പിരിച്ചുവിടലും. ഈ കടുത്ത പ്രതിസന്ധി എല്ലാ മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങളെയും -തലവനായ യു.എസ്.എ മുതൽ ഇന്ത്യ, മറ്റ് ഏഷ്യൻ രാജ്യങ്ങൾ, ആഫ്രിക്ക, യൂറോപ്പ്, ലാറ്റിൻ അമേരിക്കയിലടക്കമുള്ള എല്ലാ രാജ്യങ്ങളെയും- ഗ്രസിച്ചിരിക്കുന്നു. കടുത്ത കമ്പോള പ്രതിസന്ധിയുടെ ഭാരത്താൽ മുതലാളിത്ത-സാമ്രാജ്യത്വ സമ്പദ്‌വ്യവസ്ഥ കഴുത്തറ്റം മുങ്ങിയിരിക്കുന്നു. കുറച്ചുവർഷം മുൻപ് സാമ്രാജ്യത്വ-മുതലാളിത്ത ലോകത്തിന്റെ തലവനായ യുഎസ്എ, ലോക കമ്പോളം പിടിച്ചെടുക്കുക എന്ന ഉദ്ദേശത്തോടെ വ്യാപാരത്തിന്റെ ആഗോളവൽക്കരണത്തിന്റെ മുഖ്യ ഉപജ്ഞാതാവായി രംഗത്ത് വന്നു. ഇന്ന് ഇതേ പദ്ധതിമൂലം തങ്ങളുടെ ആഭ്യന്തര കമ്പോളത്തിന്റെ വലിയ പങ്ക് മറ്റ് രാജ്യങ്ങളിലെ മുതലാളിത്ത-സാമ്രാജ്യത്വ ശക്തികൾ കയ്യടക്കിയതായി അവർ കാണുന്നു. ഇത് അമേരിക്കൻ വ്യവസായങ്ങളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. തൊഴിലില്ലായ്മയും പിരിച്ചുവിടലും വർദ്ധിക്കുകയാണ്.

അതുകൊണ്ടിപ്പോൾ അമേരിക്കൻ ഭരണാധികാരികൾ അവർതന്നെ ശക്തമായി വാദിച്ചിരുന്ന ആഗോളവൽക്കരണത്തിനെതിരെ പരാതികൾ ഉയർത്തുന്നു. അവരിപ്പോൾ വിദേശ ചരക്കുകളുടെ പ്രവേശനം തടയാൻ ചുങ്കങ്ങൾ ഉയർത്തി സംരക്ഷണഭിത്തി തീർക്കുകയാണ്, സ്വന്തം ആഭ്യന്തര കമ്പോളത്തെ സംരക്ഷിക്കാൻ. ആഗോളവൽക്കരണത്തിന് നേർവിപരീതമായി അവരിപ്പോൾ സംരക്ഷണവാദത്തിലേക്ക് മാറുകയാണ്. ഇതിന് പകരംവീട്ടിക്കൊണ്ട് മറ്റ് സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളും അതുതന്നെ ചെയ്യുന്നു. അങ്ങനെ ലോകത്ത് ഒരു വ്യാപാരയുദ്ധം ആരംഭിച്ചിരിക്കുന്നു. അടുത്ത ഘട്ടത്തിൽ സായുധ സംഘർഷമോ യുദ്ധമോ തന്നെ ഉണ്ടാവുമോ എന്ന് സംശയിക്കാം. സാമ്രാജ്യത്വ- മുതലാളിത്തം എന്നാലർത്ഥം കമ്പോളത്തിന്റെ കൊള്ളയും അതിൻമേലുള്ള വഴക്കും സംഘർഷവുമെന്നാണ്. ഒന്നാം ലോകയുദ്ധത്തിന് മുമ്പ് തന്നെ മുതലാളിത്തം അതിന്റെ മരണാസന്നഘട്ടത്തിലേക്ക് പ്രവേശിച്ചു എന്ന് ലെനിൻ ചൂണ്ടിക്കാട്ടി. ഇന്ന് ഇതേ മുതലാളിത്തം ദുർഗന്ധം വമിക്കുന്ന ഒരു ശവശരീരമാണ്. ജനങ്ങളുടെ സാമ്പത്തിക- രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സദാചാര ജീവിതത്തിലുള്ള നല്ലതെല്ലാം അത് തകർത്തുകൊണ്ടിരിക്കുന്നു.

**മാനവികമൂല്യങ്ങളും മനുഷ്യസത്തയും ധാർമ്മികതയും സദാചാരവും ഭരണമുതലാളിവർഗ്ഗം നശിപ്പിക്കുന്നു**

ജീർണോന്മുഖമായ മുതലാളിത്തത്തിന്റെ കാലഘട്ടമായ 20-ാം നൂറ്റാണ്ടിൽപോലും റൊമെയിൻ റോളണ്ട്, ബെർണാഡ് ഷാ, ഐൻസ്റ്റീൻ തുടങ്ങിയ ചിന്തകർ മാനവവാദത്തിന്റെ കൊടിക്കൂറ ഉയർത്തിപ്പിടിച്ചു. പിന്നീട് ബെർട്രന്റ് റസ്സൽ, സാർത്രെ തുടങ്ങിയവർ ആ ധാരയുടെ തുടർച്ചയായി ഉയർന്നുവന്നു. മറുവശത്ത് മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ സെതുങ്, സഖാവ് ശിബ്ദാസ് ഘോഷ് എന്നിവർ കമ്മ്യൂണിസത്തിന്റെ കൊടി ഉയർത്തിപ്പിടിച്ചു. നമ്മുടെ രാജ്യത്ത് റാംമോഹൻ റായ്, വിദ്യാസാഗർ, ജ്യോതിബ ഫൂലെ തുടങ്ങിയ നായകരിലൂടെ മാനവവാദം ആരംഭിച്ചു. അവർക്ക് പിറകേ രവീന്ദ്രനാഥടാഗോർ, ശരത്ചന്ദ്രചാറ്റർജി, നസ്രുൾ, പ്രേംചന്ദ്, സുബ്രഹ്മണ്യഭാരതി തുടങ്ങിയവർ വന്നു. രാഷ്ട്രീയ മണ്ഡലത്തിൽ നേതാജി, ഭഗത്സിംഗ്, ചന്ദ്രശേഖർ ആസാദ് തുടങ്ങിയ വിപ്ലവകാരികൾ ഉണ്ടായിരുന്നു. ഇന്ന് ഇന്ത്യയിൽ മാത്രമല്ല, ലോകമെമ്പാടും സാമൂഹ്യജീവിതത്തിൽ മാനവവാദ മൂല്യങ്ങളോട് സദൃശമായ യാതൊന്നുമവശേഷിക്കുന്നില്ല. ബൂർഷ്വാ ഭരണകർത്താക്കൾ മിക്കവരും ആത്മവഞ്ചകരും തട്ടിപ്പുകാരും നുണയന്മാരുമായി മാറിയിരിക്കുന്നു. അവരിൽ ചിലർ തനി വഷളന്മാരുമാണ്. ഒരോ ദിവസവും അമേരിക്കൻ പ്രസിഡന്റ് ഉൾപ്പെട്ടിട്ടുള്ള പുതിയ ലൈംഗിക അപവാദങ്ങൾ പുറത്തുവരുന്നു.

നമ്മുടെ രാജ്യത്തെ ഭരണ കർത്താക്കളും തനി നുണയന്മാരും കള്ളനാണയങ്ങളുമാണ്. പ്രത്യക്ഷമായി അസത്യം പറഞ്ഞുകൊണ്ട് അവർ ജനങ്ങളെ വഞ്ചിക്കുകയാണ്. ജനാധിപത്യം പേരിന് മാത്രമാണ്. മനുഷ്യസത്തയ്ക്കുമേൽ ആക്രമണം നടത്തുകയാണ്. മനുഷ്യനെ മൃഗത്തിൽ നിന്ന് വേർതിരിക്കുന്നത് ചിന്താശേഷിയാണ്. മനുഷ്യന്റെ ഈ ചിന്താശേഷിയുടെ സംഭാവനയാണ് നാഗരികത. നാഗരികയുടെ പരമോന്നതസൃഷ്ടിയാണ്, മാനവികമൂല്യങ്ങളുടെയും ധാർമ്മികതയുടെയും സദാചാരബോധത്തിന്റെയും കർത്തവ്യബോധത്തിന്റെയും വളർച്ച. മനുഷ്യനാഗരികതയുടെ ഉദയം മുതൽ ഒരോ സമൂഹത്തിലും ഈ മാനവിക മൂല്യങ്ങളും മനുഷ്യസത്തയും ഏറ്റവും വിലപ്പെട്ടതായിരുന്നു. ഇന്ന് മുതലാളിത്ത-സാമ്രാജ്യത്വം എല്ലാ മാനവിക മൂല്യങ്ങളെയും നശിപ്പിക്കുന്നു. സാമൂഹ്യജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും എല്ലാ മണ്ഡലങ്ങളിലും സദാചാര സങ്കൽപവും മൂല്യ ബോധവും തീർത്തും ഇല്ലാതായിരിക്കുന്നു. നവോത്ഥാന പ്രസ്ഥാനത്തിന്റെ അഗ്രഗാമികളും സ്വാതന്ത്ര്യസമര നേതാക്കളും ഈ സമ്പൂർണ്ണ അധഃപതനത്തിന്റെ പ്രതിസന്ധി കണ്ടില്ല. സ്നേഹം, പ്രേമം, മൃദുലവികാരങ്ങൾ, കർത്തവ്യബോധം, സാഹോദര്യം എല്ലാത്തിനെയും ഭരണകർത്താക്കൾ ഉന്മൂലനം ചെയ്യുകയാണ്. ഒരോ ദിവസവും നിരവധി ബലാൽസംഗകേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. 70 വയസ്സുള്ള അമ്മൂമ്മ മുതൽ 7മാസം പ്രായമായ കുഞ്ഞുവരെ ഒരാളെയും ഒഴിവാക്കുന്നില്ല. അച്ഛൻ മാനഭംഗപ്പെടുത്തിയെന്ന് മകൾ പരാതിപ്പെടുന്നു. കഴിഞ്ഞ കാലത്തെ മഹാത്മാക്കൾ ഇത്തരം മൃഗീയതയ്ക്ക് സാക്ഷ്യം വഹിച്ചിട്ടില്ല. ഇന്ന് നമ്മളീ കാടത്തം ദിവസേന കാണുന്നു. ജീർണ്ണമായ, മരണാസന്നമായ മുതലാളിത്തത്തിന്റെ ദുരന്തഫലങ്ങളാണിവയെല്ലാം. വ്യക്തികളിൽ നിന്ന് മനുഷ്യസത്ത പിച്ചിചീന്തുകയാണിന്ന് മുതലാളിത്തം. കാഴ്ചയിൽ മനുഷ്യരെങ്കിലും മാനവിക സത്തയില്ലാത്ത ഒരു പുതിയ സ്പീഷീസിന് ജന്മം നൽകുകയാണത്. മദ്ധ്യകാലത്തോ, പ്രാകൃതകാലത്തോ ജന്തുക്കളുടെ ലോകത്ത് പോലുമോ ഇത്തരമൊരു സ്പീഷീസിനെ കാണാനാവില്ല. മുതലാളിത്തം യുക്തിചിന്തയെ മാത്രമല്ല ചിന്താശേഷിയെത്തന്നെ ഹനിക്കുന്നു. കടമ, കടപ്പാട് ഉത്തരവാദിത്വം, ധാർമ്മികനീതി എന്നിവയെക്കുറിച്ചുള്ള എല്ലാ ബോധവും തുടച്ചുമാറ്റുകയാണ്. മനുഷ്യ സത്ത നീക്കം ചെയ്യപ്പെട്ട്, മനസ്സും ഹൃദയവുമില്ലാത്ത ജീവികളായി മനുഷ്യരെ മാറ്റുകയാണ്. അങ്ങിനെ തെറ്റിനും അനീതിക്കുമെതിരെ പ്രതിഷേധിക്കാനുള്ള മനസ്സുതന്നെ ഇല്ലാതാക്കപ്പെടുകയാണ്. ചൂഷണാധിഷ്ഠിതമായ മുതലാളിത്ത സമൂഹത്തെ നിലനിർത്താൻ ഭരണമുതലാളിവർഗ്ഗവും അതിന്റെ ദാസന്മാരും യുവാക്കളെ എല്ലാ നിലയിലും വഴിതെറ്റിക്കുകയാണ്. ലൈംഗിക വൈകൃതങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും ഇരുട്ടറയിൽ അവരെ തള്ളിയിടുകയാണ്. ഇതാണ് നമ്മൾ ഇന്നഭിമുഖീകരിക്കുന്ന യാഥാർത്ഥ്യം.

**ശരിയായ നേതൃത്വത്തിന്റെ അഭാവത്തിൽ ജനങ്ങളുടെ സമരങ്ങൾ ലക്ഷ്യം കാണാതെ പരാജയപ്പെടുന്നു**

നാമെല്ലാവരും ശിബ്ദാസ്ഘോഷിന്റെ ശിഷ്യരാണ്. അദ്ദേഹത്തിന്റെ ചിന്തകൾ പ്രചരിപ്പിക്കാൻ നമ്മൾ ദൃഢനിശ്ചയം ചെയ്തിട്ടുണ്ട്. നമ്മൾ സ്വമേധയാ പാർട്ടിയിൽ ചേർന്നതാണ്. മാർക്സിസം-ലെനിനിസത്തെ ഈ രാജ്യത്തെ മൂർത്ത സാഹചര്യത്തിൽ പ്രയോഗിച്ചുകൊണ്ട് അതിനെ വികസിപ്പിച്ചു എന്നു മാത്രമല്ല, സഖാവ് ശിബ്ദാസ്ഘോഷ്, ലെനിനനന്തര കാലത്ത് തത്വചിന്തയുടെയും ശാസ്ത്രത്തിന്റെയും മേഖലയിൽ ഉയർന്നു വന്ന ചോദ്യങ്ങൾക്ക് ഉത്തരവും നൽകി. ഇന്നത്തെ സാഹചര്യത്തിൽ ഒരു തൊഴിലാളിവർഗ്ഗ വിപ്ലവപാർട്ടി കെട്ടിപ്പടുക്കുന്നതെങ്ങിനെ? തൊഴിലാളിവർഗ്ഗ ജനാധിപത്യം എന്താണ്? തൊഴിലാളിവർഗ്ഗ സംസ്കാരം എന്താണ്? കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുള്ളിൽ ഉയർന്നു വരുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്? സോഷ്യലിസത്തിനുള്ളിൽ തിരുത്തൽ വാദം വളരുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്? അതെങ്ങിനെയാണ് മുതലാളിത്തം ഉയർന്നുവരാനും തിരിച്ചുവരവ് നടത്താനും സഹായിക്കുന്നത്? ഈ ചോദ്യങ്ങൾക്കെല്ലാം മാർക്സിസം-ലെനിനിസം എന്ന ശാസ്ത്രം നൽകുന്ന വിശകലനരീതിയെ അടിസ്ഥാനപ്പെടുത്തി അദ്ദേഹം ഉത്തരം പറഞ്ഞു. ഈ പ്രക്രിയയിൽ അദ്ദേഹം മാർക്സിസം ലെനിനിസത്തിന്റെ വിജ്ഞാനഭണ്ഡാഗാരത്തെ കൂടുതൽ സമ്പന്നമാക്കി.

ചൂഷിത ജനത വിവിധരാജ്യങ്ങളിൽ സമരങ്ങളും പ്രക്ഷോഭണങ്ങളും ഉയർത്തുകയാണിന്ന്. ആവർത്തിച്ച് സമരങ്ങളുടെ വേലിയേറ്റങ്ങൾ ഉണ്ടാവുന്നുണ്ടെങ്കിലും പിന്നീടവ ദുർബലമാവുന്നു. ബഹുജനസമരങ്ങൾ അവയുടെ ഊർജ്ജം നഷ്ടപ്പെട്ട് വളരെ വേഗം കെട്ടടങ്ങുന്നു. കാരണം ഈ സമരങ്ങളെ അവയുടെ യുക്ത്യധിഷ്ഠിത പരിണതിയിലേക്ക് നയിക്കാൻ ശരിയായ നേതൃത്വമില്ല. കഷ്ടപ്പാടനുഭവിക്കുന്ന, സമരം ചെയ്യുന്ന ജനലക്ഷങ്ങൾക്ക് സമരങ്ങൾ നടത്തേണ്ട ശരിയായ പാതയെക്കുറിച്ചറിയില്ല. മാത്രമല്ല ലോക സോഷ്യലിസ്റ്റ് ചേരിയോ ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമോ ഇന്ന് നിലവിലില്ല. വിവിധ രാജ്യങ്ങളിൽ ശരിയായ കമ്മ്യൂണിസ്റ്റ് നേതൃത്വമില്ല. ചില രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളർത്തിയെടുക്കാനുള്ള ഒറ്റപ്പെട്ട ചില പരിശ്രമങ്ങൾ മാത്രമാണുള്ളത്. പക്ഷേ നമുക്കറിയാം മാർക്സിസം-ലെനിനിസത്തെക്കുറിച്ചുള്ള ഉയർന്ന ധാരണയായ സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളാൽ നയിക്കപ്പെടാതെ, യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി വളർത്തിയെടുക്കാനാവില്ലെന്ന്. അതുകൊണ്ട് വിവിധ രാജ്യങ്ങളിൽ സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകൾ പ്രചരിപ്പിക്കാനും ഇന്ന് നമുക്ക് ഉത്തരവാദിത്വമുണ്ട്. അതിന് പാർട്ടിയുടെ ശക്തി ഏറെ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇന്നത്തെ ശക്തികൊണ്ട് നമുക്ക് ആ കടമ നിർവ്വഹിക്കാൻ കഴിയില്ല. നാമത് നേടിയെടുക്കുന്നതുവരെ ഒറ്റപ്പെട്ട സമരങ്ങൾ ആവർത്തിക്കും. വാൾസ്ട്രീറ്റ് പിടിച്ചടക്കൽ, അറബ് വസന്തം മാതൃകയിലുള്ള സമരങ്ങൾ വരും പോകും, പണിമുടക്കുകളുടെ പരമ്പര യൂറോപ്പിൽ വീശിയടിക്കും. പക്ഷേ മുതലാളിത്ത-സാമ്രാജ്യത്വം നിലനിൽക്കും പ്രതിസന്ധികൾ പെരുകും.

**സിപിഐ, സിപിഐ(എം) സമര പാത വെടിഞ്ഞത് വർഗ്ഗീയ ബിജെപിയുടെ വളർച്ചയ്ക്ക് പാതയൊരുക്കി**

നമ്മുടെ രാജ്യത്തും ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ സഞ്ചിതമായ രോഷത്തിൽനിന്ന് ഉടലെടുക്കുന്ന സമരങ്ങളും പ്രക്ഷോഭണങ്ങളും ഉയർന്നു വരുന്നുണ്ട്. നമ്മുടെ പാർട്ടി വളരുന്നു എന്നുള്ളത് ശരിയാണ്. പക്ഷേ ഒറ്റപ്പെട്ട ഈ സമരങ്ങളെ കരുത്തുറ്റതും സംഘടിതവും നീണ്ടുനിൽക്കുന്നതുമായ ബഹുജനപ്രക്ഷോഭണമായി മാറ്റിതീർക്കാൻ ആവശ്യമായ സംഘടനാബലം ഇപ്പോഴും നമുക്കില്ല. ഇപ്പോഴത്തെ ബിജെപി ഭരണം നഗ്നമായ ഒരു ഫാസിസ്റ്റ് രൂപം കൈക്കൊണ്ടിരിക്കുന്നു എന്നത് ശരിയാണ്. അതേസമയം ബിജെപിയല്ല രാജ്യത്ത് ആദ്യമായി ഫാസിസം കൊണ്ടുവന്നത്. ഇക്കാര്യത്തിൽ കോൺഗ്രസ് ആണ് ബിജെപിയുടെ മുൻഗാമി. സഖാവ് ശിബ്ദാസ്ഘോഷ് ഇക്കാര്യം ഏറെ

(ശേഷം 4-ാം പേജിൽ)

# സമര പാത വെടിഞ്ഞ സിപിഐ, സിപിഐ(എം) വർഗ്ഗീയ ബിജെപിയുടെ വളർച്ചയ്ക്ക് പാതയൊരുക്കുന്നു

*(3-ാം പേജിൽ നിന്ന്)*

ക്കാലം മുൻപുതന്നെ ചൂണ്ടിക്കാട്ടി. ഇന്ന് വികസിതവും അവികസിതവുമായ എല്ലാ മുതലാളിത്ത രാജ്യങ്ങളിലും ഭരണത്തിന്റെ പൊതു സവിശേഷതയായി ഫാസിസം മാറിയിരിക്കുന്നു. എന്താണ് ഫാസിസം, എന്തൊക്കെയാണതിന്റെ സാമ്പത്തിക സവിശേഷതകൾ, രാഷ്ട്രീയസവിശേഷതകൾ, സാമൂഹ്യ-സാംസ്കാരിക വശങ്ങൾ, ഇതെല്ലാം സഖാവ് ശിബ്ദാസ്ഘോഷ് ലോകത്തെ പണിയെടുക്കുന്ന ജനതയോട് വിശദീകരിച്ചിട്ടുണ്ട്. ആർഎസ്എസ്-ബിജെപിയുടെ ഭീഷണമായ ഇന്നത്തെ വളർച്ചയ്ക്കുള്ള സാഹചര്യം സ്വാതന്ത്ര്യസമരകാലത്ത് തന്നെ ഒരുക്കിവച്ചത് കോൺഗ്രസ്സാണ്. മുതലാളിവർഗ്ഗത്തിന്റെ വർഗ്ഗതാൽപ്പര്യം സംരക്ഷിച്ചുകൊണ്ട്, സുഭാഷ് ചന്ദ്രബോസ്, ഭഗത് സിംഗ്, ഖുദിറാം തുടങ്ങിയവരുടെ വിപ്ലവപ്രത്യയശാസ്ത്രത്തെ കോൺഗ്രസ്സ് എതിർത്തു. എന്നുമാത്രമല്ല വിദ്യാസാഗർ, ശരത്ചന്ദ്ര, ഭഗത് സിംഗ് എന്നിവർ മുന്നോട്ടുവച്ച, ആത്മീയ വാദത്തിനും നിഗൂഢവാദത്തിനുമെതിരെയുള്ള സമരത്തിന്റെ പരിപാടിയെയും അവർ എതിർത്തു. സ്വാതന്ത്ര്യസമരകാലം മുതൽ മതവും ആത്മീയവാദവുമായി സന്ധിചെയ്തുവരികയാണ് കോൺഗ്രസ്സ്. ഈ സന്ധിയുടെ വിഷഫലമാണ് രാജ്യത്തിന്റെ വിഭജനത്തെത്തുടർന്നുണ്ടായ വൃത്തികെട്ട വർഗ്ഗീയകലാപങ്ങൾ. കോൺഗ്രസ്സിന്റെ ഈ സന്ധിമനോഭാവമാണ് ആത്മീയവാദ ചിന്തകളും മതവിദ്വേഷവും ജാതിവിവേചനവും ഈ നാട്ടിൽ വളരാനുള്ള വളമായി മാറിയത്. മറുവശത്ത് കമ്മ്യൂണിസ്റ്റെന്ന് അറിയപ്പെട്ട പാർട്ടി, അവിഭക്ത സിപിഐ, ഒരു മാർക്സിസ്റ്റ് പാർട്ടിയായി വികസിച്ചില്ല, ഒരിക്കലും ആത്മീയവാദത്തിനും മതാന്ധതക്കും വർഗ്ഗീയവാദത്തിനും എതിരെ പോരാടിയില്ല. സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഖ്യാതി സ്വന്തമാക്കിക്കൊണ്ടും സുഭാഷ് ചന്ദ്രബോസ്, ഭഗത് സിംഗ്, സൂര്യസെൻ തുടങ്ങിയവരുടെ സമരങ്ങളുടെ വിശ്വാസ്യത തട്ടിയെടുത്തുകൊണ്ടുമാണ് അത് വളർന്നത്. മാർക്സിസമോ, ഉന്നതമായ തൊഴിലാളിവർഗ്ഗ സംസ്കാരമോ അവർ പഠിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്തില്ല. ആത്മീയവാദത്തിനും വർഗ്ഗീയവാദത്തിനുമെതിരായ സമരത്തിന്റെ പാരമ്പര്യം അവർക്കില്ല. അതല്ലായിരുന്നുവെങ്കിൽ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ കോട്ടയായിരുന്ന പശ്ചിമബംഗാളിൽ ബിജെപിക്ക് കയറാൻ കഴിയുമായിരുന്നില്ല. ഒരിക്കൽ സിപിഐ(എം) നേതാക്കളും പ്രവർത്തകരുമായിരുന്നവർക്ക്, അവരിൽ കണികയെങ്കിലും ഇടതുപക്ഷീയത ഉണ്ടായിരുന്നെങ്കിൽ എങ്ങിനെയാണ് ഇപ്പോൾ ബിജെപിയിൽ ചേരാൻ കഴിയുക? യഥാർത്ഥത്തിൽ സിപിഐ, സിപിഐ(എം) പാർട്ടികൾക്ക് ഇടതുപക്ഷീയത എന്നാൽ ഒരു മുദ്രാവാക്യം മാത്രമായിരുന്നു, പഠിക്കുകയും പ്രയോഗിക്കുകയും ചെയ്യേണ്ട ഒരു പ്രത്യയശാസ്ത്രമോ സംസ്കാരമോ ആയിരുന്നില്ല. അതല്ലെങ്കിൽ ബിജെപിക്ക് ഇന്നത്തെ നിലയിൽ എത്താനാവുമായിരുന്നില്ല. അത് മാത്രമല്ല. ഈ രാജ്യത്ത് ബിജെപി എപ്പോഴാണ് ശക്തിപ്പെടാൻ തുടങ്ങിയത്? 1967-69ൽ മൊറാർജി ദേശായിയുടെ സിൻഡിക്കേറ്റ് കോൺഗ്രസ്സിന് എതിരെ ഇന്ദിരാകോൺഗ്രസ്സിനെ സിപിഐ(എം) പുരോഗമനകാരിയായി മുദ്രകുത്തി. ഈ ചരിത്രം പ്രായമായവർ ഓർക്കുന്നുണ്ടാവും. പിന്നീട് കോൺഗ്രസ്സിന്റെ ദുർഭരണത്തിനെതിരെ ജയപ്രകാശ് നാരായണന്റെ ആഹ്വാനത്തിലും നേതൃത്വത്തിലും ഹിന്ദിമേഖലയിൽ എല്ലായിടത്തും വമ്പിച്ച ഒരു ബഹുജനപ്രക്ഷോഭം ഉയർന്നുവന്നപ്പോൾ, സഖാവ് ശിബ്ദാസ്ഘോഷിന്റെ നേതൃത്വത്തിൽ നമ്മുടെ പാർട്ടി, ഇടതുപാർട്ടികളോട് ആ പ്രക്ഷോഭണത്തിൽ ചേർന്ന് അതിന് നേതൃത്വം നൽകാനഭ്യർത്ഥിച്ചു. അപ്പോൾ സിപിഐ ഇന്ദിരാകോൺഗ്രസ്സുമായി സഖ്യത്തിലായിരുന്നു. സിപിഐ(എം) ഇന്ദിരാഗാന്ധിയുമായി സൗഹൃദം നിലനിർത്തുന്നുണ്ടായിരുന്നു. അതുകൊണ്ട് ഈ രണ്ട് പാർട്ടികളും പ്രക്ഷോഭണത്തിൽ ചേരാൻ വിസമ്മതിച്ചു. അതിന്റെ ഫലമായി ആ പ്രക്ഷോഭണത്തിന്റെ മുഴുവൻ ഖ്യാതിയും തട്ടിയെടുത്തുകൊണ്ട് ആർഎസ്എസ്-ജനസംഘം അവരുടെ ശക്തി വർദ്ധിപ്പിച്ചു. അതില്ലായിരുന്നെങ്കിൽ ആർഎസ്എസിനും ജനസംഘ(ഇപ്പോൾ ബിജെപി)ത്തിനും ഒരിക്കലും ഇന്ത്യൻ രാഷ്ട്രീയത്തിൽ നിർണ്ണായകസ്ഥാനം നേടാൻ ആവുമായിരുന്നില്ല. മറ്റൊരു കാര്യവും ശ്രദ്ധിക്കുക. 1977ൽ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുൻപായി ജനസംഘവും മറ്റ് വലതുപക്ഷശക്തികളും ചേർന്ന് ജനതാ പാർട്ടി രൂപീകരിച്ചു. തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കായി സിപിഐ (എം) ജനതാ പാർട്ടിയെ പിന്തുണച്ചു. മൊറാർജി ദേശായി പ്രധാനമന്ത്രി ആയപ്പോൾ ജ്യോതിബാസു പശ്ചിമബംഗാൾ മുഖ്യമന്ത്രിയായി സ്ഥാനമേറ്റു. അവർ സുഹൃത്തുക്കളായി. ജനസംഘത്തിന്റെ അന്നത്തെ മുൻനിര നേതാക്കളായ വാജ്പേയിയും അദ്വാനിയും മൊറാർജി ദേശായി സർക്കാരിൽ മന്ത്രിമാരായി. സിപിഐ(എം) ആ സർക്കാരിനെ തങ്ങളുടെ സുഹൃത്തെന്ന് വിളിച്ചു. ഇത് ചരിത്രമാണ്. വീണ്ടും 1989ൽ ഭരിക്കുന്ന കോൺഗ്രസ്സിൽ പിളർപ്പുണ്ടായശേഷം വി.പി.സിംഗ് സർക്കാർ രൂപീകരിച്ചപ്പോൾ ബിജെപിയും സിപിഐ(എം) ഉം അതിനെ പിന്തുണച്ചു. സിപിഐ(എം)ഉം ബിജെപിയും ചേർന്ന് കൽക്കട്ടയിൽ നടത്തിയ സംയുക്ത സമ്മേളനത്തിൽ ജ്യോതിബാസുവും അടൽ ബിഹാരി വാജ്പേയിയും പ്രസംഗിച്ചു. അതിനാൽ ബിജെപിക്ക് ശക്തി സമാഹരിക്കാനും അതിന്റെ സാമൂഹ്യ സ്വീകാര്യത വർദ്ധിപ്പിക്കാനും സിപിഎം നൽകിയ സംഭാവന ചെറുതല്ല. സിപിഎം നേതൃത്വം നൽകുന്ന മുന്നണിയുടെ 34വർഷം നീണ്ട ബംഗാൾ ഭരണം ഇടതുപക്ഷപാരമ്പര്യത്തിന് അളക്കാനാവാത്ത ഹാനി വരുത്തി, ജനങ്ങളെ ഇടതുരാഷ്ട്രീയത്തിന് എതിരാക്കി. സഖാവ് ശിബ്ദാസ്ഘോഷ് വളരെ നേരത്തെ മുന്നറിയിപ്പ് നൽകിയിരുന്നു, സിപിഎം ഇടതുപക്ഷീയതക്ക് വരുത്തുന്ന ഹാനി, ജനസംഘത്തിന് (ഇപ്പോൾ ബിജെപി) തലപൊക്കാനവസരമുണ്ടാക്കുമെന്ന്. കൃത്യമായും അതാണ് സംഭവിച്ചത്. ഇന്ന് ഭരിക്കുന്ന തൃണമൂൽ കോൺഗ്രസ്സ് അഴിച്ചുവിടുന്ന ഭീകരവാഴ്ച സിപിഎം ഭരണത്തിലിരുന്നപ്പോൾ ചെയ്തതിന്റെ നേർപകർപ്പാണ്. അതുകൊണ്ട് പൊതുജനം പറയുന്നു, അന്ന് സിപിഎം, ഇന്ന് തൃണമൂൽ അക്രമം പടർത്തി, അന്യായവും അനീതിയും നടപ്പിലാക്കുന്നതിൽ ആര്, ആരെക്കാൾ മികച്ചുനിൽക്കും എന്ന ഒരു താരതമ്യം ആണ് യഥാർത്ഥത്തിൽ നടക്കുന്നത്. ഇപ്പോൾ ബിജെപിയെ എതിർക്കുന്നതിന്റെ പേരിൽ സിപിഎം കോൺഗ്രസ്സുമായി കൂട്ടുചേരുകയാണ്. ഇത് വെറും അവസരവാദമാണ്. കോൺഗ്രസ് മതേതര കക്ഷിയാണോ? ഒരിക്കലുമത് മതേതരമായിരുന്നില്ല. മതേതരത്വത്തിന്റെ അർത്ഥം തന്നെ തത്വചിന്തയുടെ മേഖലയിൽ ആത്മീയവാദത്തിന് ഒരു സ്ഥാനവുമുണ്ടാവില്ല എന്നാണ്. ഭൗതിക ലോകത്തെ മാത്രം യഥാർത്ഥ്യമെന്ന് പരിഗണിക്കും. വിദ്യാസാഗറും ശരത്ചന്ദ്രനും ഭഗത്സിംഗും ശരിയായ മതേതരത്വത്തിന്റെ വക്താക്കളായിരുന്നു. മതേതരത്വത്തിൽ രാഷ്ട്രീയം, സമ്പദ്വ്യവസ്ഥ, സാമൂഹ്യ ബന്ധങ്ങൾ, സംസ്കാരം എന്നീ മേഖലകളിൽ മതത്തിന് യാതൊരു പങ്കും വഹിക്കാനുണ്ടാവില്ല. വ്യക്തിപരമായ ഒരു വിശ്വാസത്തിന്റെ നിലയിൽ മാത്രം മതം നിലനിൽക്കും. സുഭാഷ്ചന്ദ്രബോസും ഇതുതന്നെയാണ് പറഞ്ഞത്. കോൺഗ്രസ്സ് ഒരു കാലത്തും മതേതര രാഷ്ട്രീയം അനുവർത്തിച്ചിട്ടില്ല. നിരവധി സന്ദർഭങ്ങളിൽ കോൺഗ്രസ്സ് വർഗ്ഗീയ കലാപങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അവസാനം അവർ നടപ്പാക്കിയത് 1984ൽ ഡൽഹിയിൽ നടന്ന സിഖ് വിരുദ്ധ കലാപമാണ്. ഇന്ന് വോട്ടിന് വേണ്ടി കോൺഗ്രസ്സ് എന്താണ് ചെയ്യുന്നത്? ബിജെപിയുമായി മൽസരിച്ചുകൊണ്ട് ക്ഷേത്രങ്ങളിലും മോസ്കുകളിലും പള്ളികളിലും പ്രാർത്ഥിക്കുകയാണ്. കോൺഗ്രസ്സ് മൃദുഹിന്ദുത്വം വിപണനം ചെയ്യുകയാണ് എന്നു പറയാറുണ്ട്. ഇതേ കോൺഗ്രസ്സിനെയാണ് മതേതരം എന്ന് സിപിഐ(എം) പേരിട്ടുവിളിക്കുന്നത്. മതേതരത്വവുമായി ബന്ധമൊന്നുമില്ലാത്തവരും അധികാര കസേരയിൽ മാത്രം കണ്ണുനട്ടിരിക്കുന്നവരുമായ എസ്പി, ബിഎസ്പി, ആർജെഡി, ഡിഎംകെ തുടങ്ങിയ ചില പ്രാദേശികവാദ-ജാതിവാദ-സങ്കുചിതവാദ പാർട്ടികളെ മതേതര ജനാധിപത്യ ശക്തികൾ എന്നും പേരിട്ട് വിളിക്കുന്നു. പക്ഷേ ഒരു ബദൽ ഇടതുപക്ഷ ലൈൻ ഉയർത്തിക്കൊണ്ടുവരാൻ വലിയ ഒരു അവസരം ഇന്നുണ്ട്. ഇപ്പോൾ കുത്തക കുടുംബങ്ങൾക്കിടയിലും കോർപറേറ്റ് മേഖലയിലുമുള്ള ആന്തരിക സംഘർഷവും വിയോജിപ്പും തീവ്രമാണ്. ഒരു ഗ്രൂപ്പ് ബിജെപിയെ പിൻതുണയ്ക്കുമ്പോൾ മറ്റൊരു ഗ്രൂപ്പ് കോൺഗ്രസിനെ പിന്തുണയ്ക്കുന്നു. ദേശീയ മൂലധനവും പ്രാദേശിക മൂലധനവും തമ്മിലുള്ള വൈരുദ്ധ്യം രാഷ്ട്രീയ മണ്ഡലത്തിൽ സ്പഷ്ടമായികാണുന്നു. അതുകൊണ്ട് ഭരണവർഗ്ഗവും അതിന്റെ ദാസൻമാരായ പാർട്ടികളും ഗൗരവമുള്ള വൈരുദ്ധ്യങ്ങളിലും പരസ്പര സംഘർഷത്തിലും മുങ്ങിയിരിക്കുമ്പോൾ അവർക്കിടയിലെ ആന്തരികവൈരുദ്ധ്യങ്ങൾ ഉചിതമായി ഉപയോഗിച്ചുകൊണ്ട് വർഗ്ഗ-ബഹുജന സമരങ്ങൾ ശക്തിപ്പെടുത്തുക എന്നതായിരുന്നു ശരിയായ ഇടതുപക്ഷ ലൈൻ. പക്ഷേ സിപിഐ(എം) ആ പാത ഉപേക്ഷിച്ചിരിക്കുന്നു. പകരം തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിന്റെ ആവശ്യങ്ങൾ മാത്രം പരിഗണിച്ചുകൊണ്ട് ബിജെപിയെ എതിർക്കാനെന്ന പേരിൽ കോൺഗ്രസ്സുമായും മറ്റെല്ലാ പ്രാദേശിക-ജാതീയ-സങ്കുചിതവാദ പാർട്ടികളുമായും അവർ ഒന്നിക്കുകയാണ്. ഇത് ഇടതുപക്ഷീയത അല്ല, മറിച്ച് വെറും അവസരവാദ ബൂർഷ്വാ പാർലമെന്ററിസത്തിന്റെ പ്രയോഗമാണ്. ഇത്തരമൊരു സാഹചര്യത്തിൽ മാർക്സിസം-ലെനിനിസം-ശിബ്ദാസഘോഷ് ചിന്തകളുടെയും യഥാർത്ഥ ഇടതുപക്ഷീയതയുടെയും കൊടി നമ്മുടെ പാർട്ടി സധൈര്യം ഉയർത്തിപ്പിടിക്കുകയാണ്. ദേശീയ-സാർവ്വദേശീയ മണ്ഡലങ്ങളിൽ ഒരു പ്രധാന ഉത്തരവാദിത്വം നമ്മുടെ ചുമലിൽ വന്നിരിക്കുകയാണ്.

### വ്യക്തിവാദമെന്ന അപകടത്തിനെതിരെ പോരാട്ടം അനിവാര്യം

ഈ സന്ദർഭത്തിൽ നമ്മുടെ സഖാക്കളോട് ചില കാര്യങ്ങൾ കൂടി പറയാൻ ആഗ്രഹിക്കുന്നു. നമ്മുടെ സഖാക്കളെല്ലാവരും സഖാവ് ശിബ്ദാസഘോഷിനോട് വലിയ ആദരവ് പുലർത്തുന്നു. നമ്മുടെ സഖാക്കൾ അവരുടെ അവസാന ശ്വാസം വരെ അദ്ദേഹത്തിന്റെ പാഠങ്ങൾ ഓർത്തുകൊണ്ടിരിക്കുമെന്നും എനിക്കറിയാം. അവർ പാർട്ടിയുടെ താൽപര്യത്തിന് വേണ്ടി പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധരാണ്. പക്ഷേ ചിന്തിക്കേണ്ട ചില കാര്യങ്ങളുണ്ട്. നമ്മുടെ നേതാക്കളിലും പ്രവർത്തകരിലും നിരവധി പേർ ഇനിയും അവരുടെ സ്വകാര്യ സ്വത്ത് ഉപേക്ഷിച്ചിട്ടില്ല. വീണ്ടും, വളരെയേറെ നേതാക്കളും പ്രവർത്തകരും സ്വകാര്യസ്വത്ത് ഉപേക്ഷിക്കാൻ കഴിഞ്ഞവരാണെങ്കിലും സ്വകാര്യസ്വത്തുടമാ മനോഭാവത്തിൽ നിന്ന് മുക്തരാകാൻ അവർക്ക് കഴിഞ്ഞിട്ടില്ല. തീർച്ചയായും അതൊരു കഠിനമായ സമരമാണ്. തൊഴിലാളിവർഗ്ഗ സംസ്കാരം ആർജ്ജിക്കാൻ ഒരാൾ വ്യക്തിവാദത്തിൽ നിന്നും സ്വകാര്യസ്വത്തുടമാ ബോധത്തിൽ നിന്നും മോചനം നേടണമെന്ന കാര്യം മാർക്സിസ്റ്റ് പ്രസ്ഥാനത്തിൽ ആദ്യമായി ചൂണ്ടിക്കാട്ടിയത് സഖാവ് ശിബ്ദാസ് ഘോഷാണ്. വളരുന്ന മുതലാളിത്തത്തിന്റെ കാലത്ത് മതേതര മാനവവാദത്തോടൊപ്പം ഉയർന്നുവന്ന വ്യക്തിവാദം അന്നത്തെ സാഹചര്യത്തിൽ പുരോഗമനപരമായിരുന്നു എന്നദ്ദേഹം ചൂണ്ടിക്കാട്ടി. പക്ഷേ ഇന്ന്, മുതലാളിത്തത്തിന്റെ തീവ്രമാകുന്ന അപചയത്തിന്റെ കാലഘട്ടത്തിൽ, ഇതേ വ്യക്തിവാദം വഷളായ സ്വാർത്ഥതയ്ക്കും വ്യക്തികേന്ദ്രിതമായ ചിന്തയ്ക്കും ജന്മം നൽകിയിരിക്കുന്നു, ധാർമ്മിക-സദാചാര നിലവാരത്തിന്റെ വളരെ വേഗത്തിലുള്ള തകർച്ചക്ക് ഭീഷണമാം വിധം കാരണമാകുന്നു. വ്യക്തിവാദം നമ്മിലെല്ലാവരിലും പ്രവർത്തിക്കുകയും നമ്മെ ദുഷിപ്പിക്കുകയും ചെയ്യുന്ന ഒരു വഷളായ അന്തരീക്ഷത്തിലാണ് നമ്മൾ ജീവിക്കുന്നത്. രാഷ്ട്രീയത്തിൽ നമ്മൾ മുഖ്യമായും സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങൾ മനസ്സിലാക്കുകയും അത് പിന്തുടരുകയും ചെയ്യുന്നു. പക്ഷേ ബൂർഷ്വാ വ്യക്തിവാദം നമ്മുടെ ശീലങ്ങളെയും പെരുമാറ്റങ്ങളെയും സ്വാധീനിക്കുന്നു, നമ്മുടെ നിത്യജീവിതത്തെയും വ്യക്തിബന്ധങ്ങളെയും ഒരോ നിമിഷവും പ്രകടമല്ലാത്ത വിധത്തിൽ സ്വാധീനിക്കുന്നു എന്ന കാര്യത്തെക്കുറിച്ചുള്ള ബോധമോ ജാഗ്രതയോ നമ്മുടെ മിക്ക നേതാക്കൾക്കും പ്രവർത്തകർക്കുമില്ല.

### ഉയർന്ന കമ്മ്യൂണിസ്റ്റ് സ്വഭാവമാർജ്ജിക്കാൻ മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്ത ശരിയായി ഗ്രഹിക്കേണ്ടത് അനിവര്യം.

നാമെല്ലാവരും ചിന്തിക്കുന്നു, ആലോചിക്കുന്നു. നാമോരോരുത്തരും, ഇത് ശരിയാണ്, അത് തെറ്റാണ്, ഇത് ചെയ്യണം, അത് ചെയ്യരുത്, ഇത് നല്ലതല്ല, അതെനിക്കിഷ്ടമല്ല, ഇയാൾ ഇങ്ങനെയാണ്, അയാൾ അങ്ങിനെയാണ്, എന്നിങ്ങനെ ചിന്തിക്കുന്നു. പക്ഷേ ഈ ചിന്താപ്രക്രിയ മാർക്സിസം ലെനിനിസം ശിബ്ദാസ്ഘോഷ് ചിന്തകൾക്ക് അനുസൃതമാണോ? സഖാവ് ശിബ്ദാസ്ഘോഷിന്റെ ചിന്താപ്രക്രിയ ആർജ്ജിച്ചെടുക്കാൻ നമ്മിലെത്ര പേർ സമരം ചെയ്യുന്നുണ്ട്? കുട്ടിക്കാലത്ത് നമുക്ക് സമൂഹത്തിൽ നിന്ന് പകർന്നുകിട്ടിയ പരമ്പരാഗത ചിന്തകളെല്ലാം ബൂർഷ്വാവീക്ഷണത്തിൽ നിന്നും ചിന്താപ്രക്രിയയിൽ നിന്നും ഉടലെടുത്തവയാണ്. ഇവയെല്ലാം നമ്മുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. ഗുപ്തമായി നമ്മിൽ പ്രവർത്തിക്കുന്നു. ബൂർഷ്വാ ചിന്തകളുടെയും ശീലങ്ങളുടെയും പെരുമാറ്റങ്ങളുടെയും പിടിയിൽ നിന്ന് നമ്മെ സ്വയം മോചിപ്പിക്കാൻ അവിരാമമായ ഒരു സമരം ആവശ്യമാണ്. അതിന് മാർക്സിസം ലെനിനിസത്തിന്റെ തത്വചിന്ത അഥവാ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം നമ്മൾ ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഈ ചലനാത്മകമായ ലോകം ഓരോനിമിഷവും മാറിക്കൊണ്ടിരിക്കുന്നു. ഈ മാറ്റത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾ എന്തൊക്കെയാണ്? എന്തൊക്കെയാണ് ആന്തരിക വൈരുദ്ധ്യങ്ങൾ? എന്തൊക്കെയാണ് ബാഹ്യവൈരുദ്ധ്യങ്ങൾ? ആന്തരികവും ബാഹ്യവുമായ മണ്ഡലങ്ങളിലെ മുഖ്യവൈരുദ്ധ്യങ്ങൾ ഏതൊക്കെയാണ്? ഏതാണ് അളവിലുള്ള മാറ്റം? എതാണ് ഗുണപരമായ മാറ്റം? പുതിയൊരു പ്രതിഭാസത്തിന്റെ സൃഷ്ടിക്കായി നിഷേധത്തിന് വിധേയമാകുന്നത് ഏതാണ്? പ്രകൃതിയെ ഭരിക്കുന്ന ഈ നിയമങ്ങൾ തുല്യ നിലയിൽ സമൂഹത്തിലും, കുടുംബത്തിലും, വ്യക്തിക്കുള്ളിലും, ഒരു സഖാവിനുള്ളിലും, ഒരു നേതാവിനുള്ളിലും പ്രവർത്തിക്കുന്നു. അതുകൊണ്ട് ഏതൊരു പ്രതിഭാസത്തെയും വിശകലനം ചെയ്യുമ്പോൾ, പരിശോധിക്കുമ്പോൾ, ഏതൊരു വ്യക്തിയെയൊ സഖാവിനെയോ വിലയിരുത്തുമ്പോൾ ഈ മാർക്സിസ്റ്റ് സമീപനം സ്വീകരിക്കേണ്ടതുണ്ട്. നിർമ്മമമായി, വിദ്വേഷമോ പരാതിയോ ഇല്ലാതെ, വ്യക്തിനിഷ്ഠമായ പ്രതികരണമോ, ആത്മനിഷ്ഠമായ ധാരണകളോ മുൻധാരണകളോ കൂടാതെ വേണം വിശകലനവും വിലയിരുത്തലും നടത്തേണ്ടത്. നമ്മുടെ മിക്ക നേതാക്കൾക്കും പ്രവർത്തകർക്കും ഈ കഴിവ് ഇന്നുവരെ

*(ശേഷം 5-ാം പേജിൽ)*

# ശരിയായ നേതൃത്വത്തിന്റെ അഭാവത്തിൽ ജനകീയ സമരങ്ങൾ ലക്ഷ്യം കാണാതെ പരാജയപ്പെടുന്നു

(4-ാം പേജിൽ നിന്ന്)

ആർജ്ജിച്ചെടുക്കാൻ ആയിട്ടില്ല. ഈ കഴിവ് വളർത്തിയെടുക്കാൻ ഒരേ സമയം സൈദ്ധാന്തികവും പ്രായോഗികവുമായ സമരം നടത്തി, ഉയർന്ന സംസ്കാരം ആർജ്ജിച്ചുകൊണ്ട്, ഈ രണ്ട് സമരങ്ങളുടെയും പാഠങ്ങൾ വൈരുദ്ധ്യാത്മകമായി ഉദ്ഗ്രഥിക്കേണ്ടതുണ്ട്. അതല്ലെങ്കിൽ പാർട്ടിക്കുള്ളിൽ വൈരുദ്ധ്യാധിഷ്ഠിത ബന്ധം വികസിക്കില്ല. വൈരുദ്ധ്യാധിഷ്ഠിത ബന്ധത്തിന് പകരം, ചില ചർച്ചകൾ, ചില പ്രവർത്തനങ്ങൾ ചില അഭിപ്രായ കൈമാറ്റവും സംവാദവും ഒക്കെ നടന്നേക്കാം. പക്ഷേ പാർട്ടിക്കുള്ളിൽ വൈരുദ്ധ്യാധിഷ്ഠിത ബന്ധം വളരില്ല. അവിരാമമായ, സർവ്വതോമുഖമായ സമരം നടത്തിക്കൊണ്ട് ഉയർന്ന പ്രത്യയശാസ്ത്ര-സംസ്കാരിക നിലവാരം ആർജിക്കുവാനുള്ള ശരിയായ വൈരുദ്ധ്യാധിഷ്ഠിത പ്രക്രിയയിലൂടെ മാത്രമേ വൈരുദ്ധ്യാധിഷ്ഠിത ബന്ധം വികസിക്കൂ. ഈ വിധത്തിൽ വൈരുദ്ധ്യാധിഷ്ഠിത ബന്ധം വളരുന്നില്ലെങ്കിൽ ജനാധിപത്യ കേന്ദ്രീയത ശരിയായ വിധത്തിൽ പ്രവർത്തിക്കില്ല. അങ്ങിനെ വന്നാൽ, ഒന്നുകിൽ നേതൃത്വത്തോട് അന്ധമായ കൂറ്, അതല്ലെങ്കിൽ അന്ധമായ എതിർപ്പ് ഉണ്ടാവും. നേതൃത്വം ഉദ്യോഗസ്ഥ മേധാവിത്വ സ്വഭാവം കൈക്കൊള്ളും. പേരും പ്രശസ്തിയും നേടാനുള്ള പ്രവണത, താൻ പ്രമാണിത്ത മനോഭാവം, സ്വയം പ്രദർശന മനോഭാവം, അസൂയ, വിദ്വേഷം, പരാതി, തുടങ്ങിയ ദുർഗുണങ്ങൾ വിവിധ രൂപങ്ങളിൽ പ്രത്യക്ഷപ്പെടും. ഇത്തരം വിപ്ലവ വിരുദ്ധമായ പ്രവണതകൾക്കെതിരെ നിരന്തരമായ ഒരു സമരം നടത്തേണ്ടതുണ്ട്. സ്നേഹബന്ധം, കുടുംബജീവിതം, കുട്ടികൾ എന്നിവയോടൊക്കെയുള്ള നമ്മുടെ സമീപനത്തെ നയിക്കാനാവശ്യമായ തൊഴിലാളിവർഗ്ഗവീക്ഷണം ആർജ്ജിക്കാതെ നമ്മുക്കൊരാൾക്കും ഒരു നല്ല കമ്മ്യൂണിസ്റ്റിന്റെ നിലവാരത്തിലേയ്ക്ക് സ്വയമുയരാൻ കഴിയില്ല. ബൂർഷ്വാ മാനവവാദം ഒരിക്കൽ പുരോഗമനപരമായിരുന്നുവെന്ന് സഖാവ് ശിബ്ദാസ് ഘോഷ് നമ്മെ പഠിപ്പിച്ചു. അതിനെ ആധാരമാക്കിക്കൊണ്ട്, നവോത്ഥാനത്തിന്റെയും ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തിന്റെയും കാലത്ത് മഹദ് വ്യക്തിത്വങ്ങൾ ഉയർന്നുവന്നു. നമ്മുടെ നാട്ടിലെ നവോത്ഥാന വ്യക്തിത്വങ്ങളും സ്വാതന്ത്ര്യസമരനേതാക്കളും ആ ഉയർന്ന മാനവവാദ നിലവാരം പ്രദർശിപ്പിച്ചു. പക്ഷേ ഇന്ന് കമ്മ്യൂണിസ്റ്റുകൾ ആവാൻ ആഗ്രഹിക്കുന്ന നമ്മൾ, ആ ഉയർന്ന മാനവവാദ നിലവാരത്തിൽ നിന്ന് തുടങ്ങിയിട്ട് പോലുമില്ല. അതുകൊണ്ടാണ് സഖാവ് ശിബ്ദാസ് ഘോഷ് ആവർത്തിച്ച് നമ്മോട് പറഞ്ഞത്: മഹാൻമാരുടെ ജീവിതവും സമരവും പഠിക്കുക, അവരിൽനിന്ന് പഠിക്കുക, ശരത്ചന്ദ്രന്റെ കൃതികൾ വായിച്ച് ആ കൃതികളിൽ അദ്ദേഹം ആവിഷ്കരിച്ച കഥാപാത്രങ്ങളിൽ നിന്ന് പഠിക്കുക. ഇവയിൽനിന്ന് ആദ്യം മാനവവാദ സ്വഭാവവും മൂല്യങ്ങളും ആർജ്ജിക്കുക. വ്യക്തിതാൽപര്യത്തെ പാർട്ടിയുടെയും വിപ്ലവത്തിന്റെയും താൽപര്യത്തിന് കീഴ്പ്പെടുത്തുക എന്നതാണ് അതിന്റെ സാരാംശം. വിപ്ലവത്തിന്റെ താൽപര്യമാണ് എന്റെ താൽപര്യം, പാർട്ടിയുടെ താൽപര്യമാണ് എന്റെ താൽപര്യം എന്നതാണ് അടുത്ത ഉയർന്ന ഘട്ടം. ആ ഒരു ഘട്ടത്തിൽ വ്യക്തി താൽപര്യം എന്ന നിലയിൽ ഒന്നുമുണ്ടാവില്ല. അതായത് വിപ്ലവത്തിന്റെയും പാർട്ടിയുടെയും താൽപര്യവുമായി ഒരാൾ താദാത്മ്യപ്പെടുന്നു. ഈ നിലവാരം ആർജ്ജിക്കണമെങ്കിൽ ആദ്യം ബൂർഷ്വാ മാനവവാദത്തിന്റെ ഏറ്റവും ഉയർന്ന നിലവാരം നമ്മൾ ആർജ്ജിക്കേണ്ടതുണ്ട്. ഈ സമരം ഏറ്റവും പ്രധാനപ്പെട്ടതാണ്. പാർട്ടിയോടും സഖാവ് ശിബ്ദാസ്ഘോഷിനോടുമുള്ള വികാരവായ്പുമാത്രം നമ്മെ രക്ഷിക്കില്ല. പ്രകൃതിയുടെ കാഠിന്യങ്ങളിൽ നിന്ന് നമ്മുടെ ശരീരത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഒരോ നിമിഷവും പരിസരത്തിനെതിരെ നാം സമരം ചെയ്യേണ്ടിവരും. ഒരോനിമിഷവും നിരവധി ശരീര കോശങ്ങൾ നശിപ്പിക്കപ്പെടുന്നു, പുതിയവ വളരുന്നു. സമാനമായ വിധത്തിൽ പഴയ സ്വഭാവത്തിന്റെ ശീലങ്ങളെ നശിപ്പിക്കുകയും പുതിയ ഉയർന്ന ഒരു സ്വഭാവത്തിന്റെ ഘടകങ്ങൾ നമുക്കുള്ളിൽ വളരുകയും ചെയ്യേണ്ടതുണ്ട്. ബൂർഷ്വാസിയും തൊഴിലാളിവർഗ്ഗവും തമ്മിലുള്ള വൈരുദ്ധ്യം നിരന്തരമായി നമുക്കുള്ളിൽ എല്ലാ മണ്ഡലങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഉയർന്നതും കൂടുതൽ ഉയർന്നതുമായ വിപ്ലവസ്വഭാവത്തിൽ എത്തിച്ചേരാനുള്ള സമരം ബോധപൂർവ്വം നിരന്തരമായി നമ്മൾ നടത്തുന്നില്ലെങ്കിൽ നമുക്ക് നമ്മുടെ അധഃപതനം തടയാനോ സഖാവ് ശിബ്ദാസ്ഘോഷിന്റെ അർഹനായ വിദ്യാർത്ഥി ആകാനോ കഴിയില്ല, പാർട്ടിയിൽ എത്രവലിയ ഉത്തരവാദിത്വമോ സ്ഥാനമോ വഹിക്കുന്നുണ്ടെങ്കിൽ പോലും.

മർദ്ദിതരായ ജനലക്ഷങ്ങളോടുള്ള ആഴമാർന്ന സ്നേഹവും അനുകമ്പയുമാണ് സഖാവ് ശിബ്ദാസ് ഘോഷിനെ വിപ്ലവപ്രസ്ഥാനത്തിലേയ്ക്ക് ആകർഷിച്ചത്. പണിയെടുക്കുന്ന ജനങ്ങളോട് ആഴമാർന്ന അനുകമ്പയില്ലെങ്കിൽ ജനങ്ങൾക്കിടയിലേയ്ക്ക് പോകുന്ന പ്രവർത്തനം ഒരു ചടങ്ങായി മാറുന്നു. ആദ്യം മർദ്ദിത ജനങ്ങളോട്, അടിച്ചമർത്തപ്പെട്ടവരോട്, നിസ്വരോട് അനുകമ്പയുണ്ടാവണം. അത് എന്നെ ബഹുജനബന്ധങ്ങൾ സൃഷ്ടിക്കുന്ന ചുമതലയിലേയ്ക്ക് നിർബന്ധപൂർവ്വം നയിക്കും. ഇതാണ് ആവശ്യം. പാർട്ടിയുടെ ഓരോ നേതാവും പ്രവർത്തകനും, അവർ എവിടെ പ്രവർത്തിക്കുന്നവരായാലും, അവരുടെ ഉത്തരവാദിത്വങ്ങൾ എന്തായാലും മാതൃകാപരമായ കമ്മ്യൂണിസ്റ്റ് സ്വഭാവമുള്ള വ്യക്തിത്വങ്ങളായി വളരണം. പാർട്ടിക്കുള്ളിൽ ഒരോ നേതാവും പ്രവർത്തകരുടെ മുൻപിൽ ഒരു ആദർശമാതൃകയായിരിക്കണം. നിങ്ങളുടെ സ്വന്തം പെരുമാറ്റത്തിലൂടെ മറ്റുള്ളവരെ പഠിപ്പിക്കുക. നേതാക്കൾ പ്രവർത്തകരെ പഠിപ്പിക്കേണ്ടത് അവരുടെ സ്വന്തം സ്വഭാവം കൊണ്ട്, അവരുടെ ജീവിതം കൊണ്ടായിരിക്കണം, പ്രഭാഷണങ്ങളിലൂടെ മാത്രമാകരുത്. ഒരാളുടെ പ്രദേശത്ത് അയാൾ എല്ലാവർക്കും പ്രിയപ്പെട്ടയാളായിരിക്കണം, അയാളുടെ ഉത്തരവാദിത്വബോധം കൊണ്ട്, മറ്റുള്ളവരോടുള്ള സ്നേഹവും അനുകമ്പയും മൂലം, മാന്യമായ പെരുമാറ്റവും നാട്യങ്ങളില്ലാത്ത ഇടപെടലും മൂലം, അനീതിക്കെതിരായ ഉറച്ച നിലപാടുമൂലം, മറ്റുള്ളവരെ അവരുടെ പ്രയാസങ്ങളിലും ആവശ്യങ്ങളിലും സഹായിക്കാൻ സർവ്വഥാ തയ്യാറായിരിക്കുന്നതിലൂടെ. ഇങ്ങനെയാണ് നമ്മുടെ സഖാക്കൾ ബഹുജനബന്ധങ്ങളെ വളർത്തേണ്ടത്. ഈ വിധത്തിൽ അവരുടെ പ്രദേശങ്ങളിലെ എല്ലാ കുടുംബങ്ങളിലെയും പ്രിയപ്പെട്ട അംഗങ്ങളായി അവർ മാറണം. നേതൃത്വം എന്തെങ്കിലും ജോലി ഏൽപിച്ചാലും ഇല്ലെങ്കിലും ഒരോ പാർട്ടി പ്രവർത്തകനും സ്വന്തം സൃഷ്ടിപരമായ മുൻകയ്യിലൂടെ സംഘടന കെട്ടിപ്പടുക്കാൻ ശ്രമിക്കണം എന്നാണ് സഖാവ് ശിബ്ദാസ്ഘോഷ് ആഗ്രഹിച്ചത്.

ക്ലബ്ബുകളും വായനശാലകളും സാംസ്കാരിക സംഘടനകളും വിവിധ പ്രദേശങ്ങളിൽ വളർത്തിയെടുത്തുകൊണ്ട് അവയിലൂടെ ഉയർന്ന ചിന്തകൾ ജനങ്ങളിലെത്തിക്കാനും മഹാൻമാരുടെ ജീവിതങ്ങൾ അവർക്ക് പരിചയപ്പെടുത്താനും ഉയർന്ന മാനുഷിക ഗുണങ്ങളും മൂല്യങ്ങളും ആർജ്ജിക്കാൻ അവരെ സഹായിക്കാനും സഖാക്കൾ ശ്രമിക്കണം. അന്യായമുണ്ടായാൽ, ആരെയെങ്കിലും ദ്രോഹിച്ചാൽ നമ്മുടെ സഖാക്കൾ ഉടനടി പ്രതിഷേധിക്കും. അതാണ് കമ്മ്യൂണിസ്റ്റ് സ്വഭാവം. നമ്മൾ ഒരു പ്രതിഷേധ പ്രകടനം നടത്തുമ്പോൾ അത് വെറുമൊരു പതിവ് പരിപാടിയല്ല. അനീതിക്കെതിരെ കുറ്റകൃത്യത്തിനെതിരെ നമ്മുടെ വെറുപ്പും പ്രതിഷേധവും അത്തരം പരിപാടികളിൽ പ്രകടമാകുന്നു. അതേസമയം, മർദ്ദിതരോടുള്ള നമ്മുടെ അനുഭാവവും ആഴത്തിലുള്ള സഹാനുഭൂതിയും പ്രകടിതമാകുന്നു. ഇങ്ങനെയല്ലെങ്കിൽ അതൊരു ചടങ്ങുപരിപാടിയായി മാറിപ്പോകും. നമ്മുടെ പാർട്ടി വളരുകയാണ്. അത് ഇനിയുമേറെ വളരും. പക്ഷെ, എണ്ണത്തിലുള്ള വർദ്ധനവുകൊണ്ടുമാത്രം പ്രയോജനമുണ്ടാവുകയില്ല. ഗുണമാണ് വേണ്ടത്, സ്വഭാവം. നേതാക്കൾ പ്രവർത്തകർക്ക് പ്രത്യേകിച്ച് യുവാക്കളായ കേഡർമാർക്ക് ഉത്തരവാദിത്തങ്ങൾ നൽകട്ടെ. പുതിയ സഖാക്കളെയും യുവ കേഡർമാരെയും വളരാൻ സഹായിക്കുക. നേതാക്കളുടെ പെരുമാറ്റം ഒരു വിധത്തിലുള്ള മേധാവിത്വപരമായ തടസ്സങ്ങളും സൃഷ്ടിക്കരുത്. നേതാക്കളുടെ മുൻപിൽ സ്വന്തം അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നതിനും തുറന്ന മസ്സോടെ നേതാക്കളെ വിമർശിക്കുന്നതിനും പ്രവർത്തകർക്ക് സ്വാതന്ത്ര്യം അനുഭവപ്പെടണം. ഏതെങ്കിലുമൊരു സഖാവിന് തന്നോട് മനസ്സ് തുറക്കാൻ എന്തെങ്കിലും മടിയോ തടസ്സമോ ഉണ്ടെങ്കിൽ, അതിനർത്ഥം, നേതാക്കൾക്ക് ബഹുമാനം നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നുതന്നെ നേതാക്കൾ ചിന്തിക്കണം, മനസ്സിലാക്കണം. അത്തരമൊരു നേതൃത്വത്തിന്റെ മൂർത്തിമദ്ഭാവമായിരുന്നു, ആൾരൂപമായിരുന്നു സഖാവ് ശിബ്ദാസ് ഘോഷ്. അത്തരമൊരു സ്വതന്ത്രമായ അന്തരീക്ഷമാണ് അദ്ദേഹം പാർട്ടിക്കുള്ളിൽ സൃഷ്ടിച്ചത്. നമ്മളും അത് അനുവർത്തിക്കണം.

**വർഗ്ഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കാൻ എസ്‌യുസിഐ(സി) അക്ഷീണ പരിശ്രമം നടത്തും**

മറ്റിടതുപക്ഷ പാർട്ടികൾ എവിടെയൊക്കെ, എപ്പോഴെക്കെ, എത്രത്തോളം മുന്നോട്ടു വരുന്നോ, അത്രത്തോളം അവരുമായി ചേർന്ന് സംയുക്തപ്രക്ഷോഭണങ്ങൾ വളർത്തിയെടുക്കാൻ നമ്മൾ പരമാവധി പരിശ്രമിക്കും. പക്ഷെ, സമരത്തിന്റെ പാത അവർ ഉപേക്ഷിച്ചു കഴിഞ്ഞുവെന്ന് നമുക്കറിയാം. അവർ പ്രക്ഷോഭണത്തിന് വരികയാണെങ്കിലും തെരഞ്ഞെടുപ്പിന്റെ ആവശ്യകതയ്ക്കുവേണ്ടി മാത്രമായിരിക്കും. വോട്ടിനപ്പുറം അവരൊന്നും ചിന്തിക്കുന്നില്ല. മറ്റ് ബൂർഷ്വാ പാർട്ടികളെപ്പോലെ അവർ പൂർണ്ണമായും തെരഞ്ഞെടുപ്പിനുവേണ്ടി ക്രമീകരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, പണിയെടുക്കുന്ന ജനതയുടെ എല്ലാ വിഭാഗങ്ങൾക്കിടയിലും -തൊഴിലാളികൾ, കർഷകർ, വിദ്യാർത്ഥികൾ, യുവാക്കൾ, വനിതകൾ- നമുക്ക് സംഘടന ശക്തിപ്പെടുത്തേണ്ടതുണ്ട്. സമരങ്ങൾ വളർത്തിയെടുക്കുന്നതിനോടൊപ്പവും, വിവിധ സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങളോടൊപ്പവും തീക്ഷ്ണമായ പ്രത്യയശാസ്ത്ര സമരവും ചർച്ചകളും സംവാദങ്ങളും നടത്തിക്കൊണ്ട് നമുക്ക് മതാന്ധതയ്ക്കും വർഗ്ഗീയ വാദത്തിനുമെതിരെ പൊരുതേണ്ടതുണ്ട്. സത്യസന്ധനായ ഒരു പുരോഹിതൻ, കാപട്യക്കാരനായ ഒരു പുരോഹിതനേക്കാൾ അപകടകാരിയാണെന്ന് ലെനിൻ പറഞ്ഞു. എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞത്? കാരണം, സത്യസന്ധനായ ഒരു പുരോഹിതൻ മതം പ്രചരിപ്പിക്കുമ്പോൾ ജനങ്ങൾ അയാളുടെ സത്യസന്ധത കണ്ട് തെറ്റിദ്ധരിച്ച് മതത്തിലേയ്ക്ക് ആകൃഷ്ടരാകുന്നു. പക്ഷെ, പുരോഹിതൻ സത്യസന്ധനല്ലെങ്കിൽ അയാൾക്ക് അത്രയധികം ആശയക്കുഴപ്പം ജനങ്ങൾക്കിടയിൽ ഉണ്ടാക്കാൻ കഴിയില്ല. ഇന്ന്, ആർഎസ്എസ്-ബിജെപി നുണയന്മാരും അഴിമതിക്കാരും അധികാര ദാഹികളുമായി മാറിയിരിക്കുന്നു. അവർ എല്ലാത്തരം അനീതികളും നെറികേടുകളും പ്രോത്സാഹിപ്പിക്കുന്നു. മതപരമായ സത്യസന്ധതയുടെ വേഷം കെട്ടിക്കൊണ്ട് ജനങ്ങളെ കബളിപ്പിക്കുന്നതിൽ അവർക്ക് അധികം വിജയിക്കാനാവില്ല. നേരെ മറിച്ച്, കോൺഗ്രസ് വിരുദ്ധ വികാരത്തെ മുതലാക്കി ബിജെപി തെരഞ്ഞെടുപ്പ് ജയിച്ചതുപോലെ, വരുന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ് മറ്റു കക്ഷികളുമായി ചേർന്ന് ബിജെപിയെ അധികാരഭ്രഷ്ടമാക്കാനുള്ള സാധ്യതയുമുണ്ട്.

പക്ഷെ, വർഗ്ഗീയ-ജാതി വിദ്വേഷവും മതാന്ധതയും പടർത്തിക്കൊണ്ട് ചിന്താശേഷിയും യുക്തിചിന്തയും ശാസ്ത്രീയ മനോഘടനയും ഇല്ലാതാക്കിക്കൊണ്ട് രാഷ്ട്രത്തിന് തീകൊളുത്തുന്ന ബിജെപിയുടെ പ്രവർത്തനങ്ങൾ ദുരവ്യാപകമായ കെടുതികൾ ഉണ്ടാക്കും. യഥാർത്ഥ തൊഴിലാളി വർഗ്ഗ വിപ്ലവ പാർട്ടി എന്ന നിലയിൽ നമുക്ക് മാത്രമേ ഈ അപകടം ഒഴിവാക്കാൻ കഴിയൂ. അതിനായി നമ്മൾ മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തകളുടെ അടിത്തറയിൽ വർഗ്ഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കുകയും ബഹുജന മുന്നണികൾ കെട്ടിപ്പടുക്കുകയും ചെയ്തുകൊണ്ട് നമ്മുടെ ഉത്തരവാദിത്വം ശരിയായി നിറവേറ്റേണ്ടതുണ്ട്. നമ്മുടെ സഖാക്കൾ ഈ കർത്തവ്യം നിറവേറ്റുന്നതിനായി കഠിനപരിശ്രമം നടത്തുമെന്ന പ്രതീക്ഷയോടെ ഈ പ്രസംഗം അവസാനിപ്പിക്കുന്നു.

വിപ്ലവം നീണാൾ വാഴട്ടെ, എസ്‌യുസിഐ(സി) നീണാൾ വാഴട്ടെ, സഖാവ് ശിബ്ദാസ് ഘോഷിന് ലാൽ സലാം●




പരിയാരം മെഡിക്കൽ കോളേജിലേയ്ക്ക് നടന്ന ബഹുജന മാർച്ച്

## പരിയാരം മെഡിക്കൽ കോളേജ് പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുക

പരിയാരം മെഡിക്കൽ കോളേജ് പൂർണമായും സർക്കാർ ഏറ്റെടുക്കണമെന്നും ജനങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പു വരുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മേയ് 30ന് പ്രക്ഷോഭ സമിതിയുടെ ആഭിമുഖ്യത്തിൽ പിലാത്തറയിൽ നിന്നും പരിയാരം മെഡിക്കൽ കോളേജിലേയ്ക്ക് ബഹുജന മാർച്ച് നടത്തി.

കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃകയിൽ ജനങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന മെഡിക്കൽ കോളേജാക്കി പരിയാരത്തെ മാറ്റുന്നതിന് പകരം ഒരു സ്വയംഭരണ സ്ഥാപനമാക്കി മാറ്റുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനെതിരെയാണ് വിവിധ സംഘടനകളും പൊതുപ്രവർത്തകരും ചേർന്ന് രൂപം കൊടുത്ത പ്രക്ഷോഭ സമിതിയുടെ നേതൃത്വത്തിൽ പ്രതിഷേധ മാർച്ച് നടന്നത്. പ്രക്ഷോഭ സമിതി ചെയർമാൻ ഡോ. ഡി.സുരേന്ദ്രനാഥ് മാർച്ച് ഉദ്ഘാടനം ചെയ്തു. കൺവീനർ അഡ്വ. വിനോദ് പയ്യട അദ്ധ്യക്ഷത വഹിച്ചു. രാജൻ കോരമ്പേത്ത് (മദ്യ നിരോധന സമിതി), ബി.ഭദ്രൻ (എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാകമ്മിറ്റി അംഗം), എൻ.സുബ്രഹ്മണ്യൻ, സൈനുദ്ദീൻ കരിവെള്ളൂർ(വെൽഫെയർ പാർട്ടി), മേരി എബ്രഹാം, സി.ശശി എന്നിവർ പ്രസംഗിച്ചു●

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം:

# നികുതി കൊടുക്കുന്ന ജനങ്ങൾക്കുമേൽ വിദ്യാഭ്യാസത്തിന്റെ സാമ്പത്തിക ബാദ്ധ്യത കൂടി കെട്ടിവെയ്ക്കാനുള്ള ചെപ്പടിവിദ്യ

**പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനെന്ന പേരിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പദ്ധതി അവതരിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാരും വിദ്യാഭ്യാസവകുപ്പും കഴിഞ്ഞ രണ്ട് വർഷമായി വലിയ പ്രചാരണം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രവാസികൾ, പിടിഎ, പൂർവ്വവിദ്യാർത്ഥികൾ, ജീവകാരുണ്യപ്രവർത്തകർ തുടങ്ങി ചില സംഘടനകളും വ്യക്തികളും സ്കൂളുകൾ ഏറ്റെടുക്കുമെന്നാണ് പ്രചാരണം. സർക്കാരാകട്ടെ അവയെ അന്തർദേശീയ നിലവാരത്തിലെത്തിക്കുമെന്നാണവകാശപ്പെടുന്നത്.**

**സ്കൂ**ൾ ആകർഷകമാക്കിമാറ്റുന്നതിന് വേണ്ടി ചില എംഎൽമാർ മുൻകൈയെടുത്ത് സ്വന്തം മണ്ഡലത്തിലെ സ്കൂളുകളിൽ ചില പ്രത്യേക പരിപാടികളും നടത്തിവരുന്നുണ്ട്. ചില സ്ഥലങ്ങളിൽ സ്കൂളുകൾ മോടി പിടിപ്പിക്കാനും വർണ്ണാഭമാക്കാനുമുള്ള പ്രവർത്തനങ്ങൾ നാട്ടുകാരുടെയും സന്നദ്ധസംഘടനകളുടെയും നേതൃത്വത്തിൽ രൂപികരിച്ചിരിക്കുന്ന വിദ്യാലയവികസന സമിതികളുടെ നേതൃത്വത്തിൽ നടക്കുകയാണ്.

2019 ൽ നമ്മുടെ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ പഠനം പൂർണ്ണമായും ഡിജിറ്റൽ രൂപത്തിൽ ആകുമെന്നും തുടർന്ന് സ്കൂൾ വിദ്യാഭ്യാസം അന്തർദ്ദേശീയ നിലവാരത്തിലെത്തുമെന്നുമാണ് മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസ മന്ത്രിയുടെയും അവകാശവാദം. സർക്കാരിന്റെ യാതൊരു സഹായവും കൂടാതെ പല സ്കൂളുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ നാട്ടുകാരുടെ മുൻകൈയ്യിൽ തന്നെ ഒരുക്കപ്പെട്ടിരിക്കുന്നത് വലിയ നേട്ടമായും അവതരിപ്പിക്കുകയാണ്. 140 നിയമസഭാ മണ്ഡലങ്ങളിലും ഓരോ സ്കുളുവീതം ഹൈടെക്ക് ആക്കിമാറ്റുന്നതിനായി കോടിക്കണക്കിന് രൂപാവീതം അനുവദിക്കപ്പെട്ടിട്ടുണ്ടെന്നാണ് വിദ്യാഭ്യാസമന്ത്രി നിയമസഭയിൽ (മാർച്ച് 22) പറഞ്ഞത്. വിദ്യാഭ്യാസമേഖല പാർശ്വവത്കരിക്കപ്പെടാതെ സൂക്ഷിക്കലും മതനിരപേക്ഷ വിദ്യാഭ്യാസം കാത്തുപുലർത്തലും സംരക്ഷണ യജ്ഞത്തിന്റെ പ്രഖ്യാപിത ലക്ഷ്യമത്രേ.

എന്നാൽ, പൊതുഖജനാവിൽ നിന്ന് കോടിക്കണക്കിന് രൂപാ ചെലവഴിച്ച് പരസ്യം നൽകിക്കൊണ്ട് വലിയ കൊട്ടിഘോഷത്തോടെ അവതരിപ്പിക്കപ്പെടുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം യഥാർത്ഥത്തിൽ ലക്ഷ്യം വെയ്ക്കുന്നതെന്തെന്ന് പരിശോധിക്കാം.

നമ്മുടെ പൊതുവിദ്യാലയങ്ങളെ അന്തർദ്ദേശീയ നിലവാരത്തിലെത്തിക്കാനെന്ന പേരിൽ നിലവിലുള്ള 12,400 സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ നിന്ന് 1000 സ്കൂളുകളെ മാത്രം തെരഞ്ഞെടുത്ത് ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതിയെയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന് വിശേഷിപ്പിക്കുന്നത്. 4775 ഹൈസ്കൂൾ/ഹയർസെക്കണ്ടറി/വൊക്കേഷണൽ സ്കൂളുകളിലെ 45,000 ക്ലാസ്സുമുറികളെ ഹൈടെക്ക് ആക്കാനാണ് പദ്ധതിയെന്നാണ് പ്രചാരണം. ഹരിതം, ആർദ്രം, പാർപ്പിടമിഷൻ എന്നീ പരിപാടികൾ പോലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നവകേരള മിഷൻ പദ്ധതിയുടെ ഭാഗമായാണ് നടപ്പിലാക്കുന്നത്.

സ്കൂൾ വികസനത്തിനാവശ്യമായ ഫണ്ട് സർക്കാർ നൽകുന്നതല്ല. അടിസ്ഥാന സൗകര്യവികസനമുൾപ്പെടെയുള്ളവയ്ക്ക് സംസ്ഥാന ബജറ്റിൽ കുറച്ച് കോടികൾ വകയിരുത്തിയതായി പ്രഖ്യാപിക്കുക മാത്രമാണ് ചെയ്തത്. അപ്പോൾ ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ പണം ഏവിടെ നിന്നാണ് കണ്ടെത്തുന്നത്? കേന്ദ്ര എസ്എസ്എ/ ആർഎംഎസ്എ ഫണ്ടാണ് അതിലൊന്ന്. കേന്ദ്ര എസ്എസ്എ ഫണ്ടിന്റെ ബാക്കിയും ആർഎംഎസ്എ പദ്ധതിക്കുവേണ്ടിയുള്ള കേന്ദ്ര വിഹിതവും ഉപയോഗിച്ച് ചില ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തുകയും ഓരോ സ്കൂളിനും ഓരോ ലാപ്ടോപ്പ്/കമ്പ്യൂട്ടർ വാങ്ങി നൽകുകയും ചില ക്ലാസ്സുറുമുകളിൽ ടൈൽസ് ഒട്ടിക്കുകയും ചെയ്യുന്നതോടെ അവസാനിക്കുന്നതാണ് ഈ പദ്ധതി. (ലാപ്ടോപ്പ് വാങ്ങിയതുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപയുടെ അഴിമതി കഴിഞ്ഞ തവണ തന്നെ പുറത്ത് വന്നതാണ്)

പരിമിതമായ ഈ ഫണ്ട് ഏതാനും നാളുകൾക്കകം തന്നെ തീരുമ്പോൾ സ്കൂളുകളുടെ തുടർനിലനിൽപ്പിന് ഫണ്ട് എങ്ങനെ കണ്ടെത്തും? സ്കൂളുകളിൽ മിനുസമുള്ള ടൈൽ പാകുകയും ഡിജിറ്റൽ രൂപത്തിൽ അക്ഷരങ്ങൾ ചില ക്ലാസ്സുറൂമുകളിൽ തെളിയും ചെയ്യുന്നതോടെ നമ്മുടെ വിദ്യാഭ്യാസം അന്തർദ്ദേശീയമായതായി പാവം രക്ഷിതാക്കൾ കരുതണമെന്നാണോ? എയ്ഡഡ് സ്കൂളുകൾക്ക് പദ്ധതിയുടെ ഭാഗമായി യാതൊരു വിധ ഫണ്ടും ലഭ്യമാക്കില്ല. പിടിഎ വഴി ഫണ്ട് കണ്ടെത്തി എയ്ഡഡ് സ്കൂളുകൾ നിലനിൽക്കണമെന്നാണ് പറയുന്നത്.

വ്യാപകമായ പണപ്പിരിവാണ് സ്കൂൾ സംരക്ഷണത്തിന്റെ പേരിൽ നടന്നുകൊണ്ടിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി സ്കൂൾ നടത്തിപ്പിനാവശ്യമായ ഫണ്ട് ജനങ്ങൾ തന്നെ നൽകണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് കഴിഞ്ഞ വർഷം വിദ്യാഭ്യാസമന്ത്രിയുടെ നേതൃത്വത്തിൽ പണപ്പിരിവിന് തുടക്കം കുറിച്ചത് പത്രങ്ങളിൽ വാർത്തയായിരുന്നു. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാനായി സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ മക്കളെ സർക്കാർ സ്കൂളുകളിൽ തന്നെ ചേർത്ത് പഠിപ്പിച്ചില്ലെങ്കിൽ നടപടിയെടുക്കുമെന്ന ഭീഷണിയും അന്നുണ്ടായി. സ്കൂൾ നടത്താൻ പിടിഎ കമ്മിറ്റികളും, പൂർവ്വവിദ്യാർത്ഥികളും, ജീവകാരുണ്യപ്രവർത്തകരും സംഭാവനകൾ നൽകണമെന്ന ആഹ്വാനമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ നൽകുന്നത്. തദ്ദേശസ്ഥ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, പിടിഎകൾ, പ്രവാസികൾ, കമ്പനികളുടെ ഫണ്ടുകൾ എന്നിവ സമന്വയിപ്പിച്ചാണ് വിദ്യാഭ്യാസ നവീകരണപ്രവർത്തനങ്ങൾക്ക് അധികമൂലധനം സ്വരൂപിക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്. സ്കൂളുകളിൽ വിദ്യാലയ വികസന സമിതികളെ ഉപയോഗപ്പെടുത്തി വിഭവങ്ങൾ കണ്ടെത്തിയാണ് സ്കൂൾ നിലനിർത്താനുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്.

അപ്പോൾ, പൊതുവിദ്യാലയങ്ങളുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് പ്രാദേശികമായി സമാഹരിക്കുക എന്ന കാഴ്ചപ്പാട് ആദ്യം അവതരിപ്പിച്ച ഡിപിഇപി-എസ്എസ്എ പദ്ധതികളുടെ കൃത്യമായ നടപ്പിലാക്കലെന്നോണം സ്കൂൾ സംരക്ഷണ ചുമതല ജനങ്ങളുടെ ഉത്തരവാദിത്തമാക്കി മാറ്റിയിരിക്കുന്നു. അങ്ങനെ നികുതി കൊടുക്കുന്ന ജനങ്ങളുടെ മേൽ വിദ്യാഭ്യാസത്തിന്റെ സാമ്പത്തിക ബാദ്ധ്യതകൂടി കെട്ടിവെയ്ക്കാനുള്ള തട്ടിപ്പ് പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞമെന്ന് വ്യക്തമാകുന്നു.

എന്നാൽ, അതേസമയം, ഫണ്ട് സമാഹരിക്കാൻ കഴിയാത്ത വിദ്യാലയങ്ങൾ അനാദായകരമെന്ന പേരിൽ സ്വാഭാവിക മരണത്തിന് കീഴടങ്ങേണ്ടിവരും. ആയിരം സ്കൂളുകളെ അന്തർദ്ദേശീയ നിലവാരത്തിലെത്തിക്കുമെന്ന് പറയുമ്പോൾ ബാക്കി 11,400 സ്കൂളുകളുടെ കാര്യം സർക്കാർ മിണ്ടുന്നില്ല. 5,537 സർക്കാർ-എയ്ഡഡ് സ്കൂളുകൾ ഇതിനകം അൺ-എക്കണോമിക്ക് പട്ടികയിൽപ്പെട്ട് അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ആ സ്കൂളുകൾക്ക് സഹായം നൽകാനുള്ള ഒരു പദ്ധതിയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ചിട്ടില്ല. പകരം നടക്കാവ് സ്കൂൾ മാതൃക സ്വീകരിക്കാനുള്ള ആഹ്വാനം മാത്രമാണ് സർക്കാർ നൽകുന്നത്. അതിനർത്ഥം സ്കൂൾ നിലനിൽക്കണമെങ്കിൽ അത് പൊതുജനങ്ങളുടെ സഹായത്തോടെ വിഭവങ്ങൾ കണ്ടെത്തി നിലനിൽക്കണമെന്നാണ്. പൊതുവിദ്യാലയങ്ങളുടെ സാമ്പത്തിക ചുമതല കൈയൊഴിയുകയെന്ന ആഗോളീകരണ നയം വിദഗ്ധമായി നടപ്പാക്കുകയാണ് ഇതിന്റെയെല്ലാം മറവിൽ സർക്കാർ ചെയ്യുന്നത്.

പൊതുവിദ്യാഭ്യാസവകുപ്പിന് കീഴിൽ നിലനിന്ന ഐറ്റി അറ്റ് സ്കൂളിനെ കമ്പനിയാക്കി മാറ്റിയതിന് ശേഷം കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എജ്യൂക്കേഷൻ(കൈറ്റ്) ആണ് ഡിജിറ്റൽ സംവിധാനം ഉപയോഗപ്പെടുത്തി ക്ലാസ്സെടുക്കുന്നതിനുള്ള സമഗ്ര വെബ്പോർട്ടലും മൊബൈൽ ആപ്പും തയ്യാറാക്കിയിരിക്കുന്നത്. അവർ തയ്യാറാക്കിയിരിക്കുന്ന സോഫ്റ്റ് വെയറിൽ ഉപയോഗിക്കുന്ന പ്രോഗ്രാം അദ്ധ്യാപകർക്ക് ക്ലാസ്സ് കൈകാര്യം ചെയ്യുന്നതിന് സഹായകമായിട്ടുള്ളതല്ലായെന്ന വിമർശനം വന്നുകഴിഞ്ഞു.

വലിയ പ്രചാരണങ്ങളുടെയും, അദ്ധ്യാപകരും പൊതുസമൂഹവും വിയർപ്പൊഴുക്കിയതിന്റെയും ഫലമായും, സ്വകാര്യസ്കൂളുകളിലെ ചെലവുകൾ താങ്ങാനാവാത്തതാണ് എന്നതിനാലും ഈ വർഷം കുറച്ച് കുട്ടികൾ സർക്കാർ സ്കൂളിലേയ്ക്ക് വന്നിട്ടുണ്ടെന്നത് ശരി തന്നെ. അതിനെ വിദ്യാഭ്യാസ നിലവാരമുയർന്നതിന്റെ സൂചനയായി കാണാനാവുമോ? പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാനാണ് യഥാർത്ഥത്തിൽ സർക്കാർ ലക്ഷ്യം വെയ്ക്കുന്നതെങ്കിൽ, സ്കൂൾ വിദ്യാഭ്യാസത്തെ തകർത്ത ഡിപിഇപി, എസ്എസ്എ, ആർഎംഎസ്എ പാഠ്യപദ്ധതികൾ പിൻവലിച്ചുകൊണ്ട് അന്തർദ്ദേശീയ നിലവാരത്തിലുള്ള പാഠ്യപദ്ധതിയും പഠനരീതികളും നടപ്പിലാക്കുകല്ലേ ചെയ്യേണ്ടത്?

മലയാളത്തിന്റെ പ്രിയപ്പെട്ട കവി ബാലചന്ദ്രൻ ചുള്ളിക്കാട്, തന്റെ കവിത സ്കൂളുകളിൽ പഠിപ്പിക്കരുതെന്ന് അഭ്യർത്ഥിച്ചത് കുഞ്ഞുങ്ങൾക്ക് എഴുത്തും വായനയുമറിയാത്ത പാശ്ചത്തലത്തിലാണ്. ഡിപിഇപി പദ്ധതിയിൽ തുടങ്ങിയ പരിഷ്കാരങ്ങളുടെ പരിണിതഫലമായി ഇന്ന് അദ്ധ്യാപകർക്കും ഗവേഷകർക്കുപോലും ഭാഷയിൽ വേണ്ടത്ര അവഗാഹമുണ്ടാകുന്നില്ലായെന്നതാണ് അവസ്ഥ. ഡിപിഇപി പദ്ധതിയെ വിശകലനം ചെയ്തുകൊണ്ട് 1998 സെപ്തംബറിൽ എഐഡിഎസ്ഒ പുറത്തിറക്കിയ ഡിപിഇപി എന്ത്, എന്തിന് എന്ന പുസ്തകത്തിൽ അക്കമിട്ടുപറഞ്ഞ മുന്നറിയിപ്പുകൾ അക്ഷരം പ്രതി ശരിയെന്ന് തെളിയിക്കുന്നതാണ് കവിയുടെ വിമർശനം.

നമ്മുടെ സ്കൂൾ വിദ്യാഭ്യാസം നിലവാരമാർജ്ജിക്കണമെങ്കിൽ പ്രാഥമിക തലം മുതൽ കുട്ടികളുടെ പഠനനിലവാരം ഉയർത്താനുള്ള നടപടികൾ കൈകൊള്ളുകയാണ് ആദ്യം വേണ്ടത്. എഴുത്തിലും വായനയിലും ഗണിതത്തിലും അവശ്യനിലവാരം ആർജ്ജിക്കാൻ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ലായെന്ന അടിസ്ഥാനപ്രശ്നം നിലനിൽക്കുകയാണ്. അഞ്ചാം ക്ലാസ്സിലെ 37 ശതമാനം കുട്ടികൾക്കും രണ്ടാം ക്ലാസ്സിലെ മലയാളപാഠഭാഗങ്ങൾ പോലും വായിക്കാനറിയില്ലെന്ന ദേശീയ സ്കൂൾ വിദ്യാഭ്യാസ പഠന റിപ്പോർട്ട് (അസർ റിപ്പോർട്ട് 2016) കേരളത്തിലെ സർക്കാർ-എയ്ഡഡ് വിദ്യാർത്ഥികളുടെ പഠനനിലവാരമെന്തെന്ന് ചൂണ്ടിക്കാണിക്കുന്നുണ്ട്. അതിന് പരിഹാരം ഉണ്ടാക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്ന് മാത്രമല്ല എൽഡിഎഫ് സർക്കാർ അധികാരത്തിൽ വന്നതുമുതൽ പാഠഭാഗങ്ങളുടെ ഉള്ളടക്കം വെട്ടിക്കുറയ്ക്കാനും മാറ്റിയെഴുതാനുമുള്ള നടപടികളാണ് കൈക്കൊള്ളുന്നത്. പാഠ്യപദ്ധതിയിലും ബോധനരീതിയിലും കാര്യമായ അഴിച്ചുപണികൾ നടത്താതെ, വിദ്യാഭ്യാസ നിലവാരം ഉയരില്ലായെന്ന വസ്തുത മറച്ചുപിടിക്കാനാണ് എസ്സിഇആർടിയും പൊതുവിദ്യാഭ്യാസവകുപ്പും 'മലയാളത്തിളക്കം' പോലെ ചില പരിപാടികൾ കൊണ്ടുവന്നത്.

എട്ടാം ക്ലാസ്സുവരെ ജയം-തോൽവി സമ്പ്രദായം ഇല്ലാതാക്കികൊണ്ട് നടപ്പാക്കിയ ആൾ പ്രമോഷൻ സമ്പ്രദായമാണ് വിദ്യാഭ്യാസ നിലവാരത്തകർച്ചയ്ക്ക് മറ്റൊരു കാരണം. ഓരോ ക്ലാസ്സിലും വിദ്യാർത്ഥി നിശ്ചിത അറിവ് ആർജ്ജിക്കണമെന്നതും അതിന്റെ അടിസ്ഥാനത്തിലാണ് ക്ലാസ്സ് കയറ്റം നൽകേണ്ടതെന്നതും ബോധനശാസ്ത്രത്തിന്റെ അടിസ്ഥാന ധാരണയാണ്. എന്നാൽ ഭാഷയുടെയും ഗണിതത്തിന്റെയും ശാസ്ത്രത്തിന്റെയും അടിസ്ഥാനമുറയ്ക്കാത്തവർക്കും ക്ലാസ്സ്കയറ്റം നൽകുന്ന തലതിരിഞ്ഞ സമീപനം വിദ്യാഭ്യാസത്തിന്റെ നിലവാരം തകർക്കുമെന്നത് ഇന്ത്യയെമ്പാടുമുള്ള അനുഭവമാണ്. കുട്ടികൾക്ക് ക്ലാസ്സ് കയറ്റംനൽകി വിടുന്നതാണ് ലാഭകരമെന്നും മെരിറ്റ് അടിസ്ഥാനത്തിൽ മാത്രം സ്ഥാനക്കയറ്റം നൽകുന്നത് കുട്ടിയൊന്നുക്കുള്ള ചെലവ് വർദ്ധിപ്പിക്കുമെന്നുമുള്ള ലോകബാങ്ക് കാഴ്ചപ്പാടാണ് ആൾ പ്രമോഷൻ സമ്പ്രദായത്തിന്റെ അടിസ്ഥാനം. ആൾ പ്രമോഷൻ സമ്പ്രദായം അവസാനിപ്പിച്ചുകൊണ്ട് കുട്ടികളെ പഠിപ്പിച്ച് ജയിപ്പിക്കുന്ന സമ്പ്രദായം നടപ്പിലാക്കണം.

ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി ദേശീയതലത്തിൽ തന്നെ ആൾ പ്രമോഷൻ സമ്പ്രദായം നടപ്പിലാക്കിയതോടെ വിവിധ സംസ്ഥാനങ്ങളിൽ എഐഡിഎസ്ഒ യുടെയും സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെയും നേതൃത്വത്തിൽ വിദ്യാഭ്യാസ സ്നേഹികളും രക്ഷിതാക്കളും ആൾ പ്രമോഷൻ സമ്പ്രദായത്തിനെതിരെ രംഗത്തുവരികയുണ്ടായി. തുടർന്ന് ഈ വിഷയത്തിൽ സംസ്ഥാനങ്ങളുടെ അഭിപ്രായം തേടിയപ്പോൾ, കേരളത്തിലെ യുഡിഎഫ് ഗവൺമെന്റിന് ആൾ പ്രമോഷൻ തുടരേണ്ടതില്ലായെന്ന നിലപാട് കേന്ദ്രത്തെ എഴുതി അറിയിക്കേണ്ടിവന്നു. എൽഡിഎഫ് അധികാരത്തിൽ വന്നതിന് ശേഷം നടന്ന സംസ്ഥാന വിദ്യാഭ്യാസമന്ത്രിമാർ പങ്കെടുത്ത കേന്ദ്ര വിദ്യാഭ്യാസ ഉപദേശക സമിതി യോഗത്തിൽ സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് മന്ത്രി കുടുംബാന്തരീക്ഷവും അദ്ധ്യാപകരുടെ ആത്മാർത്ഥയില്ലായ്മയുമാണ് വിദ്യാഭ്യാസ നിലവാരത്തകർച്ചയ്ക്ക് കാരണമെന്ന വിചിത്രമായ വാദം മുന്നോട്ടുവയ്ക്കുകയും് ആൾ പ്രമോഷൻ സമ്പ്രദായം തുടരാൻ തീരുമാനിക്കുകയുമാണുണ്ടായത്.

അടിസ്ഥാനപരമായ കാര്യങ്ങളിൽ ശരിയായ നയം പുന:സ്ഥാപിക്കാതെ പൊതുവിദ്യാഭ്യാസത്തെ രക്ഷിക്കാനാവില്ലെന്ന കാര്യം ഒരിക്കൽ കൂടി ഞങ്ങൾ ഓർമ്മിപ്പിക്കുന്നു. തട്ടിപ്പുവിദ്യകൾക്കും യജ്ഞങ്ങൾക്കും പരിഹരിക്കാവുന്നതിനപ്പുറമാണ് പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ എന്ന് മനസ്സിലാക്കാൻ സർക്കാർ തയ്യാറല്ലായെന്നതാണ് ഏറ്റവും ഗുരുതരമായ കാര്യം.

## അഞ്ചലിൽ കുട്ടികളുടെ ക്യാമ്പ്

'നാടിൻ ശ്രേഷ്ഠ സന്താനങ്ങളാക നാം' എന്ന ആദർശവാക്യം മുൻനിർത്തി കുട്ടികളുടെ സംഘടനയായ 'പ്രചോദന' കൊല്ലം ജില്ലാതലത്തിൽ സംഘടിപ്പിച്ച കുട്ടികളുടെ ക്യാമ്പ് മെയ് 29, 30 തീയതികളിൽ അഞ്ചൽ വിശ്വഭാരതി കോളേജിൽ വച്ച് നടന്നു. മിനി കെ.ഫിലിപ്പ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

തുടർന്ന് നടന്ന ശില്പശാലകളിൽ ചിത്രരചനയ്ക്ക് കെ.ജി. അനിൽകുമാർ, ലിജിൻ എന്നിവരും സംഗീതത്തിന് എസ്.അനന്തഗോപാലും നാടകത്തിന് ആർ. അപർണ്ണയും നേതൃത്വം നൽകി. കുട്ടികളുടെ വിവിധ കലാപരിപാടികളും, ക്ലാസ്സുകളും നടന്നു. സയൻസ് മാജിക് ക്ലാസ് പി.പി.പ്രശാന്ത് കുമാറും, 'ഡാർവിനും പരിണാമസിദ്ധാന്തവും' എന്ന വിഷയത്തിലുള്ള ക്ലാസ് ജെ.മാനവും സഹോദരൻ അയ്യപ്പനെക്കുറിച്ചുള്ള ക്ലാസ് ഇ.എൻ.ശാന്തിരാജും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള ക്ലാസ് ഷൈല കെ. ജോണും എടുത്തു. സമാപന സമ്മേളനത്തിൽ ജെ.മീര പ്രസിഡന്റും എസ്.അരുണ സെക്രട്ടറിയുമായി 20 അംഗ പ്രചോദന ജില്ലാ ഘടകം രൂപീകരിച്ചു. ഷൈല കെ. ജോൺ സമാപന സന്ദേശം നൽകി. ജി.ധ്രുവകുമാർ, ആർ. ജയകൃഷ്ണൻ, എസ്.അപർണ്ണ, ആർ. രാഹുൽ, കെ. ശശാങ്കൻ എന്നിവർ പ്രസംഗിച്ചു●

## കൊടുങ്ങല്ലൂരിൽ കുട്ടികളുടെ ദ്വിദിന നാടക ക്യാമ്പ്

കുട്ടികളുടെ പ്രസ്ഥാനം പ്രചോദനയുടെ ആഭിമുഖ്യത്തിൽ ദ്വിദിന നാടക ക്യാമ്പ് സംഘടിപ്പിച്ചു. മേത്തലയിൽ കണ്ടംകുളം സാംസ്കാരിക നിലയത്ത് നടന്ന ക്യാമ്പ് ഡോ.പി.എസ്.ബാബു ഉദ്ഘാടനം ചെയ്തു. ക്യാമ്പ് ഗാനത്തോടെ ശില്പശാലക്ക് തുടക്കം കുറിച്ചു. സമ്മർദ്ദത്തിൽ അകപ്പെടുന്ന ബാല്യം എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തിയും നാടക രചന, സംവിധാനം, അഭിനയം സംബന്ധിച്ചും ക്ലാസുകൾ നടത്തി. പ്രചോദന കൊടുങ്ങല്ലൂർ മേഖല പ്രസിഡന്റ് സൂര്യഗായത്രി, സെക്രട്ടറി ശ്രീലക്ഷ്മി, സൂര്യകിരൺ, പി.എസ്.അക്ഷയ് എന്നിവർ ക്യാമ്പിന് നേതൃത്വം കൊടുത്തു. സി.കെ.ശിവദാസൻ, കെ.വി.രാജീവൻ, നന്ദഗോപൻ കൊട്ടുവള്ളിക്കാട്, സൂരജ് സുമൻ എന്നിവർ ക്ലാസുകൾ നയിച്ചു. വർക്ക് ഷോപ്പിലൂടെ തയ്യാറാക്കിയ നാടകം 'നട്ടം തിരിയുന്ന വെട്ടങ്ങൾ' സമാപന ദിവസം അവതരിപ്പിച്ചു. സമാപന യോഗത്തിൽ പ്രമുഖ നാടക പ്രവർത്തകനും അമേച്വർ, പ്രൊഫഷണൽ നാടക സംസ്ഥാന അവാർഡ് ജേതാവുമായ ജയപ്രസാദ്, ക്യാമ്പ് കോ-ഓർഡിനേറ്റർ അഡ്വ.സുജ ആന്റണി, എ.വി.വെന്നി, സുധർമ്മ കൊട്ടുവള്ളിക്കാട്, സജീവൻ പണിക്കശേരി എന്നിവർ പ്രസംഗിച്ചു●

## ബിവറേജസ് ഔട്ട്ലെറ്റ് അടച്ചുപൂട്ടുക

തിരുവനന്തപുരം മുട്ടത്തറ പരുത്തിക്കുഴിയിൽ ആരംഭിച്ച ബിവറേജസ് ഔട്ട്ലെറ്റ് അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് നടക്കുന്ന ബഹുജന സമരം ഒരുമാസം പിന്നിട്ടു. മദ്യവിരുദ്ധ ജനകീയ സമിതിയാണ് സമരം നയിക്കുന്നത്.

മദ്യശാല ഉപരോധിച്ചുകൊണ്ടാണ് സമരം മുന്നേറുന്നത്. സാമൂഹ്യവിരുദ്ധരുടെ അതിക്രമവും പോലീസ് കേസുകളും അതിജീവിച്ച് മുന്നേറുന്ന സമരത്തിന് പിന്തുണ ഏറിവരികയാണ്. വർഗ്ഗീയ ലഹളയ്ക്ക് രണ്ടുവട്ടം സാക്ഷ്യംവഹിച്ച ഈ പ്രദേശത്തെ ജനങ്ങൾ ഇന്ന് മദ്യവിരുദ്ധ സമര വേദിയിൽ പടുത്തുയർത്തിയ മത സൗഹാർദത്തിന്റെയും സാഹോദര്യത്തിന്റെയും ഐക്യം അധികാരികളുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. അമ്പലമുറ്റത്തും പള്ളിമുറ്റത്തും കൂടുന്ന കമ്മിറ്റി യോഗങ്ങളും സമരവേദിയിലെത്തുന്ന മത നേതാക്കളും സമരപ്പന്തലിൽ നോമ്പ് തുറന്ന് ഇഫ്താർ സംഗമം ചേർന്ന് ഊഷ്മളമായ മനുഷ്യബന്ധം ഊട്ടിയുറപ്പിക്കുന്ന മദ്യവിരുദ്ധ സമരം നമ്മുടെ നാടിന് പുതിയ പാഠങ്ങൾ പകർന്ന് നൽകുകയാണ്. നാട് നേരിടുന്ന സാമൂഹ്യ വിപത്തുകളെ ചെറുത്ത് പരാജയപ്പെടുത്താൻ ജനകീയ സമര കമ്മിറ്റികൾക്ക് കഴിയുമെന്ന മഹത്തായ പാഠം പകർന്നുനൽകുന്ന പരുത്തിക്കുഴിയിലെ ജനകീയ സമരം വിജയിപ്പിക്കേണ്ടത് എല്ലാ മനുഷ്യസ്നേഹികളുടെയും കടമയായി മാറിയിരിക്കുന്നു.

ബാലകൃഷ്ണ സ്വാമി ക്ഷേത്രം ട്രസ്റ്റ് പ്രസിഡന്റ് പി.സതീശൻ ചെയർമാനും എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടേറിയറ്റ് അംഗം സഖാവ് ആർ.ബിജു ജനറൽ കൺവീനറുമായ മദ്യവിരുദ്ധ ജനകീയ സമിതി വിവിധ രാഷ്ട്രീയ-സാമുദായിക-മത നേതാക്കളായ കൺവീനർമാരാൽ നയിക്കപ്പെടുന്നതാണ്●

## എബ്രഹാം പുതുശ്ശേരി അനുസ്മരണം

പശ്ചിമകൊച്ചിയിലെ പൊതുജീവിതത്തിൽ നിറസാന്നിധ്യമായിരുന്ന ശ്രീ.എബ്രഹാം പുതുശ്ശേരി നിലനില്ക്കുന്ന മൂല്യങ്ങൾക്കുവേണ്ടി നിലകൊണ്ട വ്യക്തിത്വമായിരുന്നു എന്ന് ജനകീയ പ്രതിരോധ സമിതിയുടെ സംസ്ഥാന കൺവീനർ ശ്രീ. ടി.കെ.സുധീർകുമാർ ചൂണ്ടിക്കാണിച്ചു. തോപ്പുംപടിയിലെ കരുവേലിപ്പടി ടാഗോർ ലൈബ്രറിയിൽ മെയ് 14ന് സമിതി സംഘടിപ്പിച്ച അനുസ്മരണയോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മട്ടാഞ്ചേരി പ്രദേശത്തെ ചേരികളിൽ താമസിക്കേണ്ടിവന്ന ഹതഭാഗ്യരായ കുടുംബങ്ങൾക്ക് പുതുശ്ശേരി മാഷ് എന്നും താങ്ങും തണലുമായിരുന്നു. ബിഒടി പാലത്തിനെതിരെ വളർന്നുവന്ന ജനകീയ പ്രക്ഷോഭണത്തിൽ അദ്ദേഹം നേതൃത്വപരമായ പങ്കുവഹിച്ചു.

സമിതിയുടെ ജില്ലാകൺവീനർ ഫ്രാൻസിസ് കളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അഡ്വ:പഞ്ഞിമല ബാലകൃഷ്ണൻ, ലൈബ്രറി വൈസ് പ്രസിഡന്റ് എം.ആർ.ശശിധരൻ, സി.എസ്. ജോസഫ്, ജോണി ജോസഫ്, അബ്ദുൾ റഷീദ്, കെ.കെ.ശോഭ, സജി പുതുശ്ശേരി തുടങ്ങിയവർ പ്രസംഗിച്ചു●

## നിയമ വിരുദ്ധമായി അടച്ചുപൂട്ടിയ കങ്ങഴ എംജിഡിഎം ആശുപത്രി തുറന്ന് പ്രവർത്തിപ്പിക്കുക



ആശുപത്രിക്ക് മുൻപിൽ നടന്ന കുടുംബധർണ്ണ എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു

കഴിഞ്ഞ പത്ത് മാസമായി മുടങ്ങിയിരിക്കുന്ന ശമ്പളം നൽകുക, മിനിമം വേതനം ഉറപ്പാക്കുക, മാനേജ്മെന്റിന്റെ പിഎഫ്, ഇഎസ്ഐ, ക്ഷേമനിധി വിഹിതങ്ങൾ കൃത്യമായി അടയ്ക്കുക, പിരിഞ്ഞ് പോയവർക്ക് നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് കങ്ങഴ എംജിഡിഎം ആശുപത്രിയിലെ നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ഓഫീസ് സ്റ്റാഫ്, ക്ലീനിംഗ് സ്റ്റാഫ് തുടങ്ങിയ എല്ലാ വിഭാഗം ജീവനക്കാരും ഒറ്റക്കെട്ടായി കഴിഞ്ഞ ഒന്നര മാസമായി ഒരു ധർമസമരത്തിലാണ്.

2017 ഡിസംബർ 31ന് മുമ്പായി ശമ്പളം കുടിശ്ശിക അടക്കം നൽകിക്കൊള്ളാമെന്ന് മാനേജ്മെന്റ് നൽകിയിരുന്ന ഉറപ്പ് ലംഘിക്കപ്പെട്ടതിനെ തുടർന്നാണ്, ലേബർ ഓഫീസർക്ക് പരാതി നൽകുന്നത് അടക്കമുള്ള വ്യവസ്ഥാപിത മാർഗ്ഗങ്ങൾ അവലംബിച്ചതിന് ശേഷം എഐയുടിയുസിയുടെ നേതൃത്വത്തിൽ നിയമാനുസൃതം മുൻകൂർ നോട്ടീസ് നൽകിക്കൊണ്ട് ഏപ്രിൽ 6 മുതൽ അനിശ്ചിതകാല പണിമുടക്ക് സമരം ആരംഭിച്ചത്.

തികച്ചും ന്യായവും അനുപേക്ഷണീയവുമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ജീവനക്കാർ നടത്തുന്ന സമരം രമ്യമായി ഒത്തുതീർപ്പാക്കാൻ ശ്രമിക്കുന്നതിനു പകരം മാനേജ്മെന്റ്, ആശുപത്രി അടച്ചുപൂട്ടുകയാണ് ചെയ്തത്. ഇത്, ജീവനക്കാരോടും തൊഴിലാളികളോടുമുള്ള വെല്ലുവിളി മാത്രമല്ല, രോഗികളോടും ജനങ്ങളോടുമുള്ള ധിക്കാരം കൂടിയാണ്●

## പ്രീ പ്രൈമറി അദ്ധ്യാപകർ മാർച്ച് നടത്തി




കോഴിക്കോട് നടന്ന ഡിഡിഇ ഓഫീസ് മാർച്ച്

എയ്ഡഡ് സ്കൂളുകളുടെയും ഗവൺമെന്റ് സ്കൂളുകളുടെയും ഭാഗമായി പ്രീപ്രൈമറിയെ അംഗീകരിക്കുക, സർക്കാർ പ്രതിമാസ ശമ്പളം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രീപ്രൈമറി ടീച്ചേഴ്സ് ആന്റ് ഹെൽപേഴ്സ് ഓർഗനൈസേഷൻ(പിപിടിഎച്ഒ) കണ്ണൂർ കളക്ട്രേറ്റിലേയ്ക്കും കോഴിക്കോട് ഡിഡിഇ ഓഫീസിലേയ്ക്കും മാർച്ച് നടത്തി. മെയ് 11ന് നടന്ന കോഴിക്കോട് ഡിഡിഇ ഓഫീസ് മാർച്ച് സ്ത്രീ സുരക്ഷാസമിതി രക്ഷാധികാരി എ. ശേഖർ ഉദ്ഘാടനം ചെയ്തു. പിപിടിഎച്ഒ സംസ്ഥാന സെക്രട്ടറി വി.വിജയഷോമ മുഖ്യപ്രസംഗം നടത്തി. കെ.പി.സുബൈദ അദ്ധ്യക്ഷത വഹിച്ചു.പി.വനജ(സംസ്ഥാന പ്രസിഡണ്ട്), ഷിനു സാമുവൽ, പി. എം.ശ്രീകുമാർ, സ്മിത, അനിത എന്നിവർ പ്രസംഗിച്ചു.

മെയ് 18ന് കണ്ണൂർ കളക്ട്രേറ്റിലേയ്ക്ക് നടന്ന മാർച്ച് എ. ശേഖർ ഉദ്ഘാടനം ചെയ്തു. വി.വിജയഷോമ അദ്ധ്യക്ഷത വഹിച്ചു.സംസ്ഥാന പ്രസിഡൻറ് പി.വനജ ,ജനകീയ പ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറി കെ.കെ.സുരേന്ദ്രൻ, പിപിറ്റിഎച്ഒ സംസ്ഥാന ജോയിന്റ് സെക്രട്ടറി അനൂപ് ജോൺ ഏരിമറ്റം, ഷിനു സാമുവൽ (കാസറഗോഡ് ജില്ലാ സെക്രട്ടറി), എൻ.അജിത (കണ്ണൂർ ജില്ലാ പ്രസിഡന്റ്), ബി.കെ. രേഷ്മ(സംസ്ഥാന ട്രഷറർ) ,രശ്മി രവി എന്നിവർ പ്രസംഗിച്ചു●



കണ്ണൂർ കളക്ട്രേറ്റ് മാർച്ച് എ.ശേഖർ ഉദ്ഘാടനം ചെയ്യുന്നു

## കെവിന്റെ കൊലപാതകത്തിന് കൂട്ടുനിന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കുക




മെയ് 30ന് കോട്ടയം ടൗണിൽ നടന്ന പ്രതിഷേധ പ്രകടനം

കെവിന്റെ കൊലപാതകത്തിന് കൂട്ടുനിന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണം എന്നാവശ്യപ്പെട്ട് എഐഎംഎസ്എസ്, എഐഡിവൈഒ, എഐഡിഎസ്ഒ എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിഷേധ പരിപാടികൾ നടന്നു.

കോട്ടയത്ത് നടന്ന പ്രതിഷേധ യോഗം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)സംസ്ഥാന കമ്മിറ്റി അംഗം സഖാവ് മിനി.കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു മുഖ്യ പ്രസംഗം നടത്തി. എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സഖാവ് ആശാ രാജ്, എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് സഖാവ് എം.കെ.ഷഹസാദ്, എഐഡിവൈഒ ജില്ലാ സെക്രട്ടറി സഖാവ് അനില ബോസ്, സഖാവ് വി.അരവിന്ദ് തുടങ്ങിയവർ പ്രസംഗിച്ചു. പ്രകടനത്തിന് സഖാക്കൾ ടി.ഷിജിൻ, കെ.എസ്.ചെല്ലമ്മ, സാലി സെബാസ്റ്റ്യൻ, ആർ.മീനാക്ഷി തുടങ്ങിയവർ നേതൃത്വം നൽകി.

കൊല്ലം അഞ്ചൽ നടന്ന യോഗം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി അംഗം സഖാവ് ഷൈല കെ. ജോൺ ഉദ്ഘാടനം ചെയ്തു. ലോക്കൽ സെക്രട്ടറി സഖാവ് കെ.ശശാങ്കൻ, ജില്ലാ കമ്മിറ്റിയംഗം സഖാവ് ജി. ധ്രുവകുമാർ എന്നിവർ പ്രസംഗിച്ചു. സഖാക്കൾ കെ.മഹേഷ്, ജി.സതീശൻ, ഇ.കുഞ്ഞുമോൻ, സി.മുരളി എന്നിവർ പ്രകടനത്തിന് നേതൃത്വം നൽകി. കൊല്ലം ടൗണിൽ നടന്ന യോഗം പാർട്ടി ജില്ലാ കമ്മിറ്റിയംഗം സഖാവ് ബി. വിനോദ് ഉദ്ഘാടനം ചെയ്തു. സഖാക്കൾ എസ്. രാഘവൻ, ബി. രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു●

# കേന്ദ്രനയത്തിന്റെ ചുവടുപിടിച്ചുള്ള എൽഡിഎഫ് സർക്കാറിന്റെ വ്യവസായ – തൊഴിൽ നയം

**2018** മാർച്ച് 8നും മേയ് 9നുമായി കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത കേന്ദ്ര ട്രേഡ് യൂണിയനുകളുടെ മീറ്റിംഗ് വിളിച്ചുചേർക്കുകയുണ്ടായി. ആദ്യത്തെ യോഗം, 'നോക്കുകൂലി', 'യൂണിയനുകൾ തൊഴിലാളികളെ വിതരണം ചെയ്യൽ' എന്നീ അജണ്ടകളിലും രണ്ടാമത്തേത്, 'വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ വിവിധ വിഷയങ്ങൾ' എന്ന അജണ്ടയിലുമായിരുന്നു. അംഗീകൃത കേന്ദ്ര ട്രേഡ് യൂണിയനായ എഐയുറ്റിയുസി യെ പ്രതിനിധീകരിച്ച് സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ, സെക്രട്ടേറിയറ്റ് അംഗം എസ്.സീതിലാൽ, ട്രഷറർ ഡി. ഹരികൃഷ്ണൻ എന്നിവർ ഈ യോഗങ്ങളിൽ പങ്കെടുക്കുകയുണ്ടായി.

ട്രേഡ് യൂണിയൻ നേതാക്കളുടെ അഭിപ്രായങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകിക്കൊണ്ട് ഒരു അന്തിമ തീരുമാനത്തിലെത്തുന്നതിന് പകരം, മുഖ്യമന്ത്രി ഈ രണ്ട് യോഗങ്ങളിലും മുൻകൂട്ടി തയ്യാറാക്കിയ ചില തീരുമാനങ്ങളുടെ പ്രഖ്യാപനമാണ് നടത്തിയത്. ഈ തീരുമാനങ്ങൾക്ക് ചർച്ചക്കെത്തിയവരുടെ പിന്തുണ ഉണ്ടാക്കിയെടുക്കുക മാത്രമായിരുന്നു മുഖ്യമന്ത്രിയുടെ ഉദ്ദേശ്യം.

എൽഡിഎഫ് സർക്കാർ രണ്ടാം വാർഷികം ആഘോഷിക്കുന്ന തിരക്കിലാണ്. ഭരണനേട്ടങ്ങളുടെ പട്ടികയിൽ ഇടം പിടിച്ച ഒന്നാണ് നോക്കുകൂലി നിരോധനം. മാർച്ച് 8ന് നടന്ന ചർച്ചയ്ക്കൊടുവിൽ, വരുന്ന മേയ് ദിനത്തിൽ നോക്കുകൂലി നിരോധനനിയമം നിലവിൽ വരുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തു. തൊഴിലാളികളുടെ അവകാശസമര ചരിത്രത്തിൽ ഏറ്റവും പ്രോജ്ജ്വലമായ മേയ്ദിനം തന്നെ ഈ തൊഴിലാളിവിരുദ്ധ നയപ്രഖ്യാപനത്തിന് ശ്രീ പിണറായി വിജയൻ തെരഞ്ഞെടുത്തത് യാദൃശ്ചികമല്ല. ആ മഹത്തായ ചരിത്രദിനത്തിൽ കേരളത്തിലെ ചുമട്ടുതൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കുകയും, അവരെ പൊതുസമൂഹത്തിനു മുമ്പിൽ പിടിച്ചുപറിക്കാരും ഗുണ്ടകളുമായി മുദ്രകുത്തി അപമാനിക്കുകയുമാണ് സർക്കാർ ചെയ്തത്.

ജീവിതത്തിന്റെ ദീർഘകാലവും ചുമടെടുത്ത് ഉപജീവനം നടത്തുന്ന ചുമട്ടുതൊഴിലാളികൾ പിടിച്ചുപറിക്കാരാണെന്ന് ചില മാധ്യമങ്ങളും ബൂർഷ്വാ മാന്യന്മാരും പറയാൻ തുടങ്ങിയിട്ട് ഏറെക്കാലമായി. തൊഴിലാളിപ്രസ്ഥാനങ്ങൾക്ക് അവശ്യമുണ്ടായിരിക്കേണ്ട ധാർമ്മികതയെക്കുറിച്ച് ചിന്തിച്ചിട്ടുപോലുമില്ലാത്ത ചില സംഘടനാനേതൃത്വങ്ങൾ നിക്ഷിപ്ത താല്പര്യങ്ങൾക്കുവേണ്ടി വളർത്തിയെടുത്ത കൈയ്യൂക്കിന്റെ ശൈലി പൊതുജനങ്ങളുടെ നിശിത വിമർശനത്തിന് ഇടവരുത്തിയിരുന്നു. ഒരു വിഭാഗം തൊഴിലാളികൾ അനുവർത്തിച്ചുപോന്ന അനാശാസ്യമായ ഈ ശൈലിയെ പ്രോത്സാഹിപ്പിച്ചവർ തന്നെയിന്ന് അതിന്റെ പേരുപറഞ്ഞുകൊണ്ട് ചുമട്ടുതൊഴിലാളികളെ ആകമാനം മോശക്കാരായി ചിത്രീകരിക്കാനും അതിന്റെ മറവിൽ അവരുടെ അവകാശങ്ങൾ കവർന്നെടുക്കാനുമാണ് ശ്രമിക്കുന്നത്. തെറ്റുതിരുത്തൽ ആവശ്യമുള്ളിടത്ത് അത് ചെയ്യാതെ, നിയമം ചമച്ച് തൊഴിലാളികളെ ജയിലിലടച്ച് 'ശരിയാക്കാ'നാണ് ശ്രമിക്കുന്നത്. ഈ നേതാക്കന്മാർ തന്നെ പുലർത്തിപ്പോന്ന സംസ്കാരത്തിന്റെ പ്രശ്നം തൊഴിലാളികളെ ജയിലിലടയ്ക്കുവാനുള്ള നിയമനിർമ്മാണത്തിലൂടെ പരിഹരിക്കാൻ ശ്രമിക്കുന്നത് തികച്ചും അധാർമ്മികമാണ്.

തൊഴിലാളിവർഗ്ഗം ജീവൻ കൊടുത്ത് പൊരുതി നേടിയ തൊഴിലവകാശങ്ങൾ കോർപ്പറേറ്റുകൾക്കുവേണ്ടി കവർന്നെടുക്കുന്ന തിരക്കിലാണ് ബിജെപി യുടെ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ. ഈ ഭീതിദമായ അവസ്ഥയിൽ അതിന് അനുഗുണമാകുന്ന വാദഗതികളും നിയമ ഭേദഗതികളും കൊണ്ടുവരുന്നത് ആരെയാണ് സഹായിക്കുക?

ന്യായമായ കൂലി കൈപ്പറ്റുന്നതിന് പകരം, കയ്യൂക്കുകൊണ്ടോ സംഘടിതബലം കൊണ്ടോ അധികാരശക്തികൊണ്ടോ അധിക സംഖ്യ പിടിച്ചുവാങ്ങുന്നതിനെ എഐയുടിയുസി ഒരിക്കലും പിന്തുണച്ചിട്ടില്ല, പിന്തുണക്കുകയുമില്ല. എന്നാൽ, 'നോക്കുകൂലി' എന്ന പേരിട്ടുകൊണ്ട് ചില മാധ്യമങ്ങളും മുതലാളിമാർക്കുവേണ്ടി കൂലിയെഴുത്ത് നടത്തുന്നവരും പ്രചരിപ്പിച്ച കാര്യങ്ങൾ അർധസത്യവും അതിശയോക്തിപരവുമാണ്. ചില ഗൂഢലക്ഷ്യങ്ങളോടെയുള്ളതാണത്.

കാലങ്ങളായി ജോലി ചെയ്തുകൊണ്ടിരുന്ന ഒരു തൊഴിലാളിക്ക്/തൊഴിലാളികൾക്ക് ഒരു സുപ്രഭാതത്തിൽ യന്ത്രവൽക്കരണം മൂലം ജോലി നഷ്ടപ്പെടുമ്പോൾ ചുമട്ടുതൊഴിലാളിയാണെന്ന കാരണം കൊണ്ട് അവർ വീട്ടിൽ പോയി ഇരിക്കണമോ? ആധുനിക സമൂഹത്തിന്റെ കൂടെപ്പിറപ്പായ യന്ത്രവൽക്കരണത്തെ തൊഴിലാളികൾ എതിർക്കാതിരിക്കണമെങ്കിൽ ഒരു കാര്യം അനിവാര്യമായും ചെയ്യേണ്ടിവരും. നഷ്ടപ്പെട്ട ജോലിക്ക് തക്കതായ പുനരധിവാസ ജോലി ഉറപ്പാക്കുക, അതുവരെ നഷ്ടപരിഹാരത്തുക അനുവദിക്കുക എന്നതാണത്. ഇത് ഏതെങ്കിലുമൊരു മുതലാളിയുടെയോ തൊഴിൽ ദാതാവിന്റെയോ സർക്കാറിന്റെയോ ഔദാര്യമല്ല. അനവധി പോരാട്ടങ്ങളിലൂടെ തൊഴിലാളികൾ നേടിയെടുത്ത അവകാശമാണ്. ചുമട്ട് തൊഴിലാളികൾക്ക് ഈ അവകാശം അനുവദിക്കുകയില്ല എന്നു പറയുന്നവർ ആരായാലും അവർ, ഇത്തരം കഠിനാദ്ധ്വാനം ചെയ്യുന്നവരെ രണ്ടാംതരം പൗരന്മാരായാണ് കാണുന്നത്. ജോലി നഷ്ടപ്പെടുമ്പോൾ ആവശ്യപ്പെടുന്ന നഷ്ടപരിഹാരത്തുകയെ 'നോക്കുകൂലി'യായി വക്രീകരിച്ച് തൊഴിലാളികളെ അപഹസിക്കുന്നതും നിയമഭേദഗതികൾ കൊണ്ടുവന്ന് അവരെ ക്രിമിനൽ നടപടികൾക്ക് വിധേയമാക്കുന്നതും സമൂഹത്തിന്റെ ജനാധിപത്യപ്രക്രിയയുടെ പിറകോട്ടടിക്കാണ് സഹായിക്കുക.

ഇതേപോലെ തന്നെയാണ് തൊഴിൽ സമരങ്ങളോടും തൊഴിൽപ്രശ്നങ്ങളോടുമുള്ള എൽഡിഎഫ് സർക്കാറിന്റെ സമീപനം. പിണറായി സർക്കാറിന്റെ തൊഴിൽ നയത്തിന്റെയും വ്യവസായനയത്തിന്റെയും കാതൽ, കേരളത്തെ 'സമ്പൂർണ്ണ നിക്ഷേപസൗഹൃദവും' 'സംരംഭകത്വ സൗഹൃദവും' ആയ സംസ്ഥാനമാക്കി മാറ്റുക എന്നതാണ്. എല്ലാ തൊഴിൽ നിയമങ്ങളും കാറ്റിൽ പറത്തിക്കൊണ്ട് എഴുന്നൂറോളം കശുവണ്ടി ഫാക്ടറികൾ അടച്ചുപൂട്ടി രണ്ട് ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളെ പട്ടിണിക്കിടുകയും അവരുടെ പിഎഫ്, ഗ്രാറ്റുവിറ്റി, ഇഎസ്ഐ എന്നിവപോലും നിഷേധിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് സർക്കാരിന് ഒന്നും പറയാനില്ല. സംസ്ഥാനത്ത് കമ്പനി അടച്ചുപൂട്ടിയവർ അയൽസംസ്ഥാനത്ത് ഇതേ കമ്പനിയുടെ പേരിൽ ഉത്പാദനം നടത്തുന്നു. ലേബർ എൻഫോഴ്സ്മെന്റ് ഇതിലൊന്നും ഇടപെടുന്നില്ല. തൊഴിൽ നിയമപരിശോധകരെ (ഇൻസ്പെക്ടർ) 'സൗകര്യദായകർ' (ഫെസിലിറ്റേറ്റർ) ആക്കി മാറ്റണമെന്നാണ് എൽഡിഎഫിന്റെ തൊഴിൽ നയത്തിൽ പറയുന്നത്. കേന്ദ്ര സർക്കാരിന്റെ ഇതേ നയത്തിനെതിരെ ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദി അഖിലേന്ത്യാ പ്രക്ഷോഭണം നടത്തുന്ന സന്ദർഭത്തിലാണിത്.

നഴ്സ്മാർ ഉൾപ്പെടെയുള്ള സ്വകാര്യ ആശുപത്രി ജീവനക്കാർ, അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ, അനദ്ധ്യാപകർ, ആശാ വർക്കർമാർ, ഷോപ്പുകളിലും മറ്റ് കച്ചവടസ്ഥാപനങ്ങളിലും പണിയെടുക്കുന്നവർ, സെക്യൂരിറ്റി ജീവനക്കാർ, ഗാർഹിക തൊഴിലാളികൾ തുടങ്ങി അനേകം മേഖലകളിൽ പണിയെടുക്കുന്നവരുടെ മിനിമം വേതനം ഉൾപ്പെടെയുള്ള പ്രശ്നങ്ങളെക്കുറിച്ച് സർക്കാരിന്റെ നയത്തിൽ ഒന്നും പറയുന്നില്ല. എന്നാൽ, നിക്ഷേപകരുടെയും സംരംഭകരുടെയും വേവലാതിയെയും ബുദ്ധിമുട്ടിനെയും കുറിച്ച് ധാരാളം പറയുന്നുണ്ടുതാനും. അത് പരിഹരിക്കുവാൻ സഹായങ്ങളും ഇളവുകളും നയത്തിൽ ഉറപ്പുവരുത്തുന്നുമുണ്ട്. സംസ്ഥാനത്തെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന 14.2 ലക്ഷം തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ചയ്ക്കെടുക്കുന്നില്ല. ദേശീയ ശരാശരി നിരക്കിനേക്കാൾ ഉയർന്ന നിരക്കിലുള്ള സംസ്ഥാനത്തെ തൊഴിലില്ലായ്മയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. "അഭ്യസ്തവിദ്യർക്ക് ജോലി കൊടുക്കുന്നതിനേക്കാൾ ജോലി നൽകുന്നവരെ സൃഷ്ടിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യ"മെന്ന് സംസ്ഥാന സർക്കാരിന്റെ വ്യവസായ-വാണിജ്യ നയത്തിൽ പറയുന്നു. ഈയിടെ കേന്ദ്ര റെയിൽവേ മന്ത്രി, 'ഇൻഡ്യൻ സാമ്പത്തിക ഉച്ചകോടിയിൽ' പറഞ്ഞതിന് തികച്ചും സമാനമാണിത്. "തൊഴിലവസരങ്ങൾ കുറയുന്നത് വളരെ നല്ല ലക്ഷണമാണെ"ന്നും, "കൂടുതൽ ചെറുപ്പക്കാർ വ്യവസായികളാകുന്ന കാഴ്ചയാണിന്ന് രാജ്യം കണ്ടു കൊണ്ടിരിക്കുന്നത്" എന്നുമായിരുന്നു റെയിൽവേ മന്ത്രിയുടെ മൊഴിമുത്ത്.

എൽപിജി പ്ലാന്റ് മേഖലയിലെ തൊഴിലാളികൾ മാസത്തിൽ ഒന്നിൽ കൂടുതൽ സമരം നടത്തിയെന്ന് പരിഹസിച്ചുകൊണ്ടും വിമർശിച്ചുകൊണ്ടുമാണ് രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി മേയ് 9ന് നടന്ന യോഗത്തിൽ മുഖ്യമന്ത്രി സംസാരിച്ചത്. തൊഴിൽസമരം മാസത്തിൽ ഒന്നിലധികം വേണമോ എന്നതായിരുന്നു മുഖ്യമന്ത്രിയുടെ അപഹാസ്യമായ ചോദ്യം. തൊഴിൽമേഖലകളിലെല്ലാം തൊഴിൽ നിഷേധവും അവകാശനിഷേധവും നടമാടുമ്പോൾ മാസത്തിൽ മുപ്പത് ദിവസവും സമരം ചെയ്യേണ്ടി വന്നേക്കാം. തൊഴിലാളികളുടെ ദുരിതങ്ങളെക്കുറിച്ച് ഓർത്താണ് ഇടതുപക്ഷ വിശ്വാസിയുടെ മനസ്സ് പിടയേണ്ടത്. മറിച്ചുള്ളത് വലതുപക്ഷ യാഥാസ്ഥിതികത്വത്തിന്റേതല്ലാതെ മറ്റൊന്നുമല്ല●



സഖാവ് വി.കെ.സദാനന്ദൻ അനുസ്മരണ സമ്മേളനത്തിൽ പ്രസംഗിക്കുന്നു

## സഖാവ് കെ.പി.കോസല രാമദാസ് അനുസ്മരണ സമ്മേളനം

**പ്ര**മുഖ ട്രേഡ് യൂണിയൻ നേതാവും എംഎൽഎയും മേയറും ആയിരുന്ന സഖാവ് കെ.പി.കോസല രാമദാസിന്റെ അഞ്ചാം ചരമ വാർഷികത്തോടനുബന്ധിച്ച് ജൂൺ 4ന് തിരുവനന്തപുരം പ്രസ്സ് ക്ലബ്ബ് ഹാളിൽ അനുസ്മരണ സമ്മേളനം നടന്നു. അനുസ്മരണ സമിതി കൺവീനറും കെഎസ്ഇബി–പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറിയുമായ എസ്. സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ, എം.ഷാജർഖാൻ (ജനകീയ പ്രതിരോധ സമിതി), എം.എൻ.അനിൽ(കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ), എ.വി.ബെന്നി (കെഎസ്ഇ വർക്കേഴ്സ് യൂണിയൻ), പി.എം. ദിനേശൻ(കെഎസ്ഇബി–പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ), എം.സി.കുട്ടപ്പൻ എന്നിവർ അനുസ്മരണ പ്രസംഗം നടത്തി. ട്രേഡ് യൂണിയൻ പ്രവർത്തനം മാനേജ്മെന്റിന്റെ താൽപ്പര്യങ്ങൾക്ക് വഴിമാറുന്നത് ഒരു പ്രവണതയായി മാറിയിരിക്കുന്ന ഇക്കാലത്ത്, സഖാവ് കെ.പി.കോസല രാമദാസിന്റെ പ്രവർത്തന ശൈലിയും നിശ്ചയദാർഢ്യവും സത്യസന്ധമായ തൊഴിലാളി പ്രവർത്തകർക്ക് എക്കാലത്തും മാതൃകയാണെന്ന് പ്രസംഗകർ ചൂണ്ടിക്കാട്ടി. തൊഴിലാളികളുടെ താൽപ്പര്യങ്ങൾ അടിയറ വെക്കാത്ത ധീരമായ നിലപാട് ജീവിതാന്ത്യംവരെ തുടർന്ന തൊഴിലാളി നേതാവായിരുന്നു അദ്ദേഹമെന്നും പ്രസംഗകർ അനുസ്മരിച്ചു. ഡി. ഹരികൃഷ്ണൻ സ്വാഗതവും നന്ദലാൽ നന്ദിയും പറഞ്ഞു●

## കെഎസ്ഇബി ഓഫീസുകളിലേയ്ക്ക് കരാർ തൊഴിലാളി മാർച്ച്

**പി**എസ്സി പ്രസിദ്ധീകരിച്ച ലിസ്റ്റിലുള്ള മുഴുവൻ കരാർ തൊഴിലാളികൾക്കും ഉടൻ നിയമനം നൽകുക, ലൈസൻസ് സമ്പ്രദായം ഒഴിവാക്കുക തുടങ്ങി വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കെഎസ്ഇബി–പിസിസി ലൈൻ വർക്കേഴ്സ് യൂണിയന്റെ ആഭിമുഖ്യത്തിൽ മേയ് 16ന് കണ്ണൂർ കെഎസ്ഇബി സർക്കിൾ ഓഫീസ് മാർച്ച് നടത്തി. സംസ്ഥാന ജനറൽ സെക്രട്ടറി സഖാവ് എസ്.സീതിലാൽ മാർച്ച് ഉദ്ഘാടനം ചെയ്തു. ജില്ലാ കൺവീനർ സഖാവ് അനൂപ് ജോൺ ഏരിമറ്റം അദ്ധ്യക്ഷത വഹിച്ചു. കെ.കെ.സുരേന്ദ്രൻ (എഐപിഎഫ് അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം), എം.കെ.ജയരാജൻ, കെ.കെ.രാധാകൃഷ്ണൻ, സാബു തോമസ്, കെ.വേലായുധൻ, വിനോദ് കുമാർ എന്നിവർ പ്രസംഗിച്ചു.



ആലപ്പുഴ വൈദ്യുതി ഭവൻ മാർച്ച് സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു

കാസറഗോഡ് കെഎസ്ഇബി സർക്കിൾ ഓഫീസിലേയ്ക്ക് മേയ് 15ന് നടന്ന മാർച്ച് സംസ്ഥാന ജനറൽ സെക്രട്ടറി സഖാവ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് സഖാവ് മുഹമ്മദ് റഫീഖ് അദ്ധ്യക്ഷത വഹിച്ചു. കെ.കെ.സുരേന്ദ്രൻ (എഐപിഎഫ് അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം), അനൂപ് ജോൺ ഏരിമറ്റം (ജില്ലാ സെക്രട്ടറി, പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ), എം.കെ.ജയരാജൻ (എഐയുറ്റിയുസി, സംസ്ഥാന കമ്മിറ്റി അംഗം) എന്നിവർ പ്രസംഗിച്ചു●

# പ്രക്ഷോഭങ്ങൾക്ക് വഴികാട്ടിയായി തൂത്തുക്കുടിയിലെ വീറുറ്റ ജനകീയ സമരം

**തൂത്തുക്കുടിയിൽ വേദാന്ത ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള സ്റ്റെർലൈറ്റ് ചെമ്പ് ഫാക്ടറിയുടെ മലിനീകരണംകൊണ്ട് പൊറുതി മുട്ടിയപ്പോഴാണ് ആയിരക്കണക്കിന് ആളുകൾ മേയ് 22ന് തൂത്തുക്കുടി കളക്ട്രേറ്റിലേയ്ക്ക് മാർച്ച് ചെയ്തത്. മാർച്ച് തികച്ചും സമാധാനപരവും സുസംഘടിതവുമായിരുന്നു. മലിനീകരണ നിയന്ത്രണ നിയമങ്ങളൊക്കെ കാറ്റിൽപറത്തി പ്രവർത്തിച്ചിരുന്ന കമ്പനിക്കെതിരെ തികച്ചും ന്യായമായ ഡിമാന്റാണ് ജനങ്ങൾ ഉയർത്തിയത്. എന്നാൽ അത് ചെവിക്കൊള്ളാൻ വേദാന്ത ഗ്രൂപ്പിന് ഒത്താശ ചെയ്യുന്ന അധികാരികൾ തയ്യാറായിരുന്നില്ല.**




അഖിലേന്ത്യാ പ്രതിഷേധ ദിനാചരണത്തോടനുബന്ധിച്ച് ചെന്നൈ നഗരത്തിൽ നടന്ന പ്രതിഷേധ റാലി

ജനകീയ സമരത്തെ നേരിടാൻ നിരോധനാജ്ഞ പ്രഖ്യാപിച്ചിരുന്നെങ്കിലും അത് വകവയ്ക്കാതെയാണ് ആയിരങ്ങൾ മാർച്ചിൽ അണിനിരന്നത്. മാർച്ചിനുമേൽ പ്രതികാരബുദ്ധിയോടെ ചാടിവീണ പോലീസ് 13 മനുഷ്യജീവൻ അപഹരിച്ചു. നൂറുകണക്കിന് ആളുകൾക്ക് ആ പൈശാചികതയിൽ ഗുരുതരമായി പരിക്കേറ്റു. മരിച്ചവരിൽ നാല് പേർ സമരത്തിന്റെ മുഖ്യ സംഘാടകരായിരുന്നു. പോലീസ് വാഹനങ്ങളുടെ മുകളിലിരുന്ന് ഈ ഔദ്യോഗിക കൊലയാളികൾ ഉന്നംപിടിച്ച് നിറയൊഴിക്കുന്നത് സമൂഹ മാദ്ധ്യമങ്ങളിലൂടെ ലോകം കണ്ടു. "പോലീസിനോടും ജില്ലാ ഭരണകൂടത്തോടുമൊപ്പം ഈ വെടിവയ്പ്പിന്റെ ഉത്തരവാദിത്വം തമിഴ്നാട് ഗവൺമെന്റിനും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനും തമിഴ്നാട് മലിനീകരണ നിയന്ത്രണ ബോർഡിനും മാനേജ്മെന്റിന് ഒത്താശ ചെയ്ത നീതിന്യായ സംവിധാനത്തിനുമുണ്ട്" എന്ന് സ്റ്റേറ്റ്സ്മാൻ പത്രം മുഖപ്രസംഗമെഴുതി. രക്തസാക്ഷികളുടെ ത്യാഗങ്ങളും നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളും ഒരിക്കലും പാഴായി പോകില്ല. ശക്തമായ ജനകീയ സമരത്തിന്റെയും വ്യാപകമായ ജനാഭിപ്രായത്തിന്റെയും മുൻപിൽ മുട്ടുമടക്കിയ തമിഴ്നാട്ടിലെ എഐഎഡിഎംകെ സർക്കാർ ഫാക്ടറി എന്നെന്നേക്കുമായി അടച്ചുപൂട്ടുന്നതിന് ഉത്തരവിടാൻ നിർബന്ധിതമായി.

ജീവിതത്തിന്റെ നാനാമേഖലകളിൽ മുതലാളിത്തം നടത്തുന്ന ആക്രമണങ്ങൾക്ക് അറുതിവരുത്താൻ പ്രക്ഷോഭത്തിന്റെ മാർഗ്ഗമല്ലാതെ മറ്റൊന്നും തൊഴിലാളിവർഗ്ഗത്തിന്റെ മുൻപിലില്ല. ആ പാതയിൽനിന്ന് അദ്ധ്വാനിച്ച് ജീവിക്കുന്നവരെ പിൻതിരിപ്പിക്കാൻ മുതലാളിവർഗ്ഗവും അവരുടെ ദാസ്യത്തിലുള്ള ഗവൺമെന്റുകളും പാർട്ടികളും കൊണ്ടുപിടിച്ച് ശ്രമിക്കുന്ന ഇക്കാലത്ത് തൂത്തുക്കുടിയിലെ വീറുറ്റ സമരം അതീവപ്രാധാന്യം അർഹിക്കുന്നതാണ്. ജാതി-മത ചിന്താഗതികളുടെയും വിഭാഗീയ പ്രവണതകളുടെയും പേരിൽ അദ്ധ്വാനിച്ച് ജീവിക്കുന്നവരെ തമ്മിലടിപ്പിക്കാനും അവരുടെ ഐക്യം തകർക്കാനും മുതലാളിവർഗ്ഗം എല്ലാ അടവുകളും പയറ്റുന്നു. അതോടൊപ്പം യുക്തിചിന്തയും സാമൂഹ്യബോധവും കെടുത്താനും മനുഷ്യത്വംതന്നെ ചോർത്തിക്കളയാനും അതുവഴി അനീതിക്കെതിരെ നട്ടെല്ല് നിവർത്തിനിന്ന് പോരാടാനുള്ള ജനങ്ങളുടെ ശേഷിതന്നെ തകർക്കാനും അവരെ വേറും വോട്ട് ബാങ്കുകളാക്കി മാറ്റാനുമുള്ള ഹീനമായ ഗൂഢാലോചനയും അരങ്ങേറുന്നു. സിപിഐ(എം), സിപിഐ പോലെ ഇടത് എന്ന് അവകാശപ്പെടുന്ന പാർട്ടികൾ പോലും ഇന്ന് സമരപാത വെടിഞ്ഞ് അധികാരത്തിന്റെ ഇടനാഴികളിൽ ഭാഗ്യാന്വേഷികളായി അലയാനും മുതലാളിവർഗ്ഗത്തെ അലോസരപ്പെടുത്തുന്ന എല്ലാ നടപടികളിൽനിന്നും തലയൂരാനും ശ്രമിക്കുകയാണ്.

ഈ വൈതരണികളൊക്കെ തരണംചെയ്തുകൊണ്ടാണ് തൂത്തുക്കുടിയിലെ ജനങ്ങൾ ശക്തമായൊരു പോരാട്ടം വളർത്തിയെടുത്തത്. വ്യവസ്ഥിതിയുടെയാകെ പിന്തുണ പിടിച്ചുപറ്റിയ ഒരു വമ്പൻ കുത്തകയുടെ ധിക്കാരത്തിനും ക്രൂരതകൾക്കുമെതിരെയാണ് അവർ സധീരം പൊരുതിയത്. രാജ്യത്തിനകത്തും പുറത്തുമുള്ള വേദാന്ത ഗ്രൂപ്പിന്റെ




സെക്രട്ടേറിയറ്റിന് മുൻപിൽ നടന്ന പ്രതിഷേധ പ്രകടനം

വ്യവസായ സംരംഭങ്ങളൊക്കെ എല്ലാ നിയമങ്ങളും കാറ്റിൽ പറത്തി, ഗുരുതരമായ മലിനകരണം സൃഷ്ടിച്ച്, ജനജീവിതം താറുമാറാക്കിയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഗ്രാമവാസികളെ കുടിയൊഴുപ്പിച്ച് ഇവർ ഭൂമി പിടിച്ചെടുക്കുന്നു. 93ൽ ഇവരെ തമിഴ്നാട്ടിലേയ്ക്ക് ആനയിച്ചത് ജയലളിത സർക്കാരാണ്. അവർ ഫാക്ടറിക്ക് തറക്കല്ലിട്ടു. അവരുടെ എതിരാളിയായ കരുണാനിധി ഭരിക്കുമ്പോഴാണ് ഉദ്ഘാടനം നടന്നത്. നിയമം ലംഘിക്കുമ്പോഴൊക്കെ കേന്ദ്ര-സംസ്ഥാന സർക്കാരുകളും ഉദ്യോഗസ്ഥ പ്രമാണിമാരും കമ്പനിയുടെ രക്ഷയ്ക്കെത്തും. മദ്രാസ് ഹൈക്കോടതിയും സുപ്രീം കോടതിയും ഇവർക്ക് ഒത്താശ ചെയ്തിട്ടുണ്ട്. 2013ൽ പ്ലാന്റിൽനിന്ന് വിഷവാതകം ചോർന്ന് ജനങ്ങൾക്ക് ഗുരുതരമായ അസ്വസ്ഥതകളുണ്ടായപ്പോൾ ഉദ്യാഗസ്ഥർ ആവശ്യമായ തെളിവ് ഹാജരാക്കാതെ കമ്പനിയെ രക്ഷിച്ചു. തൂത്തുക്കുടി ഇന്ന് ക്യാൻസറിന്റെ തമിഴ്നാട്ടിലെ ആസ്ഥാനമായിത്തീർന്നിരിക്കുന്നു. കമ്പനിയുടെ വിപുലീകരണം തടഞ്ഞുകൊണ്ട് ഉത്തരവിറക്കി ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ ശ്രമിച്ച അധികാരികൾ ആ നിരോധനം നീക്കിക്കൊടുക്കാനുള്ള തിരക്കിലായിരുന്നുതാനും. തമിഴ്നാട് മാറിമാറി ഭരിക്കുന്ന എഐഎഡിഎംകെ, ഡിഎംകെ പാർട്ടികളുമായി മാത്രമല്ല, ബിജെപി, കോൺഗ്രസ് കക്ഷികളുമായും കമ്പനി നല്ല ചങ്ങാത്തത്തിലാണ്. കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള യുപിഎ മന്ത്രിസഭയിൽ ധനകാര്യ മന്ത്രിയായിരുന്നയാൾ കമ്പനിയുടെ നിയമോപദേശക സമിതി അംഗമായിരുന്നു. കമ്പനിക്ക് അനുകൂലമായ സാമ്പത്തിക നടപടികൾ ഇദ്ദേഹത്തിൽനിന്ന് ഉണ്ടായിട്ടുണ്ട്. ഇപ്പോൾ നരേന്ദ്രമോദിയുമായി അടുത്ത ബന്ധത്തിലാണ് ഇവർ. ബിജെപിയുടെ പ്രൈവറ്റ്-പബ്ലിക് പാർട്ണർഷിപ്പ് സംരംഭങ്ങളുടെ രാജ്യത്തും പുറത്തുമുള്ള പ്രചാരകരാണ് വേദാന്ത ഗ്രൂപ്പ്.

ഇന്നത്തെ നിരാശാജനകമായ രാഷ്ട്രീയ സാഹചര്യത്തിൽ തൂത്തുക്കുടി ജനത നടത്തിയ ധീരോദാത്തമായ സമരം പ്രതീക്ഷ ഉണർത്തുന്നതും ആവേശദായകവുമാണ്. മരണത്തെപ്പോലും തൃണവൽഗണിച്ചുകൊണ്ട് പൊരുതാൻ രാജ്യമെമ്പാടുമുള്ള അദ്ധ്വാനിച്ച് ജീവിക്കുന്ന ജനങ്ങൾക്ക് പ്രചോദനമാകുന്നതാണ് ഈ പ്രക്ഷോഭം. വമ്പിച്ച പൊതുജനാഭിപ്രായം സമരത്തിന് അനുകൂലമായി ഉയർന്നതും അതുകൊണ്ടുതന്നെ. ഫാക്ടറി അടച്ചുപൂട്ടി മുഖം രക്ഷിക്കാൻ അധികാരികൾ നിർബന്ധിതരായിത്തീർന്നു. നമ്മുടെ സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ നടത്തിയ കൂട്ടക്കൊലകളെ അനുസ്മരിപ്പിക്കുന്ന ഭരണകൂട ഭീകരതയാണ് തൂത്തുക്കുടിയിൽ അരങ്ങേറിയത്.

ബൂർഷ്വാ പാർട്ടികളൊന്നും ജനങ്ങളുടെ സമരം വളർത്തിയെടുക്കാൻ മുതിരില്ല. എന്നാൽ തമിഴ്നാട്ടിൽ ജനപിന്തുണയുണ്ടെന്ന് അവകാശപ്പെടുന്ന സിപിഐ(എം), സിപിഐ പാർട്ടികൾ ഈ പ്രക്ഷോഭത്തോടൊപ്പം നിലയുറപ്പിക്കാത്തതിൽ ഇടതുപക്ഷ വിശ്വാസികൾ നിരാശരാണ്. അഖിലേന്ത്യാ തലത്തിലോ പാർലമെന്റിലോ ഈ വിഷയത്തെ അധികരിച്ച് ഒരു പ്രതിഷേധത്തിന് അവർ മുതിർന്നില്ല. അവരുടെ പ്രതിഷേധം ഒരു പത്രപ്രസ്താവനയിൽ ഒതുങ്ങി. മുമ്പ് കൂടംകുളം ആണവനിലയത്തിനെതിരെ സമരം ഉയർന്നുവന്നപ്പോഴും ഇതേ നിലപാട്തന്നെയാണ് അവർ സ്വീകരിച്ചത്.

അവർ സമരപാത ഉപേക്ഷിച്ച് കഴിഞ്ഞിരിക്കുന്നു എന്നതാണ് കാരണം. ഭരണം കൈയാളുന്ന സന്ദർഭത്തിൽ അവർ സമരങ്ങളെ അടിച്ചമർത്തുകയും ചെയ്യുന്നു. അധികാരത്തിന് പുറത്തായിരിക്കുമ്പോൾ മുതലാളിവർഗ്ഗത്തിന് ഒട്ടും അലോസരമുണ്ടാക്കാതെ തന്ത്രപൂർവ്വമുള്ള നിലപാടുകൾ സ്വീകരിക്കുന്നു. ഇക്കൂട്ടരുടെ ഈ വിട്ടുവീഴ്ചാ മനോഭാവവും മുതലെടുപ്പുംമൂലം തൂത്തുക്കുടി സമരത്തിൽനിന്ന് ആവേശമുൾക്കൊണ്ട് ഇടത് ജനാധിപത്യ പ്രക്ഷോഭത്തിൽ അലകടൽ സൃഷ്ടിക്കാനുള്ള സുവർണ്ണാവസരം നഷ്ടപ്പെടുകയാണ്.

എന്നാൽ യഥാർത്ഥ വിപ്ലവകാരികൾ ഉയർത്തിപ്പിടിക്കേണ്ട പോരാട്ടത്തിന്റെ പാത ഇതാണ്. വിട്ടുവീഴ്ചയുടെയും വഞ്ചനയുടെയും പാത വെടിഞ്ഞ് മുന്നോട്ടുവരാനുള്ള പ്രചോദനമായി തൂത്തുക്കുടി സമരം മാറിയിരിക്കുന്നു. അത് പ്രതീക്ഷയുടെ ഒരു തിരിനാളം തെളിച്ചിരിക്കുന്നു. അടിയുറച്ച് പൊരുതിയാൽ വിജയം സുനിശ്ചിതമാണെന്ന് ഈ സമരം കാണിച്ചുതരുന്നു. എന്നാൽ ഇത്തരം സമരങ്ങളെ ശരിയായ പാതയിൽ മുന്നോട്ട് കൊണ്ടുപോവാനും ഉയർന്ന തലങ്ങളിലേയ്ക്ക് വളർത്തിയെടുക്കാനും ശരിയായ വിപ്ലവ നേതൃത്വം അനിവാര്യമാണ്. അല്ലാത്ത പക്ഷം എത്ര പ്രതിഷേധനിർഭരമായ സമരവും പാതിവഴിക്ക് അസ്തമിക്കുകയും നിരാശ പടർത്തുകയും ചെയ്യും. ജനങ്ങൾ സാമൂഹ്യബോധം ആർജ്ജിച്ചാൽ, നിശ്ചയദാർഢ്യത്തോടെ ചൂഷണ വ്യവസ്ഥിതിക്കെതിരെ പൊരുതാൻ ഉറച്ചാൽ സ്ഥാപിത താല്പര്യക്കാർ കിടിലം കൊള്ളുമെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. സമരാവേശം പടർന്നാൽ അതിനെ അടിച്ചമർത്താനാവില്ല. നാല് നേതാക്കളെ വെടിവച്ചുകൊന്നാൽ അത് എട്ടായി, പതിനാറായി വളർന്നുവരും. അതുകൊണ്ടാണ് മുതലാളിവർഗ്ഗം ജനങ്ങളെ സമരപാതയിൽ നിന്നും പിന്നോട്ട് വലിക്കുന്നതും യഥാർത്ഥ വിപ്ലവകാരികൾ ചൂഷണ വ്യവസ്ഥയെ തകർത്ത് സമൂഹത്തിന്റെ അടിസ്ഥാനപരമായ പരിവർത്തനം സാദ്ധ്യമാക്കാൻവേണ്ടി നിലകൊള്ളുന്നതും. ശരിയായ പ്രത്യയശാസ്ത്രത്തിന്റെയും ഉന്നതമായ സംസ്കാരത്തിന്റെയും അടിത്തറയിൽ ജനകീയ സമരങ്ങൾ വികസിപ്പിച്ചെടുക്കേണ്ടത് ഇതിന് അനിവാര്യമാണ്.

താഴേത്തലങ്ങളിൽനിന്നും സമരം വളർന്നുവരാനും അത് വ്യാപകമായ പ്രക്ഷോഭത്തിന്റെ രൂപമെടുക്കാനും ഉയർന്ന സാസ്കാരികാവസ്ഥ സൃഷ്ടിച്ചുകൊണ്ട് അധ്വാനിച്ച് ജീവിക്കുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കാനും സമരോപകരണങ്ങൾ എന്ന നിലയിൽ താഴേത്തലംമുതൽ ജനകീയ കമ്മറ്റികൾക്കും വോളന്റിയർ സംഘങ്ങൾക്കും രൂപംകൊടുക്കേണ്ടതുണ്ടെന്ന് ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകരിലൊരാളായ സഖാവ് ശിബ്ദാസ്ഘോഷിന്റെ പാഠങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന നമ്മുടെ പാർട്ടി നിരന്തരം ഓർമ്മിപ്പിക്കുന്നു. ശക്തരായ ശത്രുക്കൾക്കെതിരെ അടിയുറച്ച് പൊരുതാൻ ഈ ജനകീയ കമ്മറ്റികൾ ജനങ്ങൾക്ക് അടിത്തറയും കരുത്തും പ്രദാനംചെയ്യും.

തുടക്കത്തിൽ ജനങ്ങൾക്ക് വലിയ രാഷ്ട്രീയ ധരണയൊന്നുമുണ്ടാകില്ല. പോരാട്ടവീര്യം ഉണ്ടാകും. ക്രമേണ അവർ വ്യക്തമായ കാഴ്ച്ചപ്പാടും നിലപാടും ആർജ്ജിക്കും. സമരം മുന്നേറുമ്പോൾ സന്ധിമനോഭാവക്കാരെ ഒഴിവാക്കി ശരിയായ വിപ്ലവനേതൃത്വത്തെ സമരത്തിൽ സ്ഥാപിച്ചെടുക്കാൻ അവർക്ക് കഴിയും. ശരിയായ പാതയിൽ, ശരിയായ വിപ്ലവ നേതൃത്വത്തിൻകീഴിൽ വളർന്നുവരുന്ന ഇത്തരം ബഹുജന സമരങ്ങൾ ക്രമേണ വർഗ്ഗ സമരത്തിനും അതിന്റെ യുക്തിപരമായ പരിണതി എന്ന നിലയിൽ സാമൂഹ്യമാറ്റത്തിനും വഴിയൊരുക്കും.

തൂത്തുക്കുടി സമരത്തിന്റെ വമ്പിച്ച പ്രാധാന്യം കൂടികൊള്ളുന്നത് ഇവിടെയാണ്. ഒരിക്കൽകൂടി ഞങ്ങൾ പറയുന്നു, തൂത്തുക്കുടി സമരത്തിൽനിന്ന് ആവേശം ഉൾക്കൊണ്ട് ചൂഷിത ജനവിഭാഗങ്ങളെയാകെ അണിനിരത്തുന്ന യോജിച്ച, വിശാലമായ, സുസംഘടിതമായ പ്രക്ഷോഭം മുതലാളിത്ത വ്യവസ്ഥയ്ക്കും അതിന്റെ സേവകർക്കുമെതിരെ വളർത്തിയെടുക്കുക. പാർലമെന്ററി വ്യാമോഹം കൈവെടിഞ്ഞ്, ആലസ്യം കുടഞ്ഞെറിഞ്ഞ്, എല്ലാ വൈതരണികളെയും അതിജീവിച്ച്, പോരാട്ട വീര്യത്തോടെ മുതലാളിത്ത ചൂഷണ വാഴ്ചയ്ക്കും അതിന്റെ പിണിയാളുകൾക്കുമെതിരെ അണിനിരക്കുക എന്ന ആഹ്വാനമാണ് തൂത്തുക്കുടി സമരത്തിന്റെ വിജയം ഉയർത്തുന്നതെന്ന് തിരിച്ചറിയണമെന്ന് ഞങ്ങൾ ജനങ്ങളോട് അഭ്യർത്ഥിക്കുന്നു. പോരാട്ടത്തിലൂടെ മാത്രമേ അവകാശങ്ങൾ പിടിച്ചുപറ്റാൻ കഴിയു എന്ന് എപ്പോഴുമോർക്കുക ●

# രാജ്യത്തെ ആരോഗ്യപരിപാലനം സമ്പൂർണ തകർച്ച നേരിടുന്നു

**ലോകത്തെ "ഏറ്റവും മെച്ചപ്പെട്ട ആരോഗ്യ പരിപാലന സംവിധാന"ത്തിലേയ്ക്കാണ് രാജ്യം നീങ്ങുന്നതെന്ന് രണ്ടുവർഷം മുമ്പ് ബിജെപി പ്രധാനമന്ത്രി അവകാശപ്പെട്ടിരുന്നു. എല്ലാ ഭാരതീയർക്കും, വിശേഷിച്ച് ദരിദ്രർക്ക് താങ്ങാനാവുന്നതും ഗുണനിലവാരമുള്ളതുമായ ആരോഗ്യരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം അന്ന് പറഞ്ഞിരുന്നു. എന്നാൽ ഈ അവകാശവാദം എത്ര പൊള്ളയാണെന്ന് രാജ്യത്തെ ആരോഗ്യപരിപാലന സംവിധാനത്തെക്കുറിച്ച് ധാരണയുള്ള ഏതൊരാൾക്കുമറിയാം.**



സർക്കാർ നിയോഗിച്ച ഒരു കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം രാജ്യത്തെ 80 ശതമാനം ആളുകളും ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിഞ്ഞുകൂടുന്നവരാണ്. അതിൽ ബഹുഭൂരിപക്ഷവും രൂക്ഷമായ പോഷകക്കുറവും പട്ടിണിയുംകൊണ്ട് വലയുന്ന ഗ്രാമീണരാണ്. സ്വാഭാവികമായും അവർ പലവിധ രോഗങ്ങൾക്കും ഇരയായിരിക്കും. പ്രാഥമികമായ വൈദ്യസഹായം പോലും ലഭിക്കാത്തവരാണിവർ. അധികാരത്തിൽ വരുന്ന പാർട്ടികളെല്ലാം ഭരണമുതലാളിവർഗ്ഗത്തോട് വിധേയത്വം പുലർത്തുകയും ജനങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽപ്പോലും മാരകമായ അനാസ്ഥ കാണിക്കുകയും ചെയ്യുന്നതാണ് ഇതിന് കാരണം. കഷ്ടപ്പെട്ടിട്ടാണെങ്കിലും ഇവർക്ക് സമീപിക്കാൻ കഴിയുന്ന പ്രഥമിക-ദ്വിതീയ ആരോഗ്യ കേന്ദ്രങ്ങൾ വെറും പേരിന് മാത്രമുള്ളതാണ്. ഇതിൽ 90 ശതമാനത്തിലും ഒരു ഡോക്ടർപോലും ഉണ്ടാകില്ല. വൈദ്യ ശുശ്രൂഷ ലഭിക്കാതെ ഇവർ തെരുവ് നായയെപ്പോലെ ചത്തൊടുങ്ങുന്നു. ബാക്കിവരുന്ന 10 ശതമാനത്തിൽ നല്ലൊരുപങ്ക് പട്ടണവാസികളായ ഇടത്തരക്കാരാണ്. അവരുടെ സ്ഥിതിയും ഏറെയൊന്നും വ്യത്യസ്തമല്ല. വിലക്കയറ്റം, തൊഴിലില്ലായ്മ, തൊഴിൽനഷ്ടം എന്നിവയൊക്കെ കാരണം വരുമാനത്തിൽ നിരന്തരമുണ്ടാകുന്ന ഇടിവുമൂലം വിദഗ്ദ്ധ ചികിത്സ കിട്ടുന്ന സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടാനുള്ള സാമ്പത്തിക ശേഷി ഇവർക്കില്ല. നിലവിലുള്ള ഏതാനും സർക്കാർ ആശുപത്രികളെ അഭയം പ്രാപിക്കാൻ അവർ നിർബന്ധിതരാകുന്നു. അവിടെയാകട്ടെ ചികിത്സയ്ക്കുപകരം അവരെ വരവേൽക്കുന്നത് വഴക്ക്, അപമാനം, ഡോക്ടർമാരുടെയും കിടക്കകളുടെയും അപര്യാപ്തത, പ്രവർത്തിക്കാത്ത മെഡിക്കൽ ഉപകരണങ്ങൾ, അടഞ്ഞുകിടക്കുന്ന പരിശോധനാലാബുകൾ, പരിതാപകരമായ സൗകര്യങ്ങൾ എന്നിവയൊക്കെയാണ്. നിയമപ്രകാരം സൗജന്യമായി വിതരണം ചെയ്യേണ്ട മരുന്നുപോലും ആശുപത്രി അധികൃതർ നൽകുന്നില്ല. ഇടനിലക്കാരുടെ വൻ ബിസിനസ്സാണ് അവിടെ യഥേഷ്ടം നടക്കുന്നത്. കിട്ടാത്ത കിടക്കയും നടക്കാത്ത പരിശോധനകളുമൊക്കെ പണം കൊടുത്താൽ അവർ 'ഏർപ്പാടാക്കി'ത്തരും. തീരെ വൃത്തിഹീനമായ അന്തരീക്ഷമാണ് ഗവണ്മെന്റ് ആശുപത്രികളിലുള്ളത്. നവജാത ശിശുവിനെ പട്ടികടിച്ചുകൊണ്ടുപോകുക, പ്രമേഹ രോഗിയുടെ കണ്ണ് ഉറുമ്പരിക്കുക, രോഗികൾക്ക് നൽകുന്ന ആഹാരത്തിൽ ചത്ത പല്ലി കാണപ്പെടുക, കാലാവധി കഴിഞ്ഞ മരുന്നുകൾ രോഗിക്ക് നൽകുക, പൊട്ടിയൊഴുകുന്ന കക്കൂസുകൾ, പ്രസവിച്ചു കിടക്കുന്ന സ്ത്രീകളാണെങ്കിൽപോലും ഒരു കിടക്കയിൽ മൂന്നുംനാലും രോഗികളെ കിടത്തുക, കിടക്ക കിട്ടാതെ അനേകം രോഗികൾ തറയിൽ കിടക്കേണ്ടിവരിക തുടങ്ങി ഞെട്ടിപ്പിക്കുന്ന പലകാര്യങ്ങളും ഇവിടെ നടക്കുന്നു. മറുവശത്ത് സമ്പന്നരായ കുറച്ചാളുകൾക്ക് സ്വകാര്യ സൂപ്പർ സ്പെഷാലിറ്റി ആശുപത്രികളിൽ ആധുനിക ചികിത്സ പണംനൽകി നേടാൻ കഴിയുന്നു. ലോകത്തെ 5-ാമത്തെ സാമ്പത്തിക ശക്തിയാണെന്ന് അവകാശപ്പെടുന്ന രാജ്യത്തെ അങ്ങേയറ്റം വിവേചനപരവും വേദനാകരവുമായ സ്ഥിതിയാണിത്.

### വസ്തുതാന്വേഷണം വെളിപ്പെടുത്തുന്നത് പരിതാപകരമായ യാഥാർത്ഥ്യങ്ങൾ

2017 ജൂലൈ 21ന് ആരോഗ്യപരിപാലനത്തെ സംബന്ധിച്ചുള്ള സിഎജി റിപ്പോർട്ട് പാർലമെന്റിൽ വച്ചു. പ്രധാനമന്ത്രിയുടെ അവകാശവാദങ്ങളെ പാടെ നിരാകരിക്കുന്നതായിരുന്നു അത്. ഗവണ്മെന്റ് ആശുപത്രികളിൽ ഡോക്ടർമാരുടെയും മരുന്നിന്റെയും കടുത്ത ക്ഷാമം നിലനിൽക്കുന്നതായി റിപ്പോർട്ട് പറയുന്നു. സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ കുറവ് ആരോഗ്യപരിപാലനത്തെ അവതാളത്തിലാക്കുന്നു. പ്രാഥമിക-ദ്വിതീയ ആരോഗ്യ കേന്ദ്രങ്ങളിൽ മാത്രമല്ല, ഒട്ടുമിക്ക ആശുപത്രികളിലും ആവശ്യമായ പരിശോധനാ സംവിധാനങ്ങളില്ല. പരിശീലനം നേടിയ സ്റ്റാഫിന്റെ അഭാവത്തിൽ, അൾട്രാ സൗണ്ട് സ്കാനിംഗ്, രക്തം സംഭരിച്ചുവയ്ക്കാനുള്ള യൂണിറ്റ്, എക്സ്റേ യൂണിറ്റ് തുടങ്ങിയവയൊക്കെ പ്രവർത്തിക്കാതിരിക്കുന്ന സ്ഥിതിയുമുണ്ട്. ഈ മെഷിനറികളൊക്കെ സ്ഥാപിക്കാൻ പല ആശുപത്രികളിലും സ്ഥലം പോലുമില്ല. ഡോക്ടർമാരില്ലാത്തതിനാൽ കോമ്പൗണ്ടർമാരും ഹെൽത്ത് അസിസ്റ്റന്റുമാരും പ്യൂണുമൊക്കെ രോഗികളെ നോക്കുന്ന സ്ഥിതി പല ഹെൽത്ത് സെന്ററുകളിലുമുണ്ട്. അതായത് പ്രാഥമിക ആരോഗ്യപരിപാലനം താറുമാറായിക്കിടക്കുന്നു എന്നർത്ഥം. ആരോഗ്യവകുപ്പ് മറ്റ് വകുപ്പുകളെപ്പോലെതന്നെ സത്യം മൂടിവയ്ക്കാൻ കാര്യങ്ങൾ കുറച്ചും കൂട്ടിയും പറയുന്നു. എന്നാൽ 2017 മാർച്ച് 31ന് പുറത്തുവന്ന അവരുടെ ഔദ്യോഗിക പ്രസിദ്ധീകരണം പറയുന്നത് 11 ശതമാനം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മാത്രമേ ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ് അനുശാസിക്കുന്ന നിലവാരം പുലർത്തുന്നുള്ളു എന്നത്രെ. 76 ശതമാനംവരുന്ന ഗ്രാമീണ മേഖലയിലെ ദരിദ്രർക്ക് ഒരു പരിധിവരെയെങ്കിലും പ്രാപ്യമായ ഏക ആരോഗ്യ പരിപാലന സംവിധാനം ഇതുമാത്രമാണ് എന്നോർക്കണം. ലോകാരോഗ്യ സംഘടനയുടെ 2016ലെ റിപ്പോർട്ടും ഇന്ത്യയുടെ ആരോഗ്യപരിപാലന രംഗത്തെ പ്രതിസന്ധി വെളിവാക്കുന്നതാണ്. ഇന്ത്യയ്ക്ക് നൂറിൽ 42 മാർക്ക് മാത്രമാണ് കിട്ടിയത്. സ്വാതന്ത്ര്യം കിട്ടി 70 വർഷം പിന്നിടുന്ന സമയത്ത് പുറത്തുവന്ന നാഷണൽ ഫാമിലി ഹെൽത്ത് സർവ്വേ റിപ്പോർട്ട് നൽകുന്നതും ദയനീയമായ ചിത്രം തന്നെ.

### അടിസ്ഥാന ആരോഗ്യപരിപാലനത്തിന്റെ ശോച്യാവസ്ഥ

ദരിദ്രർക്ക് ചികിത്സ നിഷേധിക്കുന്ന സ്ഥിതി ഭയാനകമാണ്. മതിയായ ചികിത്സ കിട്ടാതെ വർഷംതോറും മരിക്കുന്ന ഇന്ത്യക്കാരുടെ എണ്ണം ഔദ്യോഗിക കണക്കുപ്രകാരം തന്നെ പത്തുലക്ഷമാണ്. മാതൃമരണനിരക്ക് ഒരു ലക്ഷത്തിന് 178 എന്ന ലോകത്തെതന്നെ ഏറ്റവും ഉയർന്ന അനുപാതത്തിലാണ്. അഞ്ചുവയസ്സിന് താഴെയുള്ള കുട്ടികളുടെ പോഷകാഹാര കുറവിന്റെ കാര്യത്തിലും നമുക്ക് ലോകത്ത് ഒന്നാം സ്ഥാനമുണ്ട് – 47 ശതമാനം. ഇവരിൽ 58.4 ശതമാനം കുട്ടികൾക്കും രക്തക്കുറവുണ്ട്. കഴിഞ്ഞ 15 വർഷത്തിനിടയിൽ ചികിത്സയ്ക്ക് പണം ചെലവഴിച്ച് ദരിദ്രരായിത്തീർന്നവരുടെ എണ്ണം ഇന്ത്യയിൽ ഇരട്ടിയായിട്ടുണ്ട്. കുടുംബ വരുമാനത്തിനുപുറത്ത് ചികിത്സയ്ക്ക് പണം കണ്ടെത്തേണ്ടിവരുന്നവരുടെ എണ്ണവും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. താഴ്ന്ന വരുമാനക്കാരായ 37.6 ശതമാനം നഗരവാസികളും 43.3 ശതമാനം ഗ്രാമവാസികളും ചികിത്സയ്ക്ക് പണമില്ലാത്തവരാണെന്ന് ലാൻസെറ്റ് മെഡിക്കൽ ജേണൽ 2011ൽ പ്രസിദ്ധീകരിച്ച പഠനം പറയുന്നു. ചികിത്സ കിട്ടാതെ മരിക്കുക എന്നതേ ഇവർക്ക് മാർഗമുള്ളൂ. ഇവരേക്കാൾ അല്പം ഭേദപ്പെട്ട ഇടത്തരക്കാരുടെ സ്ഥിതിയും വളരെ മെച്ചമൊന്നുമല്ല.

### അധികൃതർക്ക് ഒരു കുലുക്കവുമില്ല

മാറിമാറി വരുന്ന ഗവണ്മെന്റുകൾക്കും അവരുടെ ചെരുപ്പുനക്കികളായ രാഷ്ട്രീയക്കാർക്കും ഒരു കൂസലുമില്ല. സിഎജി റിപ്പോർട്ട് തള്ളിക്കളഞ്ഞുകൊണ്ട് ആരോഗ്യവകുപ്പ് സെക്രട്ടറി പറഞ്ഞത് ഇങ്ങനെ: "ഇതൊക്കെ ഒറ്റപ്പെട്ട സംഭവങ്ങളാണ്. പൊതുവായ സ്ഥിതി ഇതല്ല. ആരോഗ്യപരിപാലന രംഗത്ത് ഗുണനിലവാരമുറപ്പാക്കാനുള്ള കരുത്തുറ്റ സംവിധാനം നമുക്കിന്നുണ്ട്." പ്രധാനമന്ത്രി മുതൽ എല്ലാവരും വ്യാജമായ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നു. ജനങ്ങളുടെ കഷ്ടപ്പാടുകൾക്ക് ശമനമുണ്ടാക്കുകയല്ല, അവരുടെ കണ്ണിൽ പൊടിയിടുകയാണ് ഇവരുടെ ലക്ഷ്യം. വൻകിട കുത്തകകൾക്ക് സാധാരണ ജനങ്ങളുടെ ചോരയൂറ്റാൻ അവസരമൊരുക്കുന്ന ഇവർ അതുവഴി സ്വന്തം നേട്ടങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നു.

ഉദാഹരണത്തിന് വൻകിട കുത്തകകൾ ബാങ്കുകളിൽനിന്ന് വൻതുകകൾ വായ്പയെടുത്ത് തിരിച്ചടയ്ക്കാതിരിക്കുമ്പോൾ അതെല്ലാം എഴുതിത്തള്ളാനും അവർക്ക് നികുതി ഇളവുകൾ നൽകാനും ഇവർ ഉദാരമനസ്കരായി രംഗത്തുവരുന്നു. എന്നാൽ ആരോഗ്യ മേഖലയ്ക്കുവേണ്ടി ബജറ്റിൽ നീക്കിവയ്ക്കുന്ന തുകയാകട്ടെ തീരെ തുച്ഛവും. 2016-17 ലെ സാമ്പത്തിക സർവ്വേ പറയുന്നത്, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആരോഗ്യ മേഖലയിൽ ആകെ ചെലവഴിച്ചത് ആ വർഷത്തെ ജിഡിപിയുടെ വെറും 1.4 ശതമാനം മാത്രമാണ് എന്നാണ്. ജിഡിപി ഒറ്റയടിക്ക് 50 ശതമാനം അധികമായി കാണിക്കുന്ന തരത്തിലുള്ള പുതിയ കണക്കുകൂട്ടൽ രീതി പ്രകാരമുള്ളതാണ് ഇത്. ഗവണ്മെന്റിന്റെ ആവർത്തനച്ചെലവുകളുടെ 5 ശതമാനം എന്ന തീരെ അപര്യാപ്തമായ തുകയാണ് ആരോഗ്യമേഖലയിൽ ചെലവഴിക്കുന്നത്. ഇതിനേക്കാൾ കൂടുതൽ തുക ഭൂട്ടാൻ, എത്യോപ്യ തുടങ്ങിയ ദരിദ്ര രാജ്യങ്ങൾപോലും ചെലവഴിക്കുന്നുണ്ട്. സമ്പന്നർക്കുവേണ്ടി നിലകൊള്ളുന്ന സർക്കാർ ഓരോ വർഷവും ആരോഗ്യ ബജറ്റ് വെട്ടിക്കുറച്ച് സ്ഥിതി കൂടുതൽ വഷളാക്കുന്നു. അനുവദിക്കുന്ന മിനിമം തുക പോലും ചെലവഴിക്കുന്നുമില്ല. ഏറെ കൊട്ടിഘോഷിക്കപ്പെട്ട ദേശീയാരോഗ്യ ദൗത്യം പദ്ധതിക്കുപോലും ആവശ്യമായ 34,315.66 കോടിക്ക് പകരം 21,940.70 കോടി മാത്രമാണ് അനുവദിച്ചത് എന്ന് ഗവണ്മെന്റ് സമ്മതിക്കുന്നുണ്ട്. സാമ്പത്തിക കാര്യങ്ങളുടെ നടത്തിപ്പ് സിഎജിയുടെ വിമർശനത്തിനും ഇടയാക്കിയിട്ടുണ്ട്. 2011-16 കാലയളവിൽ ചെലവഴിക്കാതിരിക്കുന്ന തുകയിൽ 30 ശതമാനം വർദ്ധനയുണ്ടായിട്ടുണ്ട്.

### ആരോഗ്യമേഖലയിലെ കൊണ്ടുപിടിച്ച സ്വകാര്യവൽക്കരണം

ആരോഗ്യ പരിരക്ഷ കിട്ടാതെ വലയുന്ന ജനങ്ങളുടെ ദുരിതങ്ങളൊന്നും മുതലാളിത്ത ഇന്ത്യയിലെ നയ രൂപീകർത്താക്കൾക്ക് ഒരു അലോസരവുമുണ്ടാക്കുന്നില്ല. ജനങ്ങളെ പിഴിഞ്ഞ് കുത്തകകളുടെ ലാഭം പെരുക്കാനുള്ള മാർഗമെന്തെന്നു മാത്രമാണ് അവർ ആലോചിക്കുന്നത്. മുതലാളിത്ത-സാമ്രാജ്യത്വ വ്യവസ്ഥ അപരിഹാര്യമായ പ്രതിസന്ധിയിൽപ്പെട്ട് നട്ടംതിരിയുന്നതിനാൽ ഉല്പാദനക്ഷമമായ മേഖലകളിൽ മൂലധനം നിക്ഷേപിച്ച് ലാഭമുണ്ടാക്കാനുള്ള സാദ്ധ്യത മുതലാളിമാർക്കില്ല. അതുകൊണ്ടാണ്, ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം, വൈദ്യുതി തുടങ്ങി ഗവണ്മെന്റിന്റെ പൂർണ നിയന്ത്രണത്തിലുണ്ടായിരുന്ന പൊതുജനക്ഷേമ മേഖലകളൊക്കെ സ്വകാര്യമേഖലയ്ക്ക് തുറന്നുകൊടുക്കാൻ 1990കളിൽ രംഗപ്രവേശം ചെയ്ത മുതലാളിത്ത ആഗോളീകരണം നിർദ്ദേശിച്ചത്. ഇവയില്ലാതെ ജനങ്ങൾക്ക് ജീവിക്കാനാവില്ല എന്നതിനാൽ ഈ സേവനങ്ങളൊക്കെ വാണിജ്യാടിസ്ഥാനത്തിലാക്കുന്നതോടെ മുതലാളിമാർക്ക് കൊള്ളലാഭമടിക്കാൻ കഴിയുന്ന ബിസിനസ്സായിമാറും. അങ്ങനെയാണ് ആരോഗ്യപരിപാലനരംഗത്തും സ്വകാര്യവൽക്കരണത്തിനുവേണ്ടിയുള്ള മുറവിളി ഉയരുന്നത്.

സ്വാതന്ത്ര്യം ലഭിച്ചയുടനെ, പൊതുജനങ്ങളിൽ നിന്നുള്ള സമ്മർദ്ദം മൂലം ഗവണ്മെന്റ് ഉടമസ്ഥതയിൽ ആശുപത്രകളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമൊക്കെ ആരംഭിക്കാനുള്ള ശ്രമം നടന്നിരുന്നു. സ്വാതന്ത്ര്യ സമര സേനാനികൾ ഉയർത്തിയ മുദ്രാവാക്യം "ഗർഭപാത്രം മുതൽ ശവകുടീരംവരെ" എല്ലാവർക്കും ആരോഗ്യ പരിപാലനം എന്നതായിരുന്നു. ഇത് തീർത്തും അവഗണിക്കപ്പെട്ടിരിക്കുകയാണ്. 1943-46 ൽ ഭോർ കമ്മിറ്റി ശുപാർശ ചെയ്തത് ഇതിനായി എല്ലാ ശ്രമവും നടത്തണമെന്നാണ്. സ്വതന്ത്ര ഇന്ത്യയിൽ അവഗണന കൂടുതൽ ശക്തമായി. അതോടൊപ്പം, വാണിജ്യാടിസ്ഥാനത്തിലുള്ളതും അടിസ്ഥാന നൈതിക നിലപാടുകൾപോലും കയ്യൊഴിയുന്നതുമായ സ്വകാര്യ ആശുപത്രികൾ പെരുകാനും തുടങ്ങി. 1990കളിൽ ആഗോളീകരണ നയങ്ങൾ നടപ്പിലാക്കാൻ തുടങ്ങിയതോടെ ഇത് ശക്തി പ്രാപിക്കുകയും ചെയ്തു. ഏത് ബൂർഷ്വാ പാർട്ടി അധികാരത്തിൽ വന്നാലും ആരോഗ്യമേഖല സ്വകാര്യ മൂലധനശക്തികൾക്ക് അടിയറവയ്ക്കുന്ന പ്രവണത അനുസ്യൂതം തുടരുകയാണുണ്ടായത്. ദുരിതമനുഭവിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം ശവത്തിൽ കുത്തുന്ന സ്ഥിതിയാണ് ഇതുമൂലമുണ്ടായത്. ആരോഗ്യമേഖലയാകെ സ്വദേശ-വിദേശ കുത്തകകൾക്ക് അടിയറവച്ച് വെറുമൊരു മേൽനോട്ടക്കാരന്റെ പങ്ക് മാത്രം ഗവണ്മെന്റ് നിർവ്വഹിക്കുക എന്നതായിരുന്നു പദ്ധതി. എന്തൊക്കെ പരാധീനതകളുണ്ടെങ്കിലും രോഗം വന്നാൽ എന്തൊക്കെ വിറ്റുപെറുക്കിയിട്ടാണെങ്കിലും ജനങ്ങൾ ചികിത്സയ്ക്ക് തയ്യാറാകുമെന്ന് സർക്കാരിനറിയാം. അവരുടെ അവസാന ചില്ലിത്തുട്ടുവരെ കുത്തകകളുടെ കീശയിലെത്തണം. ചികിത്സാച്ചെലവാകട്ടെ അനുദിനം കുതിച്ചുയരുകയും ചെയ്യുന്നു. തന്മൂലം വേണ്ടപ്പെട്ടവരുടെ ചികിത്സ നടത്താൻ നിവൃത്തിയില്ലാത്ത സ്ഥിതിയിലേയ്ക്ക് കൂടുതലാളുകൾ അധപതിക്കുന്നു. ഏതൊരു നിർണായക മേഖലയും മുതലാളിത്ത കമ്പോളത്തിലെ ചരക്കായി മാറുമ്പോൾ സംഭവിക്കുന്നതുപോലെ ആരോഗ്യ രംഗത്തും വിനാശകരമായ ഫലങ്ങളാണ് സ്വകാര്യവൽക്കരണം സൃഷ്ടിച്ചത്.

ഈ ഹീനപദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഗവണ്മെന്റുകൾ സാമ്പത്തികമായി പല സഹായങ്ങളും ചെയ്തു. കുറഞ്ഞ വിലയ്ക്ക് ഭൂമി, പ്രത്യക്ഷ നികുതികളിൽ ഇളവ്, മെഡിക്കൽ ഉപകരണങ്ങൾക്ക് കൂടിയ തേയ്മാന ചെലവ് അനുവദിക്കുന്നത് വഴിയുള്ള നികുതി

*(ശേഷം 11-ാം പേജിൽ)*

## ഒരു നെല്ല് ഒരു മീൻ പദ്ധതി കർശനമായി നടപ്പിലാക്കുക

# കൃഷി ഭവന് മുൻപിൽ പ്രതിഷേധ ധർണ്ണ

അരൂർ മണ്ഡലത്തിലെ പൊക്കാളി പാടശേഖരങ്ങളിൽ സർക്കാർ നയമായ ഒരു നെല്ല് ഒരു മീൻ കർശനമായി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള മത്സ്യബന്ധന തൊഴിലാളി യൂണിയൻ പ്രതിഷേധ ധർണ്ണ നടത്തി. തേവര എസ്.എച്ച് കോളേജ് പ്രിൻസിപ്പൽ ഫാ.പ്രശാന്ത് പാലക്കാപ്പിള്ളി ധർണ്ണ ഉദ്ഘാടനം ചെയ്തു.

നവംബർ 15 മുതൽ ഏപ്രിൽ വരെ ചെമ്മീൻ കൃഷിയും തുർന്നുള്ള സീസണിൽ നെൽകൃഷിയുമാണ് നടന്നുവരുന്നത്. പരിസ്ഥിതി സൗഹാർദ്ദപരമായ ഈ കൃഷിരീതിക്ക് വിരുദ്ധമായി മത്സ്യകൃഷിക്കു ശേഷമുള്ള നെൽ കൃഷിസീസണിലും ചെമ്മീൻ കൃഷി നടത്തിവരുന്ന പ്രവണത ഏറിവരുന്നതിനെതിരെയും, കൃഷിവകുപ്പിനെ തെറ്റിധരിപ്പിച്ച് നെൽകൃഷിയുടെ ആനുകൂല്യങ്ങൾ തരപ്പെടുത്തി മേലിൽ കൃഷിചെയ്യുവാൻ കഴിയാത്തവിധത്തിൽ കൃഷിഭൂമിയുടെ ആഴം കൂട്ടുന്നതിനെതിരെയും, മത്സ്യകൃഷി കഴിഞ്ഞ പാടങ്ങളിൽനിന്നും ഉപ്പുവെള്ളം വറ്റിച്ച് ശുദ്ധജല സംഭരണികളാക്കി നിലനിർത്തണമെന്നും പരമ്പരാഗത മത്സ്യതൊഴിലാളികളുടെ തൊഴിലിടങ്ങൾ സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുമാണ് പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചത്.




കേരള മത്സ്യബന്ധന തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ എഴുപുന്ന കൃഷിഭവന് മുൻപിൽ നടന്ന പ്രതിഷേധ ധർണ്ണ ഫാ.പ്രശാന്ത് പാലക്കാപ്പിള്ളി ഉദ്ഘാടനം ചെയ്യുന്നു

2013-14ൽ നടന്ന ജനകീയ പ്രക്ഷോഭത്തിലൂടെയാണ് കഴിഞ്ഞ 25 വർഷമായി മുടങ്ങിക്കിടന്ന ഈ പരമ്പരാഗത കൃഷിരീതി തിരികെകൊണ്ടുവന്നത്. അരൂർ മേഖലാ സെക്രട്ടറി കെ.പ്രതാപൻ അദ്ധ്യക്ഷത വഹിച്ചു. പൊക്കാളി സംരക്ഷണ സമിതി ജനറൽ സെക്രട്ടറി ഫ്രാൻസിസ് കളത്തുങ്കൽ, എഐയുടിയുസി ജില്ലാ സെക്രട്ടറി പി.ആർ.സതീശൻ, എൻ.കെ.ശശികുമാർ, എം.കെ.വിജയൻ, സി.വി.അനിൽകുമാർ, വർഗ്ഗീസ്കുട്ടി ഗൊണ്ടുപറമ്പിൽ, അജിത തമ്പി, സി.കെ.തിലകൻ, പി.എ.മാനുവൽ, സി.എം.മുരളി തുടങ്ങിയവർ പ്രസംഗിച്ചു.●

**ദേശീയപാത 3ഡി നോട്ടിഫിക്കേഷൻ നടപടികൾക്കെതിരെ**

# കണ്ണൂർ കളക്ട്രേറ്റ് മാർച്ച്

ദേശീയപാത 3ഡി നോട്ടിഫിക്കേഷൻ നടപടികൾ നിർത്തി വയ്ക്കുക, അശാസ്ത്രീയമായ അലൈൻമെന്റുകൾ റദ്ദ് ചെയ്യുക, ദേശീയപാതസ്വകാര്യ വത്കരണ നീക്കം ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മേയ് 29ന് കണ്ണൂർ കളക്ട്രേറ്റിലേയ്ക്ക് മാർച്ച് നടത്തി. കീഴാറ്റൂർ സമര ഐക്യദാർഢ്യ സമിതിയും വയൽകിളികളും എൻഎച്ച് 17 ആക്ഷൻ കൗൺസിലും സംയുക്തമായാണ് മാർച്ച് നടത്തിയത്. വയൽകിളി സമരനേതാവ് സുരേഷ് കീഴാറ്റൂർ മാർച്ച് ഉദ്ഘാടനം ചെയ്തു. കീഴാറ്റൂർ ഐക്യദാർഢ്യസമിതി ചെയർമാൻ ഡോ. ഡി. സുരേന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. എൻഎച്ച് ആക്ഷൻ കൗൺസിൽ സംസ്ഥാന ജോയിന്റ് സെക്രട്ടറി കെ.കെ.സുരേന്ദ്രൻ, എം.കെ.ജയരാജൻ (ജില്ലാകമ്മിറ്റിയംഗം, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)), സൈനുദ്ദീൻ കരിവെള്ളൂർ(വെൽഫെയർ പാർട്ടി), നോബിൾ പൈകട(കൺവീനർ, ഐക്യദാർഢ്യ സമിതി), അഡ്വ. കസ്തൂരിദേവൻ, എൻ.സുബ്രമണ്യൻ, ടി.ഹംസ, പി.മജീദ്, കെ.നിഷിൽ കുമാർ, എൻ.എം.കോയ, സി.ശശി, വി.പി.മഹേന്ദ്രൻ എന്നിവർ പ്രസംഗിച്ചു.●



കളക്ട്രേറ്റ് മാർച്ച് സുരേഷ് കീഴാറ്റൂർ ഉദ്ഘാടനം ചെയ്യുന്നു

# ആരോഗ്യപരിപാലനം...

(10-ാം പേജിൽ നിന്ന്)

ളവ്, ഗ്രാമീണ ആശുപത്രികൾക്ക് അഞ്ചുവർഷത്തേയ്ക്ക് വരുമാന നികുതി ഒഴിവാക്കൽ, ജീവൻ രക്ഷാ ഉപകരണങ്ങൾക്ക് ഇറക്കുമതി തീരുവ ഒഴിവാക്കൽ തുടങ്ങിയവയൊക്കെ അതിൽപ്പെടും. 100 ശതമാനം നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിക്കുകവഴി വിദേശ കുത്തകകൾക്കും ഇന്ത്യയുടെ ആരോഗ്യ മേഖല കൊള്ളയടിക്കാൻ അവസരമൊരുക്കിയിട്ടുണ്ട്. ഇതിനകംതന്നെ 200 കോടി ഡോളറിന്റെ നിക്ഷേപം നടന്നുകഴിഞ്ഞു. ആരോഗ്യരംഗത്ത് രണ്ടാമത്തെ ഏറ്റവും വലിയ കമ്പോളമാണ് ഇന്ത്യയിലേത്.

**ദേശീയ ആരോഗ്യനയം സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിന്റെ രൂപരേഖ**

ആരോഗ്യ മേഖലയിൽ സ്വകാര്യവൽക്കരണത്തിനും വാണിജ്യവൽക്കരണത്തിനും വിത്തുപാകിയത് 1983ൽ കോൺഗ്രസ് ഭരണകാലത്ത് ആവിഷ്‌കരിച്ച ഒന്നാം ദേശീയ ആരോഗ്യ നയത്തിലൂടെയാണ്. 2002ൽ ആഗോളീകരണത്തിന്റെ ഭാഗമായി വന്ന രണ്ടാം ദേശീയ ആരോഗ്യനയം ഇതിന്റെ കുത്തൊഴുക്കിന് വഴിയൊരുക്കി. 2017ൽ ബിജെപി ഗവണ്മെന്റ് കൊണ്ടുവന്ന ദേശീയ ആരോഗ്യനയം നടപ്പിലായാൽ ഇത് പൂർണ്ണതയിലെത്തും. ആരോഗ്യ മേഖലയിലെ പോരായ്മകൾ പരിഹരിക്കുന്നതിനായി ഗവണ്മെന്റ് ആശുപത്രികളെ മെച്ചപ്പെടുത്തുന്നതിനു പകരം സ്വകാര്യ മേഖലയെ കൂടുതലായി ആശ്രയിക്കുന്ന സമീപനമാണ് ഈ നയത്തിനുള്ളത്. സ്വകാര്യ മേഖലയിലേയ്ക്ക് കൂടുതൽ രോഗികളെ എത്തിക്കുന്നതിനായി സർക്കാർ സംവിധാനങ്ങളുടെ നിലവാരം ഇനിയും താഴ്ത്തും. ഏറ്റവും താഴ്ന്ന തലത്തിൽവരെ ഉയർന്ന യോഗ്യതകളുള്ള ഡോക്ടർമാരെ നിയമിക്കണമെന്നായിരുന്നു ഭോർ കമ്മിറ്റിയുടെ ശുപാർശ. എന്നാൽ ഈ നയം ആയുഷ് (ആയുർവേദ, യോഗ-പ്രകൃതിചികിത്സ, യുനാനി, സിദ്ധ, ഹോമിയോപ്പതി) പ്രാക്ടീസ് ചെയ്യുന്നവരെയും നഴ്‌സുമാർ, ബിഎസ്‌സി ബിരുദധാരികൾ, മിഡ്‌വൈഫുമാർ, ആഷ വർക്കർമാർ എന്നിവരെയുമൊക്കെയാണ് താഴെത്തലത്തിൽ നിയമിക്കുന്നത്. ഗവണ്മെന്റ് സംവിധാനങ്ങളോടൊപ്പം കരാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ സംരംഭങ്ങളുമുണ്ടാകും. എല്ലാവർക്കും വൈദ്യ ശുശ്രൂഷ നൽകുന്നതിനെന്ന പേരിൽ പിൻവാതിലിലൂടെ സ്വകാര്യവൽക്കരണം നടത്തുന്നതിനാണ് ഇത്തരത്തിൽ എൻജിഒകളെയും പൊതു-സ്വകാര്യ പങ്കാളിത്ത സംരംഭങ്ങളെയുമൊക്കെ ആനയിച്ചുകൊണ്ടുവരുന്നത്. ഇതിന്റെ പേരിൽ ഇപ്പോൾത്തന്നെ സ്വകാര്യമേഖല എല്ലാ ഗവണ്മെന്റ് സംവിധാനങ്ങളും ഉപയോഗിക്കാനും പരിശോധനയ്ക്കുള്ള സംവിധാനങ്ങൾ പ്രവർത്തിപ്പിക്കാനും തുടങ്ങിയിട്ടുണ്ട്. സർക്കാർ ആശുപത്രിയിൽ വരുന്ന രോഗികൾക്ക് താങ്ങാവുന്നതല്ല സർക്കാർ ആശുപത്രിവളപ്പിൽത്തന്നെ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങൾ ചുമത്തുന്ന ചാർജുകൾ. ചുരുക്കത്തിൽ ഗവണ്മെന്റ് ആശുപത്രി എന്നൊരു ബോർഡ് മാത്രമേ ഇനി ഉണ്ടാകൂ എന്നർത്ഥം. സ്വകാര്യ ആശുപത്രികളിലെ വിലയേറിയ ചികിത്സ സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്തതായിരിക്കുമ്പോൾ, ആരോഗ്യരംഗത്തുനിന്നുള്ള സർക്കാരിന്റെ ആസൂത്രിത പിൻവാങ്ങൽ "എല്ലാവർക്കും ആരോഗ്യം" എന്ന് കൊട്ടിഘോഷിച്ചുകൊണ്ടുവരുന്ന ആരോഗ്യനയം വെറുമൊരു ക്രൂരവിനോദമാക്കി മാറ്റിയിരിക്കുന്നു.

**ആരോഗ്യ ഇൻഷ്വറൻസ് എന്ന തട്ടിപ്പ്**

ചെകുത്താനുണ്ടോ കുതന്ത്രങ്ങൾക്ക് പഞ്ഞം? ആരോഗ്യമേഖലയുടെ ഹീനമായ ഈ സ്വകാര്യവൽക്കരണം അധികകാലം ജനങ്ങളിൽ നിന്ന് മറച്ചുവയ്ക്കാൻ കഴിയില്ല എന്ന് മുതലാളിവർഗത്തിനും അവരെ സേവിക്കുന്ന ഗവണ്മെന്റുകൾക്കും അറിയാം. അതുകൊണ്ട് ജനങ്ങളെ പറ്റിക്കാൻ അവർ പുതിയ അടവുകൾ പയറ്റുന്നു. ആരോഗ്യ ഇൻഷ്വറൻസിന്റെ പേരിലുള്ള കോലാഹലങ്ങളെല്ലാം ഇതിന്റെ ഭാഗമാണ്. "സാർവ്വത്രിക ഇൻഷ്വറൻസ്" എന്നാൽ "സാർവ്വത്രിക ആരോഗ്യപരിപാലനം" എന്നാണർത്ഥമെന്നവർ പറയുന്നു. സ്വകാര്യ മേഖലയുടെ ലാഭവും അവരുടെ താല്പര്യവുമാണ് മുഖ്യപരിഗണന. ഇത് അല്പംകൂടി വിശദമാക്കാം.

ബിജെപിയുടെ ധനകാര്യമന്ത്രി കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ "ആരോഗ്യ പരിപാലന സംവിധാനത്തെ ഭവനങ്ങളോട് അടുപ്പിക്കും" എന്ന് പ്രഖ്യാപിക്കുകയുണ്ടായി. രണ്ടാംഘട്ട, മൂന്നാംഘട്ട ചികിത്സയ്ക്ക് ഒരു വർഷം ഒരു കുടുംബത്തിന് 5 ലക്ഷം രൂപവരെ ഇൻഷ്വറൻസ് കവറേജ് നൽകുന്ന പദ്ധതിയാണ് പ്രഖ്യാപിച്ചത്. പത്തുകോടി കുടുംബങ്ങൾക്ക്, അതായത് 50 കോടി ആളുകൾക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിക്ക് ദേശീയ ആരോഗ്യ സംരക്ഷണ പദ്ധതി എന്ന് പേരും ഇട്ടു. ഇപ്പോൾ ആയുഷ്മാൻ ഭാരത് നാഷണൽ ഹെൽത്ത് പ്രൊട്ടക്ഷൻ മിഷൻ എന്ന് പുനർ നാമകരണം ചെയ്തിരിക്കുന്ന ഈ പദ്ധതി ഗവണ്മെന്റ് ധനസഹായത്തോടെ പ്രവർത്തിക്കുന്ന ലോകത്തെതന്നെ ഏറ്റവും വലിയ ആരോഗ്യ പരിപാലന പദ്ധതി ആയിരിക്കുമെന്നും ധനമന്ത്രി അവകാശപ്പെട്ടിരുന്നു. ബിജെപിക്കാരനായ പ്രധാനമന്ത്രിയും ഇക്കാര്യം സ്ഥിരമായി പരാമർശിക്കുന്നുണ്ട്. ഇൻഷ്വറൻസ് കമ്പനികൾക്ക് ഗവണ്മെന്റ് പ്രീമിയം അടയ്ക്കും. ഈ പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്യുന്ന ആശുപത്രികളാണ് ചികിത്സ നൽകേണ്ടത്. ചികിത്സാചെലവ് ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് ആശുപത്രികൾക്ക് കൈപ്പറ്റാം. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ജില്ലാ ആശുപത്രികളിലുമുള്ള രണ്ടാംഘട്ട ചികിത്സയ്ക്കും സൂപ്പർ സ്‌പെഷ്യലിറ്റി ആശുപത്രികളിലെ മൂന്നാംഘട്ട ചികിത്സയ്ക്കും ഈ ഇൻഷ്വറൻസ് ഉപകരിക്കുമെന്ന് സർക്കാർ അവകാശപ്പെടുന്നു. ഇതെത്ര മഹത്തരമാണെന്നും ഗവണ്മെന്റ് എത്ര നിഷ്പക്ഷമാണെന്നും പാവപ്പെട്ടവരുടെ കാര്യത്തിൽ അതിന് എത്ര താല്പര്യമാണുള്ളത് എന്നുമൊക്കെയാണ് പ്രത്യക്ഷത്തിൽ തോന്നുക. എന്നാൽ ഇത് സത്യമോ മിഥ്യയോ?

രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനപോല നിരവധി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇതിൽനിന്നൊന്നും സാധാരണക്കാർക്ക് ഒരു ഗുണവും ഉണ്ടായിട്ടില്ല. മേല്പറഞ്ഞ പദ്ധതി കിടത്തിച്ചികിത്സക്കാർക്കുള്ളതാണ്. എന്നാൽ ഈ സൗകര്യം പ്രാഥമികാരോഗ്യ കേന്ദ്രത്തിലില്ല. പാവപ്പെട്ട ഗ്രാമീണർ ജില്ലാ ആശുപത്രികളിലെത്തിയാൽത്തന്നെ അവിടെ പരാധീനതകളുടെ കൂമ്പാരമാണ്. ഇവർക്ക് അവിടുത്തെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനും ബുദ്ധിമുട്ടാണ്. ഇതാണവസ്ഥയെങ്കിൽ എങ്ങനെയാണ് ഈ പദ്ധതിയൊക്കെ പ്രയോജനപ്പെടുക? പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സൗകര്യങ്ങളൊരുക്കാതെ തുടർന്നുള്ള ചികിത്സയുടെ കാര്യം എന്തിന് പറയുന്നു? എന്നാൽ ഗവണ്മെന്റ് ഇതൊന്നും പരിഗണിക്കുന്നില്ല. അവർ എയിംസ് പോലുള്ള അത്യന്താധുനിക ആശുപത്രികളെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഈ അവകാശവാദങ്ങളൊക്കെ വെറും പൊള്ളയാണെന്നർത്ഥം. മിനിമം ചികിത്സാ സൗകര്യങ്ങളും സംവിധാനങ്ങളുമില്ലാതെ ഇൻഷ്വറൻസ് പരിരക്ഷയെക്കുറിച്ചുള്ള വാചകമടി വെറും തട്ടിപ്പുമാത്രമാണ്.

ഇനി ഏത് ആശുപത്രികളാണ് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതെന്നും അതെങ്ങനെയാണെന്നും നോക്കാം. നിലവിൽ ഔട്ട്-പേഷ്യന്റ് വിഭാഗത്തിൽ 75 ശതമാനവും ഇൻ-പേഷ്യന്റ് വിഭാഗത്തിൽ 55 ശതമാനവും സ്വകാര്യമേഖലയിലാണെന്ന് ഔദ്യോഗിക കണക്കുകൾ പറയുന്നു. ഇപ്പോഴത്തെ സ്വകാര്യവൽക്കരണ പ്രവണതകൂടിയാകുമ്പോൾ ഇതിനിയും കുതിച്ചുയരും. അതായത് പാവപ്പെട്ടവർക്ക് ചികിത്സ നൽകാൻ സ്വകാര്യ ആശുപത്രികളെയാണ് ഉദ്ദേശിച്ചിരിക്കുന്നത് എന്നർത്ഥം. പ്രാഥമിക ചികിത്സപോലും നേടാനാകാത്ത സാധാരണക്കാർ ഇൻഷ്വറൻസ് പരിരക്ഷയുടെ പേരിൽ സ്വന്തം ചെലവിൽ ഈ സ്വകാര്യ ആശുപത്രികളിലെത്തും എന്ന് കരുതാനാകുമോ? തികച്ചും അസംബന്ധം! സമ്പന്നർക്കുവേണ്ടി പടുത്തുയർത്തിയിട്ടുള്ള സൂപ്പർ സ്‌പെഷലിറ്റി ആശുപത്രികൾ സാധാരണക്കാരെയും താഴെ ഇടത്തരക്കാരെയുമൊക്കെ വെറും തെണ്ടികളായാണ് കാണുന്നതെന്ന് എല്ലാവർക്കുമറിയാം. ഒരു സുപ്രഭാതത്തിൽ ഈ ആശുപത്രികൾക്കൊക്കെ മനംമാറ്റം വന്ന് സാധാരണക്കാരുടെ വേദനയിൽ മനസ്സലിഞ്ഞ് അവർക്ക് നല്ല ചികിത്സ നൽകും എന്ന് പ്രതീക്ഷിക്കുന്നത് മണ്ടത്തരമല്ലേ? രോഗിക്ക് എന്തെങ്കിലും ഇൻഷ്വറൻസ് പരിരക്ഷയുണ്ടെങ്കിൽ ഈ ആശുപത്രികളൊക്കെ വളഞ്ഞ വഴിയിൽ ബിൽതുക വൻതോതിൽ ഉയർത്തി പണം വസൂലാക്കുന്നതും പതിവാണ്. ഒരു എക്‌സ്‌റേ ആവശ്യമുള്ളിടത്ത് അവർ സി.ടി സ്‌കാൻ നിർദ്ദേശിക്കും. ഇതൊക്കെ പരിശോധിക്കാനും മേൽനോട്ടം വഹിക്കാനും നിയോഗിക്കപ്പെട്ടിട്ടുള്ള സമിതികൾ ആശുപത്രികൾക്ക് ഒത്താശചെയ്യും. ഈ അഴിമതിയിൽനിന്ന് മുക്തമായിരിക്കും മേല്പറഞ്ഞ ഇൻഷ്വറൻസ് പദ്ധതി എന്ന് കരുതാൻ ഒരു ന്യായവുമില്ല.

ഈ പദ്ധതിക്ക് 2000 കോടി രൂപ മാത്രമാണ് ബജറ്റിൽ നീക്കിവച്ചിട്ടുള്ളത് എന്നതാണ് മറ്റൊരു പൊ

(ശേഷം 12-ാം പേജിൽ)

# ദേശീയ ആരോഗ്യനയം സമ്പൂർണ സ്വകാര്യവൽക്കരണത്തിന്റെ രൂപരേഖ

(11-ാം പേജിൽ നിന്ന്)

ള്ളത്തരം. അഞ്ചുലക്ഷം രൂപയുടെ ഇൻഷ്വറൻസ് കവറേജ് ഒരു കുടുംബത്തിന് കിട്ടാൻ പ്രീമിയം അടയ്ക്കാൻ ലഭിക്കുന്ന തുക 1,082 രൂപ മാത്രമാണ്. നിലവിൽ സർക്കാർ പദ്ധതികൾ പ്രകാരം ഒരു കുടുംബത്തിന് 3000 രൂപയാണ് അടച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെയെങ്കിൽ ഈ പദ്ധതി യാഥാർത്ഥ്യമാകണമെങ്കിൽ 30,000 കോടിരൂപ നീക്കിവയ്ക്കണം. ബാക്കി 28,000 കോടി രൂപ എവിടെ? ഈ ചോദ്യത്തിന് സർക്കാരിന് ഉത്തരമില്ല. ഇൻഷ്വറൻസ് കമ്പനികൾ പ്രീമിയം കുറയ്ക്കാൻ തയ്യാറായാൽ അവർ ആനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കും. ഇതാണ് ലോകത്തെ ഏറ്റവും വലിയ ഗവണ്മെന്റ് ധനസഹായ ഇൻഷ്വറൻസ് പദ്ധതിയുടെ യഥാർത്ഥ ചിത്രം. ആരോഗ്യ പരിപാലനത്തിന് സൗകര്യമൊരുക്കാതെ പാവപ്പെട്ടവരെ പരിഹസിക്കുക എന്നുമാത്രമേ ഇതിനർത്ഥമുള്ളൂ.

**ഇൻഷ്വറൻസിന്റെ പേരിലുള്ള കോലാഹലങ്ങളെന്തിന്?**

ഇൻഷ്വറൻസിന്റെ പേരിലുള്ള ഈ ഒച്ചപ്പാടൊക്കെ പിന്നെ എന്തിനുവേണ്ടിയാണ്? ഇൻഷ്വറൻസ് രംഗം ക്രമേണ കൈപ്പിടിയിലൊതുക്കിക്കൊണ്ടിരിക്കുന്ന സ്വകാര്യ മേഖലയ്ക്ക് പൊതുഖജനാവിലെ പണം ചോർത്തിയെടുക്കാനുള്ള ഒരു വിദ്യ മാത്രമാണിത്. കുപ്രസിദ്ധമായ ഓഹരി വിറ്റഴിക്കൽ പദ്ധതിയിലൂടെ ഗവണ്മെന്റ് ഉടമസ്ഥതയിലുള്ള അഞ്ച് ജനറൽ ഇൻഷ്വറൻസ് കമ്പനികളിൽ 25 ശതമാനം ഓഹരികൾ വിറ്റഴിക്കൽ ഗവണ്മെന്റ് തത്വത്തിൽ അംഗീകാരം നൽകിക്കഴിഞ്ഞു. അതായത് ഈ ഇൻഷ്വറൻസ് പദ്ധതിയുമായി ഗവണ്മെന്റ് വരുന്നത് പാവങ്ങളെ ഉദ്ധരിക്കാനല്ല, അവരെ കബളിപ്പിക്കാനും കൊള്ളയടിക്കാനുമാണ്. പൊതു ഖജനാവിൽനിന്ന് പ്രീമിയം അടയ്ക്കും. ഇൻഷ്വറൻസിന്റെ നേട്ടം ജനങ്ങൾക്കൊട്ട് കിട്ടുകയുമില്ല. ലഭ്യമായ വസ്തുതകൾ വച്ചുനോക്കുമ്പോൾ ഇങ്ങനെയേ സംഭവിക്കൂ എന്ന് തറപ്പിച്ചുപറയാൻ കഴിയും. ഇൻഷ്വറൻസ് തുക ലഭിക്കാൻ ചെയ്യേണ്ട കാര്യങ്ങളൊന്നും സാധാരണക്കാർക്കറിയില്ല. അതുകൊണ്ടുതന്നെ അവർക്ക് ആനുകൂല്യവും ലഭിക്കില്ല. അഥവാ അപേക്ഷ നൽകിയാൽത്തന്നെ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ഇൻഷ്വറൻസ് കമ്പനികൾക്ക് അത് നിരസിക്കുകയും ചെയ്യാം. വൻതോതിലുള്ള അഴിമതിയും സ്വജനപക്ഷപാതിത്വവും നടമാടുന്ന രംഗമാണിത്. പ്രീമിയം തുകയുടെ 97 ശതമാനവും സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളുടെ കീശയിലാകുന്നതായാണ് കണക്കുകൾ പറയുന്നത്. പണം തിരിച്ചുനൽകുന്നതാകട്ടെ 6.61 ശതമാനം മാത്രവും. സർക്കാർ പ്രീമിയം അടയ്ക്കുന്ന പദ്ധതികളിലാകട്ടെ തുകയുടെ 80 ശതമാനവും സ്വകാര്യ മേഖലയിലേയ്ക്കാണ് പോകുന്നത്. ഇന്ത്യയിലെ ആരോഗ്യ പരിപാലന രംഗത്ത് നഗരങ്ങളിൽ 78 ശതമാനവും ഗ്രാമങ്ങളിൽ 71 ശതമാനവും സ്വകാര്യ മേഖലയുടെ നിയന്ത്രണത്തിലാണ് എന്നതാണ് ഞെട്ടിക്കുന്ന വസ്തുത. ഇൻഷ്വറൻസ് തുക നൽകുന്ന കാര്യത്തിൽ വലിയ അഴിമതിയും സ്വജനപക്ഷപാതവും നിലനിൽക്കുന്നതായി രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് പരാതികൾ ഉയർന്നിട്ടുണ്ട്. ചുരുക്കത്തിൽ ഗവണ്മെന്റ് ഒരു മേൽനോട്ടക്കാരനോ സഹായിയോ ആയി നിന്നുകൊണ്ടുള്ള സ്വകാര്യവൽക്കരണ പദ്ധതിയുടെ ഭാഗം മാത്രമാണ് ഏറെ കൊട്ടിഘോഷങ്ങളോടെ വരുന്ന ഈ ഇൻഷ്വറൻസ് പദ്ധതികൾ. അതായത് “സ്വകാര്യ”മേഖലയെ പരിചരിക്കാനുള്ള “പൊതു”മേഖലാ പദ്ധതി എന്ന് ഇതിനെ വിളിക്കാം എന്ന് ചുരുക്കം. ഗവണ്മെന്റിന് ജനങ്ങളുടെ ആരോഗ്യത്തിൽ എന്തെങ്കിലും താല്പര്യമുണ്ടെങ്കിൽ സ്വന്തം നിയന്ത്രണത്തിലും ഉടമസ്ഥതയിലും അത് പരിപാലിക്കുന്നതിന് എന്താണ് തടസ്സം? സ്വാതന്ത്ര്യം ലഭിച്ചപ്പോൾ അങ്ങനെയൊരു നിലപാടല്ലേ എടുത്തിരുന്നത്?

**നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ 2017**

മുൻ കോൺഗ്രസ്സ് ഗവണ്മെന്റിന്റെ പാത പിന്തുടർന്ന് ബിജെപി ഗവണ്മെന്റ് ഇപ്പോൾ കൊണ്ടുവരുന്ന നാഷണൽ മെഡിക്കൽ ബിൽ മറ്റൊരു ഹീന നീക്കംതന്നെയാണ്. ഇപ്പോൾ തയ്യാറായിരിക്കുന്ന ഈ ബിൽ ആരോഗ്യമേഖലയുടെ സമ്പൂർണ സ്വകാര്യവൽക്കരണത്തിന് അന്തിമ അംഗീകാരം നൽകുന്നതും ഗവണ്മെന്റ് ഉടമസ്ഥതയിലുള്ള ആരോഗ്യ പരിപാലനത്തിന്റെ നിലവാരം പാടെ തകർക്കാൻ ലക്ഷ്യം വച്ചുള്ളതുമാണ്. അപകടം പിടിച്ച പല നിർദ്ദേശങ്ങളും ഇതിലുണ്ട്. മെഡിക്കൽ വിദ്യാഭ്യാസത്തിന് ഏകതാനവും ഉയർന്നതുമായ നിലവാരം ഉറപ്പാക്കുക, മെഡിക്കൽ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അംഗീകാരം നൽകുക, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുക, ഡോക്ടർമാരുടെ പ്രാക്ടീസിന് രജിസ്ട്രേഷൻ നൽകുക, മെഡിക്കൽ പ്രാക്ടീസിന് മേൽനോട്ടം വഹിക്കുക തുടങ്ങിയ ചുമതലകൾ നിർവഹിച്ചുവരുന്ന, നിയമപരമായ അധികാരമുള്ള, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ നടത്തപ്പെടുന്ന, നിലവിലുള്ള മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ സ്ഥാനത്ത് ഗവണ്മെന്റ് നിർദ്ദേശിക്കുന്നവരുൾപ്പെടുന്ന ഒരു നാഷണൽ മെഡിക്കൽ കമ്മീഷൻ നിലവിൽ വരുന്നു എന്നതാണ് ഒന്നാമത്തെ അപകടം. അതായത് രാജ്യത്തെ ആരോഗ്യ പരിപാലന സംവിധാനമാകെ ഗവണ്മെന്റ് നിയന്ത്രണത്തിലാകുന്നു, സ്വയംഭരണാവകാശമുള്ള, തെരഞ്ഞെടുക്കപ്പെട്ട ഒരു സംവിധാനം നീക്കംചെയ്യപ്പെടുന്നു എന്നർത്ഥം. പ്രാഥമിക തലത്തിലെ ഡോക്ടർമാരുടെ കുറവുനികത്താനായി ആയുഷ്(ആയുർവേദം, യോഗ-പ്രകൃതിചികിത്സ, യുനാനി, സിദ്ധ, ഹോമിയോ) പ്രാക്ടീസ് ചെയ്യുന്നവരെയും നഴ്സുമാർ, ബിഎസ്‌സി ബിരുദധാരികൾ, മിഡ്‌വൈഫുമാർ, ആഷ വർക്കർ തുടങ്ങിയവരെയും നിയമിക്കാൻ ശുപാർശ ചെയ്യുന്നു എന്നതാണ് രണ്ടാമത്തെ സംഗതി. സമ്പന്നർ ഉയർന്ന നിലവാരമുള്ള ആശുപത്രികളിൽ അത്യന്താധുനികവും ശാസ്ത്രീയവുമായ ചികിത്സ നേടുമ്പോൾ ‘ദരിദ്രർക്ക് ഗവണ്മെന്റ് നിർദ്ദേശിക്കുന്നത് ഇതൊക്കെയാണ്. അതായത് സാധാരണ ജനങ്ങൾ ആധുനിക ചികിത്സ അർഹിക്കുന്നില്ല എന്നാണ് ഗവണ്മെന്റ് കരുതുന്നത് എന്നർത്ഥം. അപ്പോൾ ഇത് ആരുടെ ഗവണ്മെന്റാണ്? ഒരുപിടി വരുന്ന സമ്പന്നരുടെയോ അനേകായിരങ്ങൾ വരുന്ന സാധാരണ ജനങ്ങളുടേതോ? ആയുഷ് പ്രാക്ടീസ് ചെയ്യുന്നവരെ ശരിയായി ഉപയോഗപ്പെടുത്തണമെങ്കിൽ അവരെ കുറഞ്ഞത് ഒരു എംബിബിഎസ് ഡോക്ടറുടെ കീഴിലെങ്കിലും പ്രവർത്തിക്കാൻ വ്യവസ്ഥ ചെയ്യണം. രോഗത്തെയും ചികിത്സയെയുമൊക്കെ സംബന്ധിച്ച് ശാസ്ത്രീയ ധാരണയുള്ളയാളാണ് അലോപ്പതി ഡോക്ടർ. ചൈന, വിയറ്റനാം, ഉത്തരകൊറിയ, ക്യൂബ തുടങ്ങി പല രാജ്യങ്ങളിലും ഇങ്ങനെയാണ് ചെയ്യുന്നത്. അപ്പോൾ അവർക്ക് ആരോഗ്യ പരിപാലനത്തിൽ സുപ്രധാന ഘടകമായി പ്രവർത്തിക്കാൻ കഴിയും. എന്നാൽ നാഷണൽ മെഡിക്കൽ ബിൽ നിർദ്ദേശിക്കുന്നത് എംബിബിഎസ് ഡോക്ടർക്ക് പകരം ആയുഷ് ഡോക്ടർമാർ എന്ന സങ്കല്പമാണ്. ഇത് തീർത്തും അശാസ്ത്രീയവും ദുരുദ്ദേശപരവുമാണ്. വ്യത്യസ്ത തത്വശാസ്ത്രങ്ങൾ പിന്തുടർന്ന്, വ്യത്യസ്ത ചികിത്സാമാർഗങ്ങൾ അവലംബിക്കുന്ന ആയുഷ് ഡോക്ടർമാർക്ക് സ്വന്തം മാർഗം പിന്തുടരുന്നതിനുള്ള അവസരം ഇതുവഴി നിഷേധിക്കപ്പെടുകയാണ്. മൂന്നാമതായി ഈ ബിൽ പറയുന്നത് സ്വകാര്യ മെഡിക്കൽ കോളേജുകളിലെ 40 ശതമാനം സീറ്റിലെ ഫീസ് നിശ്ചയിക്കുന്നതിന് മാത്രമേ ഗവണ്മെന്റ് മാനദണ്ഡങ്ങൾ ഉണ്ടാക്കൂ എന്നാണ്. ബാക്കി 60 ശതമാനം സീറ്റിൽ മാനേജ്മെന്റുകൾക്ക് സ്വന്തം ഇഷ്ടപ്രകാരം ഫീസ് നിശ്ചയിക്കാം. അണ്ടർ ഗ്രാജുവേറ്റ്, പോസ്റ്റ് ഗ്രാജുവേറ്റ് തലങ്ങളിൽ മാനേജ്മെന്റുകൾക്ക് മെഡിക്കൽ കമ്മീഷന്റെ അനുമതി തേടാതെ സീറ്റുകൾ വർദ്ധിപ്പിക്കാനും അധികാരമുണ്ടായിരിക്കും. അതായത് കടിഞ്ഞാണില്ലാത്ത സ്വകാര്യവൽക്കരണത്തിന് അനുമതി നൽകിയിരിക്കുന്നു എന്നർത്ഥം. യോഗ്യത പരിഗണിക്കാതെ പണത്തിന്റെ അടിസ്ഥാനത്തിൽ ഇനി മെഡിക്കൽ ഡിഗ്രികൾ സ്വന്തമാക്കാം.

മെഡിക്കൽ സ്ഥാപനങ്ങളിലെ പരിശോധന, അവയ്ക്ക് അംഗീകാരം നൽകൽ, റാങ്കിംഗ് നിശ്ചയിക്കൽ, സ്ഥാപനത്തിന്റെ ഗുണനിലവാരം നിശ്ചയിക്കൽ തുടങ്ങിയ കാര്യങ്ങളെല്ലാം വാടകയ്ക്കെടുക്കുന്ന മൂന്നാമതൊരു ഏജൻസിയെ ഏൽപ്പിക്കാമെന്ന വ്യവസ്ഥയും ബില്ലിലുണ്ട്. ഈ ഏജൻസി മാനേജ്മെന്റിനോട് വിധേയത്വം പുലർത്താനും അതുവഴി നിലവാരം നിശ്ചയിക്കുന്നതിൽ വിട്ടുവീഴ്ചചെയ്യാനുമുള്ള സാദ്ധ്യത ഒരിക്കലും തള്ളിക്കളയാനാവില്ല. ഇത് മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ നിലവാരം ഇടിക്കുകയും ആരോഗ്യ പരിപാലന സംവിധാനത്തെ, വിശേഷിച്ച് പ്രാഥമിക, ദ്വിതീയ തലങ്ങളിൽ, അപകടപ്പെടുത്തുകയും ചെയ്യും. ചുരുക്കത്തിൽ, ഈ ദേശീയ മെഡിക്കൽ കമ്മീഷൻ ആരോഗ്യപരിപാലനത്തെ സമ്പൂർണമായും ലാഭമുണ്ടാക്കാനുള്ള ഏർപ്പാടാക്കി അധപതിപ്പിക്കുകയും ഗവണ്മെന്റിനെ ഒരു എളിയ നിരീക്ഷകൻ എന്ന നിലയിലേയ്ക്ക് തരംതാഴ്ത്തുകയും ചെയ്യും.

**അഴിമതി തടയുമെന്ന അവകാശവാദം**

എംസിഐ അങ്ങേയറ്റം അഴിമതി നിറഞ്ഞതായിരുന്നുവെന്നും എൻഎംസി അഴിമതിമുക്തമാണെന്നുമാണ് സർക്കാർ അവകാശപ്പെടുന്നത്. ഇങ്ങനെയുമുണ്ടോ തട്ടിപ്പ്? അടുത്തകാലത്ത് വൻതോതിലുള്ള കുംഭകോണങ്ങളും വെട്ടിപ്പുകളുമൊക്കെ പുറത്തുവന്നപ്പോൾ വെളിച്ചത്തായ കാര്യം, അഴിമതി സർവ്വവ്യാപിയാണെന്നും അത് സ്ഥാപനവൽക്കരിക്കപ്പെട്ടിരിക്കുന്നുവെന്നും മന്ത്രിമാരും രാഷ്ട്രീയ നേതാക്കളും ഉദ്യോഗസ്ഥപ്രമാണിമാരും മാഫിയകളുമൊക്കെയടങ്ങുന്ന ഒരു ഗൂഢസംഘമാണ് ഭീകരമായ എല്ലാ അഴിമതിക്കും പിന്നിൽ പ്രവർത്തിക്കുന്നതും അഴിമതിക്കാരെ സംരക്ഷിക്കുന്നതുമെന്നുമൊക്കെയുള്ള വസ്തുതകളാണ്. അതോടൊപ്പം, ജീർണവും അറുപിന്തിരിപ്പനുമായി മാറിക്കഴിഞ്ഞ മുതലാളിത്ത വ്യവസ്ഥയുടെ വികൃതമായ മുഖവും അനാവരണം ചെയ്യപ്പെട്ടു. ഈ മുതലാളിത്തവ്യവസ്ഥ ജനങ്ങളുടെ സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ ജീവിതത്തെ തകർക്കുക മാത്രമല്ല ആരോഗ്യപരിപാലനമുൾപ്പെടെ എല്ലാ മഹത്തായ ജീവിതവൃത്തികളെയും മലിനമാക്കുകകൂടി ചെയ്യുന്നു. ഗവണ്മെന്റ് സ്റ്റോറുകളിൽനിന്ന് സാധനങ്ങൾ ചോർത്തുക, മരുന്നിന്റെ വിലനിർണയാധികാരം എടുത്തുകളയുകയും അതിന്റെ സുതാര്യത നഷ്ടപ്പെടുത്തുകയും ചെയ്യുക, മെഡിക്കൽ ഉപകരണങ്ങൾക്ക് അമിത വില ഈടാക്കുക, നിശ്ചിത നിലവാരം പുലർത്താത്ത നഴ്സിംഗ്ഹോമുകൾക്കും പരിശോധനാ ലാബുകൾക്കും ലൈസൻസ് നൽകുക, സ്റ്റെന്റുകൾ, കൃത്രിമോപകരണങ്ങൾ തുടങ്ങിയവയെല്ലാം ആശുപത്രി പരിസരത്തുവച്ചുപോലും കരിഞ്ചന്തയിൽ വിൽക്കുക, രോഗികളുടെ മരണവുംമറ്റും മറച്ചുവച്ച് വൻതോതിൽ പണംപിടുങ്ങുക തുടങ്ങി അഴിമതിയുടെയും തട്ടിപ്പിന്റെയും പട്ടിക വളരെ നീണ്ടതാണ്. അപ്പോൾപ്പിന്നെ എൻഎംസിയിലേയ്ക്ക് നിയോഗിക്കപ്പെടുന്നവർ അഴിമതിമുക്തരായിരിക്കാൻ ഒരു മാന്ത്രികവിദ്യയുമില്ല എന്ന് വ്യക്തമല്ലേ?

ഇതുമാത്രമല്ല, ഗവണ്മെന്റിന്റെ നയംതന്നെ അഴിമതിക്ക് കളമൊരുക്കുന്നതാണ്. ആരോഗ്യപരിപാലനത്തിൽ ഏറ്റവും ചെലവുവരുന്നത് മരുന്നുകൾക്കും പരിശോധനകൾക്കുമാണ്. മരുന്നിന്റെ വിലനിർണയ വിഷയത്തിൽ ഗവണ്മെന്റ് ആടിക്കളിക്കുകയാണ്. ഈക്കാര്യത്തിൽ ഒരു സുതാര്യതയുമില്ല. പൊതുമേഖലയിലുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനികളെയൊക്കെ ആസൂത്രിതമായി തളർത്തി സ്വകാര്യകമ്പനികൾക്ക് കളം ഒഴിഞ്ഞുകൊടുത്തിരിക്കുകയാണ്. അവരാകട്ടെ, വിലനിയന്ത്രണ ഉത്തരവുപോലും കാറ്റിൽപറത്തി തോന്നുമ്പോലെ മരുന്നുകൾക്ക് വിലയിടുന്നു. പല മരുന്നുകൾക്കും ജീവൻരക്ഷാ ഔഷധങ്ങൾക്കുപോലും ഇപ്പോൾ വിലനിയന്ത്രണം നിലവിലില്ല. ഡോക്ടർമാർ മരുന്നിന്റെ ബ്രാന്റ് നെയിമിനുപകരം നിർബ്ബന്ധമായും ജനറിക് നെയിം കുറിക്കണമെന്ന് പ്രധാനമന്ത്രി അടുത്തിടെ പ്രഖ്യാപിച്ചിരുന്നു. ഇത് ഔഷധനയത്തെ ശുദ്ധമാക്കാനാണോ അതോ അതിൽ വെള്ളം ചേർക്കാനാണോ ഉപകരിക്കുക? ഇത് നടപ്പിലാകുകയാണെങ്കിൽ ഫാർമസിസ്റ്റുകൾ ഏറ്റവും വിലകുറഞ്ഞ ജനറിക് മരുന്ന് നൽകുകയും അവയിൽ പലതും നൂതനമായ മരുന്നുകളെപ്പോലെ ഫലപ്രദമല്ലാതിരിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടാകും.

**മെഡിക്കൽ കമ്മീഷൻ സ്വകാര്യവൽക്കരണത്തിന് വേഗത കൂട്ടുന്നു**

പൊതുമേഖല അഴിമതിഭരിതമായതിനാൽ ചികിത്സാരംഗത്ത് സ്വകാര്യമേഖലയെ ഉത്തരവാദിത്വം ഏൽപ്പിക്കണം എന്ന വാദഗതിയും ഭരണവർഗം മുന്നോട്ടുവയ്ക്കുന്നുണ്ട്. സ്വകാര്യമേഖല തീർത്തും അഴിമതിക്കും തട്ടിപ്പിനുമൊക്കെ അതീതമാണെന്ന് തോന്നും ഇത് കേട്ടാൽ. മരുന്നിന്റെയും ചികിത്സയുടെയുമൊക്കെ വില വൻതോതിൽ വർദ്ധിപ്പിച്ച് സ്വകാര്യ ആശുപത്രികൾ രോഗികളെ കൊള്ളയടിച്ച് കോടികൾ കൊയ്യുന്നതായി അടുത്തിടെ നാഷണൽ പ്രൈസിംഗ് അതോറിറ്റി നടത്തിയ പഠനത്തിൽ കണ്ടെത്തിയിരുന്നു. ആവശ്യമില്ലാത്ത പരിശോധനകൾ നിർദ്ദേശിക്കുക, ആവശ്യമില്ലാത്ത ചികിത്സ നടത്തുക, മരുന്നിന്റെയും സാധനങ്ങളുടെയും മറ്റും വില കൃത്രിമമായി ഉയർത്തി വൻതുകകൾ ഈടാക്കുക തുടങ്ങിയ പരാതികളൊക്കെ സർവ്വസാധാരണമാണ്. അലോപ്പതി പ്രാക്ടീസ് ചെയ്യാൻ ആയുർവേദമോ യുനായിയോ പഠിച്ച ഡോക്ടറെ നിയോഗിക്കുന്ന ആശുപത്രികളുമുണ്ട്. ഇതൊക്കെ പരിശോധിക്കാൻ നിയോഗിക്കപ്പെട്ട സമിതികളിലുള്ളവർ സ്വകാര്യ ആശുപത്രികളോട് കൂറുള്ളവരാകുമ്പോൾ അവർ ഇതൊന്നും കണ്ടില്ലെന്ന് നടിക്കുന്നു. അവർക്ക് രോഗികളുടെ താല്പര്യത്തേക്കാൾ വലുത് ആശുപത്രികളുടെ കച്ചവട താല്പര്യമാണ്. ഇതിന് പലവിധത്തിലുള്ള പ്രതിഫലവും അവർക്ക് കിട്ടുന്നു. ഒരു ആരോഗ്യവകുപ്പ് സെക്രട്ടറി വിരമിച്ച ഉടൻ ഒരു ബഹുരാഷ്ട്ര മരുന്നുകമ്പനിയുടെ അനൗദ്യോഗിക ഡയറക്ടറായി ചുമതലയേറ്റു എന്ന വാർത്ത അടുത്തിടെ പുറത്തുവന്ന കാര്യം ഓർക്കുമല്ലോ. സ്വകാര്യവൽക്കരണമാണ് എല്ലാ വ്യാധികളുടെയും പരിഹാരം എന്നുപറയുന്നതിൽ അപ്പോൾ എന്തർത്ഥമാണുള്ളത്?

**ആരോഗ്യപരിപാലനരംഗത്തെ അപചയത്തിന്റെ കാരണമെന്ത്?**

നിലനിൽക്കുന്ന സാമൂഹ്യ-രാഷ്ട്രീയ വ്യവസ്ഥയിൽ നിന്നടർത്തിമാറ്റി ഈ ചോദ്യത്തിന്റെ ഉത്തരം കണ്ടെത്താനാവില്ല. എല്ലാ അവയവങ്ങളുമായുള്ള പരസ്പരബന്ധത്തിൽ, ശരീരശാസ്ത്രത്തെ സമഗ്രമായി പരിഗണിച്ചുകൊണ്ട്, ശാസ്ത്രീയമായ പരിശോധനാരീതി പിന്തുടർന്നുകൊണ്ട് ഒരു ഡോക്ടർ രോഗനിർണയം നടത്തുന്നതുപോലെ, ആരോഗ്യ പരിപാലനരംഗത്തെ അപചയവും നിലവിലുള്ള സാമൂഹ്യ-രാഷ്ട്രീയ വ്യവസ്ഥയുമായുള്ള പരസ്പരബന്ധത്തിലും സാമൂഹ്യ വികാസ നിയമങ്ങളുടെ അടിസ്ഥാനത്തിലും മാത്രമേ കണ്ടെത്താൻ കഴിയൂ. അല്ലാത്തപക്ഷം പ്രശ്നത്തിന്റെ മൂലകാരണം കണ്ടെത്താനോ അതിന് പരിഹാരമുണ്ടാക്കാനോ കഴിയാതാകും. ഒരു ജീവിക്ക് ജനനം, വളർച്ച, അപചയം, മരണം എന്നീ ഘട്ടങ്ങളുടെ ഒരു പരിവൃത്തമുള്ളതുപോലെ ഒരു സാമൂഹ്യവ്യവസ്ഥയ്ക്കും ഉണ്ട്. കാലഹരണപ്പെട്ട ജന്മിത്ത വ്യവസ്ഥയേക്കാൾ പുരോഗമനപരമായ ഒന്ന് എന്നനിലയിലാണ് മുതലാളിത്തം ഉയർന്നുവന്നത്.

(ശേഷം 13-ാം പേജിൽ)

# സഖാവ് ജി.എസ്.പത്മകുമാർ അനുസ്മരണം



കൊല്ലം ടൗണിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ സഖാവ് വി.വേണുഗോപാൽ മുഖ്യപ്രസംഗം നടത്തുന്നു



പാലക്കാട് ടൗണിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ സഖാവ് ടി.കെ.സുധീർകുമാർ അനുസ്മരണ പ്രഭാഷണം നടത്തുന്നു


തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ പാർവ്വതി പവനൻ പ്രസംഗിക്കുന്നു

കഴിഞ്ഞ ഏപ്രിൽ 28ന് അന്തരിച്ച എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജി.എസ്.പത്മകുമാറിനെ അനുസ്മരിച്ചുകൊണ്ട് വിവിധ ജില്ലകളിൽ യോഗങ്ങൾ നടന്നു.

കൊല്ലം പബ്ലിക് ലൈബ്രറി ഹാളിൽ മേയ് 16ന് നടന്ന അനുസ്മരണ സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് വി.വേണുഗോപാൽ മുഖ്യപ്രഭാഷണം നടത്തി. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ ആക്ടിംഗ് സെക്രട്ടറി സഖാവ് ജയ്സൺ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ആർ.കുമാർ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ സഖാക്കൾ എസ്.രാജീവൻ, ഷൈല കെ.ജോൺ, കെഡിഎഫ് സംസ്ഥാന പ്രസിഡന്റ് പി.രാമഭദ്രൻ, ജനകീയ പ്രതിരോധ സമിതി കൊല്ലം ജില്ലാ പ്രസിഡന്റ് എ.ജയിംസ്, മദ്യവിരുദ്ധ ജനകീയ സമര സമിതി ജില്ലാ വൈസ് പ്രസിഡന്റ് പിറവന്തൂർ ഗോപാലകൃഷ്ണൻ, എസ്‌സിപിഐ(യു) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എൻ.മോഹൻലാൽ, ഇരവിപുരം ഭാസി, ഫാദർ ഗീവർഗ്ഗീസ് തരകൻ, മാത്യു പണിക്കർ, ശശിധരൻ കുണ്ടറ, പി.കൃഷ്ണമ്മാൾ, ഷറഫ് കുണ്ടറ, തഴുത്തല ദാസ്, സഖാവ് എസ്. രാധാകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.



മലപ്പുറം ബാങ്ക് എംപ്ലോയീസ് ഓഡിറ്റോറിയത്തിൽ നടന്ന അനുസ്മരണ യോഗത്തിൽ സഖാവ് ജയ്സൺ ജോസഫ് പ്രസംഗിക്കുന്നു

പാലക്കാട് ടൗണിൽ മേയ് 20ന് നടന്ന അനുസ്മരണ യോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാലക്കാട് ജില്ലാ സെക്രട്ടറി സഖാവ് അബ്ദുൾ അസീസ് അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ടി.കെ.സുധീർകുമാർ അനുസ്മരണ പ്രഭാഷണം നടത്തി. എം.ശിവകുമാർ, വിളയോടി വേണുഗോപാൽ, മുതലാംതോട് മണി, വിജയൻ അമ്പലക്കാട്, മേജർ പി.എം. രവീന്ദ്രൻ, രാധാകൃഷ്ണൻ മണ്ണാർക്കാട്, രാമകൃഷ്ണൻ, കെ.എം.ബീവി എന്നിവർ പ്രസംഗിച്ചു.

ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റിയുടെ തൃശൂർ ജില്ലാ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ജി.എസ്.പത്മകുമാർ അനുസ്മരണ യോഗം സാഹിത്യ അക്കാദമി വൈലോപ്പിള്ളിഹാളിൽ നടന്നു. ജില്ലാ കോ-ഓർഡിനേറ്റർ ഡോ.പി.എസ്.ബാബു അനുസ്മരണ പ്രമേയം അവതരിപ്പിച്ചു. പാർവ്വതി പവനൻ, ഡോ.ടി.വി.സജീവ്, ജോയ് ചിറമേൽ, ജി.നാരായണൻ, പ്രൊഫ.കെ.പി.സജി, സത്യനാരായണൻ, ബെന്നി ബോണിഫസ്, പി.എ.ജോഷ്വാ, എ.എം.സുരേഷ്, ആർ.സുനിത, സി.ആർ.ഉണ്ണികൃഷ്ണൻ, ഡോ.സുകന്യ കുമാർ, തുടങ്ങിയവർ പ്രസംഗിച്ചു. എം.പ്രദീപൻ അദ്ധ്യക്ഷത വഹിച്ചു.

ജനകീയ പ്രതിരോധ സമിതി, ബാനർ സാംസ്ക്കാരിക സമിതി എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ ചാവക്കാട് മുൻസിപ്പൽ ഹാളിൽ അനുസ്മരണ യോഗം നടന്നു. എൻ.എച്ച് ആക്ഷൻ കൗൺസിൽ സംസ്ഥാന ചെയർമാൻ ഇ.വി.മുഹമ്മദലി, ജില്ലാ വൈസ് ചെയർമാൻ വി.സിദ്ദിഖ്, സേവ് എജ്യൂക്കേഷൻ കമ്മിറ്റി ജില്ലാ പ്രസിഡന്റ് ജി.നാരായണൻ, ബാനർ സാംസ്കാരിക മാസിക എഡിറ്റോറിയൽ ബോർഡ് അംഗം എൻ.കെ.ബിജു, ഇ.ജെ.റോയിച്ചൻ, സി.കെ.ശിവദാസൻ, ആർ. സുനിത എന്നിവർ പ്രസംഗിച്ചു. സി.ആർ.ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു.

മലപ്പുറം ബാങ്ക് എംപ്ലോയീസ് ഓഡിറ്റോറിയത്തിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. സഖാവ് പി.കെ.പ്രഭാഷ് അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ ടി. കെ.സുധീർകുമാർ, ടി.ടി.വാസുദേവൻ, ടി.കെ. ബോസ് എന്നിവരും പ്രസംഗിച്ചു ●

# ആരോഗ്യപരിപാലനം...

(12-ാം പേജിൽ നിന്ന്)

അത് ബൂർഷ്വാ ജനാധിപത്യ വ്യവസ്ഥ സ്ഥാപിച്ചുകൊണ്ട് ജനങ്ങളുടെ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യ പരിപാലനം എന്നീ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുമെന്ന് പ്രഖ്യാപിച്ചു. ആരോഗ്യ പരിപാലനത്തെ അവശ്യസേവനമായിക്കണ്ട ഗവൺമെന്റുകൾ അത് സൗജന്യമായോ ഏറ്റവും കുറഞ്ഞ നിരക്കിലോ ഫലപ്രദമായി ജനങ്ങൾക്ക് നൽകാൻ ബാദ്ധ്യസ്ഥമായിരുന്നു. എന്നാൽ ഇന്ന് മരണശ്വാസം വലിക്കുന്ന മുതലാളിത്തവ്യവസ്ഥ ഒരിക്കൽ അത് ഉയർത്തിപ്പിടിച്ച ആദർശങ്ങളും തത്വങ്ങളും മൂല്യങ്ങളും കീഴ്വഴക്കങ്ങളുമൊക്കെ ചവുട്ടിമെതിക്കുന്നു. അല്ലാത്തപക്ഷം അതിന് ജീർണവും മരണാസന്നവും നിർദ്ദയവുമായ ചൂഷണവ്യവസ്ഥ തുടർന്നുകൊണ്ടുപോകാൻ കഴിയില്ല. അതിന്ന് ജനങ്ങൾക്ക് ദുരിതങ്ങളും ജീർണതയും മാത്രമേ സമ്മാനിക്കുന്നുള്ളൂ. ബൂർഷ്വാ ജനാധിപത്യത്തിന്റെ സത്ത ചോർന്നുപോയിരിക്കുന്നു. ക്ഷേമരാഷ്ട്ര സങ്കല്പമൊക്കെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ജീവിതത്തിന്റെയും ഭരണത്തിന്റെയും എല്ലാ തലങ്ങളിലും അഴിമതി നിറഞ്ഞിരിക്കുന്നു. അത് അവശേഷിക്കുന്ന നന്മകളെക്കൂടി കാർന്നുതിന്നുകയാണ്. സാമ്പത്തിക-രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക മേഖലകളിലൊക്കെ ജീർണത പടർന്നിരിക്കുകയാണ്. വൈദ്യ ശുശ്രൂഷയടക്കം എല്ലാ ജീവിതവൃത്തികളെയും അത് ബാധിച്ചിരിക്കുന്നു. 175 വർഷങ്ങൾക്കുമുമ്പ് മഹാനായ കാൾ മാർക്സ് പ്രവചിച്ചതുപോലെ പണം സർവ്വശക്തമായിത്തീർന്നിരിക്കുന്നു. ഈ മുതലാളിത്ത വ്യവസ്ഥയിൽ ആരോഗ്യപരിപാലനമുൾപ്പെടെ എല്ലാം പണത്തിന് വിധേയപ്പെട്ടിരിക്കുന്നു. ചൂഷിതർക്ക് അവകാശപ്പെട്ടതെല്ലാം ഒരു പിടിവരുന്ന മുതലാളിമാർ കവർന്നെടുക്കുകയാണ്. അങ്ങനെ സമൂഹം അനീതിയിലും അന്യായത്തിലും അസാന്മാർഗികതയിലും കൂപ്പുകുത്തുകയാണ്. മുതലാളിത്ത വ്യവസ്ഥ എല്ലാ തിന്മകളെയും ദുരിതങ്ങളെയും അപഭ്രംശങ്ങളെയും ഊട്ടിവളർത്തുകയാണ്.

### വൈദ്യശാസ്ത്ര രംഗത്തെ നൈതികത അതിവേഗം ചോർന്നുപോകുന്നു

ആരോഗ്യത്തോടെ കഴിയാനുള്ള ജനങ്ങളുടെ അവകാശം മുതലാളിത്തം തട്ടിപ്പറിക്കുകയാണ്. വൈദ്യശാസ്ത്ര രംഗത്തെ ധാർമികതയെല്ലാം വെടിഞ്ഞ് അതിനെ വെറും കച്ചവടമാക്കി അവർ അധഃപതിപ്പിക്കുകയാണ്. ഡോക്ടർമാർ പലരും പണത്തിനുപിന്നാലെ പായുന്നു. വേദനയിൽനിന്നുള്ള മോചനത്തിനായി, ആരോഗ്യം വീണ്ടെടുക്കാനായി, സ്വസ്ഥമായിരിക്കാനായി സഹായമഭ്യർത്ഥിച്ചുകൊണ്ടാണ് രോഗികൾ ഡോക്ടറെ സമീപിക്കുന്നത്. മറ്റേതൊരു ജോലിയേക്കാൾ ധാരണയും സഹാനുഭൂതിയും ഇവിടെ ആവശ്യമാണ്. ഇന്നും പല ഡോക്ടർമാരും ഈ നൈതികത ഉയർത്തിപ്പിടിക്കുന്നുണ്ട് എന്നകാര്യം വിസ്മരിക്കുന്നില്ല. നൈതികാടിത്തറയില്ലുള്ള, ഉയർന്ന ഗുണനിലവാരമുള്ള പരിചരണമല്ല പണവും ലാഭവുമാണ് പ്രധാനം എന്ന് കരുതുന്നവർ ഇവരുടെ ശബ്ദം അമർച്ച ചെയ്യുകയാണ്. അതുകൊണ്ടുതന്നെ ജനങ്ങളെ ഊറ്റിപ്പിഴിയുന്ന ഈ പ്രക്രിയയിൽ ഡോക്ടർമാരും പങ്കാളികളായിത്തീരുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പറഞ്ഞ് പല ഡോക്ടർമാരും യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ രോഗികളെ തങ്ങൾക്കിഷ്ടപ്പെട്ട സ്വകാര്യ പരിശോധനാ കേന്ദ്രങ്ങളിലേയ്ക്ക് അയയ്ക്കുന്നതായും പരാതിയുണ്ട്. ആവശ്യമില്ലാത്ത പരിശോധനകളൊക്കെ ഇവർ നിർദ്ദേശിക്കുന്നു. ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് ഈ ചൂഷണ വ്യവസ്ഥയ്ക്കെതിരെ നിലകൊള്ളാൻ ധൈര്യം കാണിക്കുന്നെങ്കിൽ മാത്രമേ പടരുന്ന ഈ ജീർണതയിൽനിന്ന് മുക്തനായിരിക്കാൻ ഒരാൾക്ക് കഴിയൂ.

ആവശ്യമായ ചികിത്സ കിട്ടാതിരിക്കുകയും അവഗണന നേരിടുകയുമൊക്കെ ചെയ്യുമ്പോൾ ജനങ്ങൾ രോഷാകുലരായി ഡോക്ടർമാരെയും നഴ്സുമാരെയുമൊക്കെ കയ്യേറ്റം ചെയ്യുന്ന സാഹചര്യവും ഉണ്ടാകുന്നുണ്ട്. ഈ അസംതൃപ്തിയും രോഷവുമൊക്കെ ശരിയായി ചാലുതിരിച്ചുവിട്ട് ശക്തമായൊരു ജനകീയ മുന്നേറ്റം ആരോഗ്യമേഖലയിൽ വളർത്തിയെടുക്കാൻ കഴിയുന്ന ഒരു സംഘടന ഇനിയും കരുത്താർജിക്കാത്തതാണ് ഇതിന് കാരണം.

### സോഷ്യലിസത്തിലെ ആരോഗ്യപരിപാലനം

സോഷ്യലിസത്തിൽ ആരോഗ്യ പരിപാലനത്തിന് പരമപ്രാധാന്യം നൽകുകയും അത് എല്ലാവർക്കും ഉറപ്പാക്കുകയും ചെയ്യുന്നു എന്നകാര്യം ഇവിടെ പറയേണ്ടതുണ്ട്. മറ്റുള്ളവരുടെ അദ്ധ്വാനശക്തി ഊറ്റിപ്പിഴിഞ്ഞ് പരമാവധി ലാഭമുണ്ടാക്കുകയല്ല, പരമാവധി ജനങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുകയാണ് അവിടെ ഉല്പാദനത്തിന്റെ ലക്ഷ്യം എന്നതുകൊണ്ടാണ് ഇത് സാദ്ധ്യമാകുന്നത്. സോവിയറ്റ് യൂണിയൻ, ചൈന പോലുള്ള സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ആരോഗ്യ പരിപാലനം സർക്കാർ ഉടമസ്ഥതയിലായിരുന്നു. കേന്ദ്രീകൃതാസൂത്രണത്തിലൂടെ അത് എല്ലാവർക്കും സൗജന്യമായി എത്തിച്ചിരുന്നു. ചികിത്സാസൗകര്യങ്ങൾ, ഡോക്ടർമാർ, നഴ്സുമാർ, സാങ്കേതികവിദ്യകൾ എന്നിവയുടെയൊക്കെ നിരന്തര വികാസത്തിലൂടെ ആരോഗ്യപരിപാലന രംഗത്ത് സോവിയറ്റ് യൂണിയൻ കൈവരിച്ച നേട്ടം ലോകമെമ്പാടുമുള്ള മെഡിക്കൽ വിദഗ്ദ്ധരുടെ പ്രശംസ പിടിച്ചുപറ്റിയിരുന്നു. ലോകത്ത് ഏറ്റവും ഉയർന്ന ജീവിതദൈർഘ്യം നേടാനും അവർക്ക് കഴിഞ്ഞു. മറ്റ് സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലും ഇതുതന്നെയായിരുന്നു സ്ഥിതി. എന്നാൽ സോഷ്യലിസ്റ്റ് വ്യവസ്ഥ തകർക്കപ്പെട്ട് മുതലാളിത്ത വ്യവസ്ഥ പുനഃസ്ഥാപിക്കപ്പെട്ടതോടെ ആരോഗ്യപരിപാലനത്തിന്റെ നിലവാരം കൂപ്പുകുത്തിയതായി കണക്കുകൾ പറയുന്നു. കാര്യക്ഷമതയിലും മികവിലും ക്യൂബയുടെ ആരോഗ്യരംഗം ആഗോളപ്രശംസ നേടിയിട്ടുണ്ട്. വർഷത്തിലൊരിക്കൽ നിങ്ങളുടെ കുടുംബത്തിലെ എല്ലാവരുടെയും ആരോഗ്യനില പരിശോധിക്കുന്നതിനായി ഒരു ഡോക്ടർ നിങ്ങളുടെ വീട്ടുപടിക്കലെത്തുന്നത് ഒന്ന് സങ്കല്പിച്ചുനോക്കൂ. ചികിത്സയേക്കാൾ പ്രതിരോധത്തിനാണ് അവർ ഊന്നൽ കൊടുക്കുന്നത്. അമേരിക്കയടക്കമുള്ള സാമ്രാജ്യത്വശക്തികൾ ഭീകരമായ ഉപരോധം അടിച്ചേൽപ്പിച്ചിട്ടുപോലും ഉത്തരകൊറിയ മുഴുവൻ ജനങ്ങൾക്കും സൗജന്യമായി ചികിത്സ നൽകുന്നുണ്ട്. ഇന്നത്തെ ദുസ്ഥിതിക്ക് പരിഹാരമുണ്ടാക്കാൻ പ്രബുദ്ധവും ശക്തവുമായൊരു മുന്നേറ്റം ആരോഗ്യമേഖലയിൽ ആവശ്യമാണ്. നിരാശപ്പെടേണ്ട ഒരു സാഹചര്യവുമില്ല. ചൂഷണവ്യവസ്ഥയ്ക്ക് അന്ത്യംകുറിക്കുന്നതുവരെ നേരായി ചിന്തിക്കുന്ന ജനങ്ങളും മനസ്സാക്ഷിയുള്ള ഡോക്ടർമാരും നഴ്സുമാരും ആരോഗ്യ പ്രവർത്തകരുമെല്ലാംചേർന്ന് നിലവിലെ സാഹചര്യത്തിൽ മുന്നേറ്റത്തിന്റെ പാത കണ്ടെത്തണം. താഴെത്തലം മുതൽ അത്തരമൊരു മുന്നേറ്റം വളർത്തിയെടുക്കുകയും ജനാഭിപ്രായം രൂപീകരിക്കുകയും ചെയ്തുകൊണ്ടുമാത്രമേ ചൂഷണ മുതലാളിത്ത വ്യവസ്ഥയിൽ ജനങ്ങൾക്ക് ഗവൺമെന്റിൽനിന്ന് എന്തെങ്കിലും ആശ്വാസം നേടിയെടുക്കാനാകൂ. അത്തരമൊരു മുന്നേറ്റത്തെ ശരിയായ വിപ്ലവനേതൃത്വത്തിൻകീഴിൽ ഉയർന്ന തലങ്ങളിലേയ്ക്കുയർത്തിക്കൊണ്ട് രാജ്യവ്യാപകമായ പ്രക്ഷോഭമാക്കി മാറ്റുകയും ആരോഗ്യരംഗത്തെ ആക്രമണങ്ങളെ തുരത്തി ജനങ്ങളുടെ ഡിമാന്റുകൾ നേടിയെടുക്കുകയും ചെയ്യേണ്ടതുണ്ട്. അല്ലാതെ മറ്റൊരു പോംവഴിയുമില്ല.

ഇന്ന്, സോഷ്യലിസം അപ്രായോഗികമാണെന്ന ദുഷ്പ്രചാരണം മുതലാളിത്തലോകം അഴിച്ചുവിടുമ്പോൾ പതിറ്റാണ്ടുകളോളം സോഷ്യലിസ്റ്റ് നാടുകളിൽ ആരോഗ്യമേഖലയിൽ കൈവരിച്ച വമ്പിച്ച നേട്ടങ്ങൾ ഏതൊരാളുടെയും കണ്ണുതുറപ്പിക്കേണ്ടതാണ് ●

# കാൾ മാർക്സ് 200–ാം ജന്മവാർഷികം



**'കാൾ മാർക്സിന്റെയും ഫ്രെഡറിക് എംഗൽസിന്റെയും ജീവിതസമരവും പാഠങ്ങളും' എന്നപേരിൽ എസ്‌യുസിഐ(സി) കേന്ദ്ര കമ്മിറ്റി പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ അല്പം സ്വതന്ത്രമായ മലയാള പരിഭാഷ പാർട്ടി കേരള സംസ്ഥാന കമ്മിറ്റി കഴിഞ്ഞവർഷം പുറത്തിറക്കിയിരുന്നു. മഹാനായ മാർക്സിന്റെ 200–ാം ജന്മവാർഷികം സമുചിതം ആചരിക്കുന്നതിന്റെ ഭാഗമായി കൈക്കൊണ്ട അനേകം പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു ഈ പ്രസിദ്ധീകരണം. കമ്മ്യൂണിസ്റ്റുകൾ എക്കാലവും മാതൃകയാക്കേണ്ട, പുരോഗമനകാംക്ഷികളാകെ പഠനവിധേയമാക്കേണ്ട ഐതിഹാസികമായ ആ ജിവിതത്തെക്കുറിച്ച് ഹ്രസ്വമായി പ്രതിപാദിക്കുന്ന ആ കൃതിയിൽനിന്നുള്ള ഒരു ചെറിയ ഭാഗം ഇവിടെ *യൂണിറ്റി* വായനക്കാർക്കായി ചേർക്കുകയാണ്.**

### സമരത്തിലും ദുരിതത്തിലും അചഞ്ചലനായി

എല്ലാ സൗകര്യങ്ങളും ഒത്തിണങ്ങിയ സുഖപ്രദമായ ഒരു ജീവിത പശ്ചാത്തലത്തിൽ നിന്നല്ല മാർക്സിന്റെ ഈ ബഹുമുഖ പ്രതിഭ ഇതൾ വിടർത്തിയത്. മറിച്ച് തീരാത്ത ബുദ്ധിമുട്ടുകളുടെയും ഇല്ലായ്മകളുടെയും ദുരിതങ്ങളുടെയും മദ്ധ്യേയാണത് വികസിച്ചു വന്നത്. 1850 ൽ അദ്ദേഹം തന്റെ അഭയാർത്ഥി ജീവിതം ലണ്ടനിലെ ഡീൻ തെരുവിൽ രണ്ട് ചെറിയ മുറികൾ മാത്രമുള്ള ഒരു വീട്ടിൽ ആരംഭിച്ചു. 7 അംഗങ്ങൾക്ക് പെരുമാറേണ്ടുന്ന പൊതു ഇരിപ്പുമുറി തന്നെ അടുക്കളയും പഠനമുറിയും, മാർക്സിന്റെ അസംഖ്യം സന്ദർശകരെ സ്വീകരിച്ചിരുത്താനുള്ള ഇടവും. മാർക്സിന്റെ 33 വർഷം നീണ്ട ലണ്ടൻ വാസത്തിൽ ഏറിയ പങ്കും ഇത്തരത്തിൽ കടുത്ത സ്ഥലപരിമിതി അനുഭവിച്ച് കൊണ്ടായിരുന്നതിനാൽ അദ്ദേഹത്തിന്റെ തീവ്രമായ പഠനങ്ങളും ഗവേഷണങ്ങളും അധികവും ബ്രിട്ടീഷ് മ്യൂസിയത്തിന്റെ വായനാമുറിയിൽ, രാവിലെ മുതൽ രാത്രിവരെ, ദിവസങ്ങൾക്ക് പിന്നാലെ ദിവസങ്ങൾ ചെലവിട്ടുകൊണ്ടായിരുന്നു. മാർക്സിന്റെ ട്രിയറിലെ പരമ്പരാഗത സ്വത്ത് വിറ്റുകിട്ടിയ പണവും ഭാര്യ ജന്നിയുടെ വ്യക്തിഗത ഉപയോഗത്തിലുണ്ടായിരുന്ന എന്തെങ്കിലുമൊക്കെ സാധനസാമഗ്രികൾ വിറ്റുകിട്ടിയ തുകയും ലണ്ടനിലെത്തി അധികനാളത്തേക്ക് ജീവിച്ചുപോകാൻ തികയുന്നതായിരുന്നില്ല. ന്യൂയോർക്ക് ഡെയ്‌ലി ട്രിബ്യൂണിന് ലേഖനങ്ങൾ അയച്ചതിൽ നിന്ന് കിട്ടിക്കൊണ്ടിരുന്ന തുച്ഛമായ വരുമാനം കുറച്ച് കാലത്തിന് ശേഷം ശുഷ്കിച്ച് ഇല്ലാതായി. മാഞ്ചസ്റ്ററിൽ നിന്ന് എംഗൽസ് എത്തിക്കുന്ന സഹായം മാത്രമായിരുന്നു ഇതിനുശേഷം മാർക്സിന്റെയും കുടുംബത്തിന്റെയും ജീവിതത്തിന് താങ്ങ്, ഉപജീവനത്തിന്റെ ഏക ആശ്രയം. മാർക്സിന്റെ മരണം വരെയുള്ള ഇക്കാലമത്രയും പട്ടിണിയുടെയും കടത്തിന്റെയും വീട്ടാത്ത സാമ്പത്തിക ബാദ്ധ്യതകളുടെയും വായ്പ നൽകിയവരെ അഭിമുഖീകരിക്കുന്നതിന്റെയും, വീട്ടുപകരണങ്ങളും സ്വന്തം ഉപയോഗത്തിനുണ്ടായിരുന്ന സാധനങ്ങളും വരെ വിൽക്കുന്നതിന്റെയും, രോഗത്തിന്റെയും മരണത്തിന്റെയും വിയോഗദുഃഖത്തിന്റെയും തുടർക്കഥയായിരുന്നു.

പക്ഷേ ഒന്നും അദ്ദേഹത്തെ അധീരനാക്കിയില്ല. ഏറ്റെടുത്ത ചരിത്ര ദൗത്യത്തിൽനിന്ന് അദ്ദേഹത്തിന്റെ ശ്രദ്ധ വ്യതിചലിപ്പിക്കാൻ യാതൊന്നിനുമായില്ല. ഇംഗ്ലണ്ടിലെ ശൈത്യകാലത്ത് പലപ്പോഴും മാർക്സിനും കുടുംബത്തിനും വെറും റൊട്ടിയും ഉരുളക്കിഴങ്ങുമായി ദിവസങ്ങളോളം കഴിച്ചുകൂട്ടേണ്ടിവന്നു. അതുപോലും മാർക്സിന്റെ കോട്ട് പണയം വെച്ചു കിട്ടിയ പണം കൊണ്ട്. യുഗനിർമ്മാതാവായ ആ അഗ്രഗാമി അപ്പോഴും കർത്തവ്യനിരതനായി ഏകാഗ്രചിത്തനായി പ്രയത്നിച്ചുകൊണ്ടേയിരുന്നു. കരളിനെയും ഉദരത്തേയും ബാധിച്ച വിട്ടുമാറാത്ത അസുഖങ്ങൾ, വേദനിപ്പിക്കുന്ന കുരുക്കൾ, ഒരു പ്രവൃത്തിയും ചെയ്യാനാകാതാക്കുംവിധം ദിവസങ്ങളോളം തുടരുന്ന തലവേദന, കാഴ്ചക്കും കേൾവിക്കും സംഭവിച്ച ക്ഷതം ഇതെല്ലാം മാർക്സിനെ അലട്ടിക്കൊണ്ടിരുന്നു. അപ്പോഴും ആ മഹാനായ തൊഴിലാളിവർഗ്ഗ വിപ്ലവകാരി അനന്യമനസ്കനായി അദ്ധ്വാനിച്ചുകൊണ്ടേയിരുന്നു. വിപ്ലവത്തിന്റെ സിദ്ധാന്തവും പ്രയോഗവും രൂപപ്പെടുത്തിക്കൊണ്ട്... തന്റെ രോഗശയ്യയിൽ കിടന്നുപോലും രചനകളിൽ മുഴുകിക്കൊണ്ട്. വേർപാടുകൾ ഒന്നിനുപിറകേ ഒന്നായി വന്നു. കുഞ്ഞുപുത്രി ഫ്രാൻസിസ്ക ബ്രോങ്കൈറ്റിസ് മൂലം മരിച്ചു. കുഞ്ഞിനെ അടക്കം ചെയ്യാനുള്ള പെട്ടി വാങ്ങാൻ നല്ലവനായ ഒരു അയൽക്കാരൻ പണം നൽകി സഹായിച്ചു. പിന്നെ എഡ്ഗാർ, മാർക്സിന്റെ ഒരേയൊരു പുത്രൻ. ഒമ്പതാമത്തെ വയസ്സിൽ അച്ഛന്റെ മടിയിൽ കിടന്ന്, ദീർഘകാലത്തെ അസുഖത്തെത്തുടർന്ന്, മിടുക്കനും എല്ലാവരുടെയും വാത്സല്യഭാജനവുമായിരുന്ന അവനും അന്തരിച്ചു. 1881 ഡിസംബറിൽ മാർക്സിന്റെ ഏറ്റവും ഇളയപുത്രി ഫ്റൗ അസുഖബാധിതയായി മരിച്ചു. 1883 ൽ മാർക്സിന്റെ പ്രിയങ്കരിയായ മകൾ, ലോംഗ്വറ്റിന്റെ ഭാര്യ ജെന്നി, പെട്ടെന്ന് നിര്യാണമടഞ്ഞു. ഇതെല്ലാം സ്നേഹനിധിയായ ഒരു പിതാവും ഭർത്താവും കൂടിയായിരുന്ന തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ ആ ഗുരുനാഥൻ, തികഞ്ഞ മനസ്സാന്നിദ്ധ്യത്തോടെയും നിശ്ചയദാർഢ്യത്തോടെയും നേരിട്ടു. വേർപാടുകൾ സൃഷ്ടിച്ച കഠിനദുഃഖത്തെ ബദ്ധശ്രദ്ധമായ കർമ്മനിഷ്ഠയാൽ തരണം ചെയ്തു. ഐതിഹാസികമായ തന്റെ രാഷ്ട്രീയ സമരം അദ്ദേഹം അനവരതം തുടർന്നുപോന്നു. ഒന്നിനുപിറകേ ഒന്നായി ബൃഹത് രചനകൾ വെളിച്ചം കണ്ടുകൊണ്ടിരുന്നു; മൂലധനത്തിന്റെ സൃഷ്ടിയിൽ പര്യവസാനിക്കുവോളം. അങ്ങനെ അദ്ദേഹം നിലവിലുള്ള മുതലാളിത്ത സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന രോഗത്തിന്റെ അടിസ്ഥാന കാരണങ്ങൾ നിർണ്ണയിക്കുകയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിലൂടെ മുതലാളിത്ത വ്യവസ്ഥയെ ഉല്ലംഘിച്ചുകൊണ്ട് മാനവസംസ്കൃതി മുന്നോട്ടു പ്രയാണം ചെയ്യുന്നതിന്റെ – മഹത്തായ ആ ചരിത്രപ്രയാണത്തിന്റെ – പാത വരച്ചു കാണിക്കുകയും ചെയ്തു.

### നിര്യാണം

എന്നാൽ വർഷങ്ങൾ നീണ്ട കഷ്ടപ്പാടുകളും ദുരിതങ്ങളും തുടരെത്തുടരെയുള്ള ആഘാതങ്ങളും അതിന്റേതായ കണക്ക് തീർത്തു. മാർക്സിന്റെ ഭാര്യ ജെന്നിഫർ മാരക രോഗത്തിനിരയായ സമയത്തുതന്നെ മാർക്സും ശ്വാസകോശ രോഗങ്ങളാൽ ശയ്യാവലംബിയായിത്തീർന്നു. ഒടുവിൽ, പൊതുവേ ദൃഢഗാത്രനായിരുന്ന മാർക്സിന്റെ ശരീരഘടന പാടേ തകർന്നു. 1883 മാർച്ച് 14 ന് ഉറക്കത്തിൽ മാർക്സ് അന്തരിച്ചു. ലണ്ടനിലെ ഹൈഗേറ്റ് ശ്മശാനത്തിൽ മാർച്ച് 17 ന് അദ്ദേഹത്തെ അടക്കം ചെയ്തു. ശവകുടീരത്തിനരികിൽ നിന്ന് എംഗൽസ്, മാർക്സിന്റെ ഉറ്റ സഖാവ്, നടത്തിയ ഘനഗംഭീരമായ പ്രസംഗത്തിൽ മാനവരാശിക്ക് മാർക്സ് നൽകിയ അളവറ്റ സംഭാവനകൾ എടുത്തുപറഞ്ഞു. ആ പ്രസംഗത്തിൽ നിന്ന് ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊള്ളട്ടെ: മാർച്ച് 14 ന് ഉച്ചകഴിഞ്ഞ് രണ്ടേമുക്കാൽ മണിയോടെ ലോകത്തെ ഏറ്റവും ഉന്നതമായ ഒരു മസ്തിഷ്കം നിശ്ചലമായി. ജൈവ പ്രകൃതിയുടെ വികാസത്തിന്റെ നിയമം ഡാർവിൻ കണ്ടുപിടിച്ചതെങ്ങനെയോ അപ്രകാരം മാർക്സ് മാനവചരിത്രവികാസത്തിന്റെ നിയമം കണ്ടെത്തി. പക്ഷേ, അതുമാത്രമല്ല. മാർക്സ് ഇന്നത്തെ മുതലാളിത്ത ഉൽപ്പാദനരീതിയുടെയും ആ ഉൽപ്പാദന രീതി സൃഷ്ടിക്കുന്ന ബൂർഷ്വാ സമൂഹത്തിന്റെയും ചലനത്തെ നിയന്ത്രിക്കുന്ന സവിശേഷനിയമം എന്തെന്നും കണ്ടെത്തി. ബൂർഷ്വാ സാമ്പത്തിക ശാസ്ത്രകാരന്മാരുടെയും സോഷ്യലിസ്റ്റ് സാമൂഹ്യവിമർശകരുടെയും മുൻ അന്വേഷണങ്ങളത്രയും ഇരുട്ടിൽ തപ്പുകയായിരുന്നപ്പോൾ, ഉത്തരം ഒരു പ്രഹേളികയായി തുടർന്ന പ്രശ്നത്തിലേയ്ക്ക് മിച്ചമൂല്യത്തിന്റെ കണ്ടെത്തൽ പെട്ടെന്ന് വെളിച്ചം വീശി. ഒരു ജീവിത കാലയളവിൽ ഇത്തരം ഒന്നോ രണ്ടോ കണ്ടുപിടുത്തങ്ങൾ തന്നെ മതിയാകും... എന്നാൽ മാർക്സ് അന്വേഷണം നടത്തിയ ഓരോ മേഖലയിലും, – ഒട്ടനവധി മേഖലകളിലേക്ക് അദ്ദേഹം കടന്നുചെന്നു, ഒട്ടും ഉപരിപ്ലവമായല്ലാതെ ആഴത്തിൽ – ഗണിതശാസ്ത്രത്തിൽപോലും സ്വതന്ത്രമായ കണ്ടുപിടുത്തങ്ങൾ അദ്ദേഹം നടത്തി. ആ ശാസ്ത്രപ്രതിഭ അവ്വിധമായിരുന്നു... എന്നാൽ ഇതൊന്നും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പാതിപോലുമാകുന്നില്ല. മാർക്സിനെ സംബന്ധിച്ചിടത്തോളം ശാസ്ത്രം ചരിത്രപരമായി ചലനാത്മകവും വിപ്ലവകരവുമായ ഒരു ശക്തിയായിരുന്നു... കാരണം മറ്റെന്തിലുമുപരി മാർക്സ് ഒരു വിപ്ലവകാരിയായിരുന്നു. അദ്ദേഹത്തിന്റെ യഥാർത്ഥ ജീവിതദൗത്യം മുതലാളിത്ത സമൂഹത്തെയും അത് നിലവിൽ വരുത്തിയ ഭരണകൂട സ്ഥാപനങ്ങളെയും നിഷ്കാസനം ചെയ്യാൻ, ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ, സംഭാവന ചെയ്യുക എന്നതും ആധുനിക തൊഴിലാളിവർഗ്ഗത്തിന്റെ – താൻ തന്നെ ആദ്യമായി ചരിത്രത്തിലെ അതിന്റെ സ്ഥാനത്തെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും മോചനത്തിന്റെ ഉപാധികളെക്കുറിച്ചും ഉള്ള അവബോധം സൃഷ്ടിച്ചെടുത്ത തൊഴിലാളിവർഗ്ഗത്തിന്റെ – വിമോചനത്തിനായി സംഭാവന ചെയ്യുക എന്നതുമായിരുന്നു... അദ്ദേഹത്തിന്റെ നാമം യുഗങ്ങളെ അതിജീവിക്കും. അദ്ദേഹത്തിന്റെ കൃതികളും.

### കമ്മ്യൂണിസ്റ്റ് വ്യക്തിസ്വഭാവത്തിന്റെ ഉത്തമ നിദർശനം

മാർക്സ് എന്ന വ്യക്തിയും അദ്ദേഹത്തിന്റെ ജീവിതവും ജീവിത സമരവും ഇവ്വിധമായിരുന്നു. അദ്ദേഹം ഏറ്റെടുത്ത് അന്ത്യംവരെ മുറുകെപ്പിടിച്ച കർത്തവ്യനിർവ്വഹണത്തിൽ നിന്ന് അണുവിട ശ്രദ്ധ അകറ്റുവാൻ യാതൊന്നിനുമായില്ല. വലിയ തടസ്സങ്ങൾക്ക്, പ്രതികൂല സാഹചര്യങ്ങൾക്ക്, കഷ്ടപ്പാടുകൾക്ക്, ഇല്ലായ്മകൾക്കും വല്ലായ്മകൾക്കും യാതൊന്നിനും. ഒരു വശത്ത് അദ്ദേഹം ചരിത്രപരമായി നിയതമായിരിക്കുന്ന പാതയിലൂടെ സമൂഹത്തിന്റെ വിപ്ലവകരമായ പരിവർത്തനം സാധിതമാക്കിതീർക്കുന്നതിനുള്ള തൊഴിലാളിവർഗ്ഗത്തിന്റെ കൈകളിലെ ആയുധമെന്ന നിലയിൽ, പ്രത്യയശാസ്ത്രത്തെ വികസിപ്പിച്ച് മൂർച്ചപ്പെടുത്തി. അബദ്ധജടിലങ്ങളും പിന്തിരിപ്പനുമായ ആശയങ്ങളെ പരാജയപ്പെടുത്തിക്കൊണ്ടാണത് ചെയ്തത്. മറുവശത്ത് മാർക്സ് അദ്ദേഹത്തിന് സാധ്യമാകുമായിരുന്ന എല്ലാ പുരോഗമന മുന്നേറ്റങ്ങളിലും തൊഴിലാളിവർഗ്ഗ പോരാട്ടങ്ങളിലും സജീവമായി പങ്കുകൊണ്ടു. തെറ്റായ പ്രത്യയശാസ്ത്രങ്ങളുടെ വക്താക്കളോട് നിരന്തരം പടവെട്ടിക്കൊണ്ട് സാർവ്വദേശീയ തൊഴിലാളിസംഘടനയെ ശക്തിപ്പെടുത്തുന്നതിന് യത്നിച്ചു. ഉടനീളം വിവിധ രാജ്യങ്ങളിലെ വിപ്ലവകാരികളുമായി നിരന്തരമായ കത്തിടപാടുകളിലൂടെ ബന്ധം പുലർത്തി. ഭൂഗോളത്തിന്റെ ഏത് ഭാഗത്തായാലും നടമാടുന്ന അനീതിക്കും മർദ്ദനത്തിനുമെതിരെ ശക്തമായ തന്റെ തൂലിക ചലിപ്പിച്ചുകൊണ്ട് അസംഖ്യം ലേഖനങ്ങളിലൂടെ അവിടങ്ങളിലോരോന്നിലെയും പുരോഗമന വിപ്ലവപ്രസ്ഥാനങ്ങളെ പിന്തുണച്ചു.

മാർക്സിസത്തിന്റെ മഹത്വത്തെ ഇടിച്ചുതാഴ്ത്താനായി ഇന്ന് ബൂർഷ്വാസി അതിനെതിരെ നുണകൾ പ്രചരിപ്പിക്കുമ്പോൾ, സ്വാതന്ത്ര്യവും പൗരാവകാശങ്ങളും നിഷേധിക്കുന്ന ഏകാധിപത്യവ്യവസ്ഥയാണ് സോഷ്യലിസം എന്ന് മുദ്രകുത്താൻ ശ്രമിക്കുമ്പോൾ, മാർക്സ് സ്വാതന്ത്ര്യത്തിനും ജനാധിപത്യാവകാശങ്ങൾക്കും പത്രസ്വാതന്ത്ര്യത്തിനും വേണ്ടി ആജീവനാന്തം നടത്തിയ പോരാട്ടവും രാഷ്ട്രീയ എതിരാളികളുമായി നടന്ന ചൂടാർന്ന വാദപ്രതിവാദങ്ങളിൽ പോലും പുലർത്തിയ ആത്മനിയന്ത്രണവും ഉന്നതമായ നീതിനിഷ്ഠയും എല്ലാ മേഖലയിലും പ്രതിഫലിപ്പിച്ച സാംസ്കാരിക മഹിമയും അന്തസ്സും സ്മരിക്കുന്നത് സംഗതമാണ്. സത്യത്തിൽ മാർക്സിന്റെ ജീവിതമപ്പാടെ തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തോട് താദാത്മ്യപ്പെട്ടതായിരുന്നു. വിപ്ലവത്തിന്റെ പ്രതീകമായിരുന്നു അദ്ദേഹം. ഇടത്തരം കുടുംബപശ്ചാത്തലത്തിൽനിന്ന് വന്ന അദ്ദേഹം സമരങ്ങളിലൂടെ സ്വയം തന്നെത്തന്നെ വർഗ്ഗാന്തരീകരിച്ചു. തുടക്കത്തിൽ ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് പലായനം ചെയ്യേണ്ടിവന്ന ഒരു അസ്ഥിരജീവിതവും പിന്നീട് ലണ്ടനിൽ നീണ്ട പ്രവാസി ജീവിതവും നയിച്ചു. രാഷ്ട്രരഹിതനായി, തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടെ ഉത്തമപ്രതിരൂപമായി, അദ്ദേഹം ജീവിച്ചുമരിച്ചു. സ്വകാര്യ സ്വത്ത് ഇല്ലാത്തവനായി അദ്ദേഹം മരിച്ചു – മാനവവാദത്തിൽ നിന്ന് സ്വകാര്യസ്വത്ത് നീക്കം ചെയ്യുന്നതാണ് കമ്മ്യൂണിസം എന്ന തന്റെ കല്പനയെ സ്വജീവിതത്തിൽ സർവ്വഥാ അന്വർത്ഥമാക്കിക്കൊണ്ട്.

### ചരിത്രം മാർക്സിസത്തെ ശരിവയ്ക്കുന്നു, സ്ഥാപിക്കുന്നു

മാർക്സിന്റെ കാലത്ത് മുതലാളിത്തം ഒരു ലോകശക്തിയെന്ന നിലയിൽ യൗവ്വനപ്രസരിപ്പെഴുന്നതായിരുന്നു. അത് അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. മുതലാളിത്തത്തിന്റെ തുടർന്നുണ്ടായ വളർച്ചയുടെയും വികാസത്തിന്റെയും അവസ്ഥയ്ക്കോ അന്ത്യത്തിൽ സാമ്രാജ്യത്വം ഉദയം ചെയ്യുന്നതിനോ അതുപേറുന്ന മുരടിപ്പിന്റെയും ജീർണ്ണതയുടേതുമായ അന്തരീക്ഷത്തിനോ മാർക്സ് നേരിട്ട് സാക്ഷിയായില്ല. എന്നിട്ടും അന്നുതന്നെ അദ്ദേഹം മുതലാളിത്ത സമൂഹത്തിനുള്ളിലെ അടിസ്ഥാന വൈരുദ്ധ്യത്തെ വിശകലനം ചെയ്തുകൊണ്ട്, പൊരുത്തപ്പെടുത്താനാവാത്തതാണ് അതെന്നും ചരിത്രപരമായി നാശമടയാൻ പോകുന്നതും പരിവർത്തന മാർഗ്ഗേയുള്ളതുമായ ഒരു സാമൂഹിക സാമ്പത്തിക രൂപവൽക്കരണമാണതെന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി.

നിലനിൽക്കുന്ന വർഗ്ഗസമര പ്രക്രിയ അതിന്റെ ഉച്ചസ്ഥാനത്തെത്തുന്നതോടെ, മുതലാളിത്തവിരുദ്ധ വിപ്ലവത്തിലൂടെ സോഷ്യലിസം സ്ഥാപിച്ചുകൊണ്ട് സമൂഹം കൂടുതൽ ഉന്നതിയിലേക്കും പുരോഗതിയിലേക്കും മുന്നേറുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സർവ്വശ്രേഷ്ഠമെന്നും ശാശ്വതമെന്നും ബൂർഷ്വാസി ഉദ്ഘോഷിച്ച മുതലാളിത്തത്തിന്റെ കടയ്ക്കൽതന്നെ പ്രഹരമേൽപ്പിക്കുന്നതായിരുന്നു മാർക്സിന്റെ കണ്ടെത്തലുകൾ. ഇതിനായി എന്ത് ഭഗീരഥ പ്രയത്നമാണ്, എന്ത് കഠിന സമരമാണ് മാർക്സിന് നടത്തേണ്ടി വന്നത് എന്ന് ഇന്നിപ്പോൾ സങ്കല്പിക്കാൻ കൂടി വിഷമമാണ്. ശാസ്ത്രീയ സോഷ്യലിസത്തെ സംബന്ധിക്കുന്ന ധാരണയത്രയും അതിന്റെ ആദ്യത്തെ പടിമുതൽ മാർക്സിന് വികസിപ്പിച്ചെടുക്കേണ്ടിവന്നു. അന്ന് പ്രചാരത്തിലുണ്ടായിരുന്ന അപ്രായോഗികങ്ങളോ സാങ്കല്പികങ്ങളോ ആയ സോഷ്യലിസ്റ്റ് ധാരണകളെ അപഗ്രഥിച്ച്, അവയുടെ ചരിത്രപരമായ തുടർച്ചയിലും എന്നാൽ അതുമായി വ്യക്തമായ ഒരു തുടർ

*(ശേഷം 15–ാം പേജിൽ)*

# എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റി അംഗം സഖാവ് പ്രണതി ഭട്ടാചാര്യ അന്തരിച്ചു



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കേന്ദ്ര കമ്മിറ്റിയംഗവും പശ്ചിമബംഗാൾ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും പുരുലിയ ജില്ലാ സെക്രട്ടറിയുമായിരുന്ന സഖാവ് പ്രണതി ഭട്ടാചാര്യ(67) മേയ് 23ന് രാവിലെ കൽക്കത്ത ഹാർട്ട് ക്ലിനിക് ആശുപത്രിയിൽ അന്തരിച്ചു. രണ്ടുവർഷമായി ക്യാൻസർ ബാധിച്ച് ചികിത്സയിലായിരുന്നു

പാർട്ടി കേന്ദ്രകമ്മിറ്റി ഓഫീസിൽ മൃതദേഹം പൊതുദർശനത്തിനുവച്ചു. പാർട്ടി ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ്, പൊളിറ്റ് ബ്യൂറോ അംഗങ്ങളായ സഖാക്കൾ രഞ്ജിത് ധർ, അസിത് ഭട്ടാചാര്യ, കേന്ദ്രകമ്മിറ്റി അംഗങ്ങളായ സഖാക്കൾ ശങ്കർ സാഹ, സൗമൻ ബസു, ഛായാ മുഖർജി എന്നിവരും മുന്നണി സംഘടനകളുടെ അഖിലേന്ത്യാ നേതാക്കളും പാർട്ടി സംസ്ഥാന നേതാക്കളും മറ്റും ആദരാഞ്ജലികളർപ്പിച്ചു. സിപിഐ(എം) പൊളിറ്റ് ബ്യൂറോ മെമ്പർ ബിമൻ ബസു, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സുഖേന്ദു പാണിഗ്രാഹി, പുരുലിയ ജില്ലാ സെക്രട്ടറി പ്രദീപ് റായ് തുടങ്ങിയവരും ആദരവുകളർപ്പിച്ചവരിൽപ്പെടും. പുരുലിയയിലേയ്ക്കുള്ള വിലാപ യാത്രാമദ്ധ്യേ വിവിധ സ്ഥലങ്ങളിൽ നൂറുകണക്കിന് സഖാക്കളും നാട്ടുകാരും സഖാവിന് അന്ത്യാഞ്ജലി അർപ്പിച്ചു.

1968ൽ, 17 വയസ്സിൽ കോളേജ് വിദ്യാർത്ഥിയായിരുന്നപ്പോൾ എഐഡിഎസ്ഒയിൽ അംഗമായി. പാർട്ടി പൊളിറ്റ് ബ്യൂറോ അംഗമായിരുന്ന സഖാവ് പ്രതീഷ് ചന്ദയുടെ മാർഗ്ഗനിർദ്ദേശത്തിൻ കീഴിൽ 1970 മുതൽ കൂടുതൽ ഉത്തരവാദിത്വത്തോടെ പാർട്ടി പ്രവർത്തനങ്ങളിൽ മുഴുകി. എഐകെകെഎംഎസ്, എഐഎംഎസ്എസ് എന്നീ സംഘടനകളിലും പ്രധാന ഉത്തരവാദിത്വങ്ങൾ വഹിച്ചിട്ടുണ്ട്. 1987ൽ പാർട്ടിയുടെ പുരുലിയ ജില്ലാ കമ്മിറ്റി അംഗമായി. 2006ൽ ജില്ലാ സെക്രട്ടറിയായി. 2009ൽ രണ്ടാം പാർട്ടി കോൺഗ്രസ്സിൽവച്ച് സ്റ്റാഫ് മെമ്പർഷിപ്പ് ലഭിച്ചു. 2018ൽ പശ്ചിമബംഗാൾ സംസ്ഥാന സെക്രട്ടേറിയറ്റിലും പാർട്ടി കേന്ദ്രകമ്മിറ്റിയിലും അംഗമായി. ബാൻകുറ ജില്ലയുടെ മേൽനോട്ട ചുമതലയും വഹിച്ചിരുന്നു.

കർഷക പ്രക്ഷോഭങ്ങളിലും മദ്യവിരുദ്ധ സമരങ്ങളിലും മുഴുകിക്കൊണ്ട് സഖാവ് കരുത്തുറ്റ ജനകീയ നേതാവയി ഉയർന്നുവന്നു. പലവട്ടം ജയിൽശിക്ഷ അനുഭവിച്ചിട്ടുണ്ട്. മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തയിലുള്ള അചഞ്ചലമായ വിശ്വാസവും മാതൃകാപരമായ വിപ്ലവ ജീവിതവും ഉന്നത നിലവാരവും, എല്ലാ അടിച്ചമർത്തലുകളെയും നേരിടാനും എല്ലാ വൈതരണികളെയും മറികടക്കുവാനും സഖാവിന് കരുത്തുനൽകി. അടുക്കുന്നവരോടെല്ലാം അളവറ്റ സ്നേഹത്തോടെ പെരുമാറിയ സഖാവ് പ്രണതി ഭട്ടാചാര്യ പാർട്ടി സഖാക്കളുടെയും സാധാരണ ജനങ്ങളുടെയും പ്രിയങ്കരിയായിമാറി. കടുത്ത ക്യാൻസർബാധ വിദഗ്ദ്ധ ചികിത്സ പോലും നിഷ്ഫലമാക്കിയപ്പോൾ കണ്ണീരണിഞ്ഞ സഖാക്കളെ നിശ്ചയദാർഢ്യത്തോടെ സഖാവ് ആശ്വസിപ്പിച്ചു. സഖാവിന്റെ വേർപാട് പാർട്ടിക്ക് മാത്രമല്ല തൊഴിലാളി വർഗ്ഗത്തിനും ബഹുജന സമരങ്ങൾക്കും ഒരു തീരാനഷ്ടം തന്നെയാണ്.

മെയ് 24ന് പുരുലിയ ജില്ലാ കമ്മിറ്റി ഓഫീസിൽ പാർട്ടി കേന്ദ്രകമ്മിറ്റി അംഗം സഖാവ് ഗോപാൽ കുണ്ടുവും ഇതര നേതാക്കളും പ്രവർത്തകരും സഖാവിന് അന്ത്യോപചാരം അർപ്പിച്ചു. ആയിരങ്ങൾ പങ്കെടുത്ത അന്ത്യയാത്രയ്ക്ക് ശേഷം മൃതദേഹം സംസ്കരിച്ചു.

**സഖാവ് പ്രണതി ഭട്ടാചാര്യയ്ക്ക് ലാൽസലാം**

# കാൾ മാർക്സ്...

*(14-ാം പേജിൽ നിന്ന്)*

ച്ചയിലായ്മയിലുമാണ് അദ്ദേഹം അത് സഫലീകരിച്ചത്.

മാർക്സിന് ശേഷം അദ്ദേഹത്തിന്റെ പ്രവൃത്തി എംഗൽസ് തുടർന്നു. പിൽക്കാലത്ത് ലോകതൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തെ നയിക്കുക എന്ന ചുമതല ലെനിനിൽ അർപ്പിതമായി. മാർക്സിസത്തെ സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും യുഗത്തിൽ ലെനിൻ മൂർത്തമാക്കി, വികസിപ്പിച്ചു, സമ്പുഷ്ടമാക്കി. മാർക്സിസത്തിൽ നിന്നുള്ള എല്ലാവിധ വ്യതിചലനങ്ങൾക്കുമെതിരെ അദ്ദേഹം അവിശ്രാന്തം അടരാടി. വർഗ്ഗവഞ്ചകരായി മാറിയ രണ്ടാം ഇന്റർനാഷണലിന്റെ നേതാക്കൾ ബേൺസ്റ്റൈൻ, കൗട്സ്കി മുതൽപേരുടെ തിരുത്തൽവാദ വളച്ചൊടിക്കലുകൾക്കെതിരെ നടത്തിയ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിലൂടെ അദ്ദേഹം മാർക്സിസത്തിന്റെ വിപ്ലവചൈതന്യം കാത്തുപുലർത്തി, ഉദ്ദീപ്തമാക്കി, വികസ്വരമാക്കി. അങ്ങനെ മാർക്സിസം, മാർക്സിസം-ലെനിനിസമായിത്തീർന്നു. ലെനിന്റെ നേതൃത്വത്തിൽ ബോൾഷെവിക് പാർട്ടി, കനത്ത പ്രതിബന്ധങ്ങളെ മറികടന്ന്, മഹത്തായ നവംബർ വിപ്ലവത്തിലൂടെ ലോകത്തെ ആദ്യത്തെ സോഷ്യലിസ്റ്റ് രാഷ്ട്രം, സോവിയറ്റ് യൂണിയൻ സ്ഥാപിച്ചു.

ലെനിന്റെ നിര്യാണത്തിനുശേഷം അദ്ദേഹത്തിന്റെ യോഗ്യനായ പിൻഗാമി സ്റ്റാലിനായിരുന്നു, ശൈശവാസ്ഥയിലായിരുന്ന സോഷ്യലിസ്റ്റ് രാഷ്ട്രത്തെ സാമ്രാജ്യത്വ മുതലാളിത്ത രാജ്യങ്ങളുടെ സായുധമായ ഇടങ്കോലിടലുകളിൽനിന്ന് സംരക്ഷിച്ചത്; ബുക്കാറിൻ, സിനോവിവ്, കമനേവ്, ട്രോട്സ്കി തുടങ്ങിയവരുടെ വ്യതിചലനങ്ങൾക്കെതിരെ പ്രത്യയശാസ്ത്ര സമരം നടത്തി മാർക്സിസം-ലെനിനിസത്തെ ഉയർത്തിപ്പിടിച്ചത്. മുതലാളിത്ത വലയം ചെയ്യലിന്റെയും ശത്രുതയുടെയും അങ്ങേയറ്റം ബുദ്ധിമുട്ട് നിറഞ്ഞ സാഹചര്യത്തിൽ സോവിയറ്റ് യൂണിയനെ, അഭൂതപൂർവ്വമാം വിധം ചുരുങ്ങിയ ഒരു സമയംകൊണ്ട്, സോഷ്യലിസ്റ്റ് നിർമ്മാണ പ്രക്രിയയിലൂടെ ഒരു കരുത്തുറ്റ, ആധുനിക, വ്യവസായ രാഷ്ട്രമാക്കി വികസിപ്പിച്ചതും ഹിറ്റ്ലറുടെ യുദ്ധയന്ത്രത്തെ തകർത്തെറിഞ്ഞതും രണ്ടാം ലോകയുദ്ധാനന്തര കാലയളവിൽ, ഏതാനും വർഷങ്ങൾക്കുള്ളിൽ, ചാരക്കൂമ്പാരമായിരുന്ന സോവിയറ്റ് യൂണിയനെ വ്യവസായപരമായി ഏറ്റവും വികസിതമായ സാമ്രാജ്യത്വരാജ്യമായ യുഎസ്എ യോട് കിടപിടിക്കാൻ പോന്നവണ്ണം പുനഃസൃഷ്ടിച്ചതും സ്റ്റാലിനായിരുന്നു. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ ജനകീയ ജനാധിപത്യ ഭരണക്രമങ്ങൾ നിലവിൽ വന്നു. ചൈനീസ് വിപ്ലവം സാക്ഷാത്കൃതമായി. മഹാനായ മാവോസെതുങ് അതിന് നേതൃത്വം കൊടുത്തു. വിപ്ലവത്തിന്റെ കാറ്റ് ക്യൂബ മുതൽ വിയറ്റ്നാം വരെ ലോകമാസകലം വീശിയടിച്ചു.

ഒരു മുതലാളിത്ത-വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവം നേരിൽ കാണാൻ മാർക്സ് ജീവിച്ചിരുന്നില്ല. എങ്കിലും, അദ്ദേഹം നിര്യാതനായി വർഷങ്ങൾക്കുശേഷം ലോകത്തിന്റെ വ്യത്യസ്ത, വിദൂര ഭാഗങ്ങളിൽ തൊഴിലാളി വർഗ്ഗ മുന്നേറ്റങ്ങൾ ആഞ്ഞടിക്കുകയും സോഷ്യലിസ്റ്റ് സമൂഹക്രമം നിലവിൽ വരികയുമുണ്ടായി. മാർക്സിന്റെ കാലത്തും അതിനുശേഷവും സോഷ്യലിസത്തിന്റെ പല ധാരകളും പ്രവണതകളും പാഠഭേദങ്ങളും ഉണ്ടായിരുന്നു. പക്ഷേ എങ്ങനെയാണ് മാർക്സിസം മാത്രം കാലത്തിന്റെ പരീക്ഷണങ്ങളെ പിന്നിട്ട് ഈ എല്ലാ വിപ്ലവമുന്നേറ്റങ്ങൾക്കും മാർഗ്ഗദർശകമായ പ്രത്യയശാസ്ത്രമായി വർത്തിച്ചത്? ശാസ്ത്രത്തിന് ലോകത്ത് അത് സംഭവിക്കുന്നു; ഒരു ശാസ്ത്രകാരൻ ഇന്ന് സിദ്ധാന്തവൽക്കരിച്ച കാര്യം പിന്നീട് പരീക്ഷണത്തിലൂടെ സ്ഥിരീകരിക്കപ്പെടുന്നു. ശാസ്ത്രീയ സോഷ്യലിസത്തിന്റെ പ്രത്യയശാസ്ത്രമായ മാർക്സിസത്തെ സംബന്ധിച്ചും ഇതുതന്നെയാണ് സംഭവിച്ചത്. ആഴത്തിലുള്ള ശാസ്ത്രീയ വിശകലനങ്ങളിലൂടെ മാർക്സ്, ഭാവിയെ സംബന്ധിച്ച് ദീർഘദർശനം ചെയ്ത എത്രയോ കാര്യങ്ങൾ ഇന്നും സ്ഥിരീകരിക്കപ്പെട്ടും സ്ഥാപിക്കപ്പെട്ടും കൊണ്ടിരിക്കുകയാണ്.

മാർക്സിന്റെ കാലഘട്ടത്തിനു ശേഷം ശാസ്ത്രം വമ്പിച്ച കാൽവെയ്പ്പുകളോടെ ബഹുദൂരം മുന്നേറിയിട്ടുണ്ട്. ഭൗതികത്തിൽ, ഊർജ്ജതന്ത്രത്തിൽ, രസതന്ത്രത്തിൽ, ശരീരശാസ്ത്രത്തിൽ, ജന്തുശാസ്ത്രത്തിൽ എല്ലാമുള്ള ആധുനിക ഗവേഷണങ്ങൾ തെളിയിക്കുന്നത് വൈരുദ്ധ്യാത്മക പ്രക്രിയയിലൂടെയാണ് പദാർത്ഥനിഷ്ഠ ലോകം മാറുന്നതും വികസിക്കുന്നതും എന്നത്രെ. മാർക്സിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ ഏതെങ്കിലുമൊന്ന് തെറ്റാണെന്ന് സ്ഥാപിക്കാൻ ഒരു ബൂർഷ്വാ സാമ്പത്തിക ശാസ്ത്രജ്ഞനോ സാമൂഹ്യശാസ്ത്രജ്ഞനോ കഴിഞ്ഞിട്ടില്ല.

വമ്പിച്ച തോതിലുള്ള സാങ്കേതിക പുരോഗതി കൈവരിച്ചതിനുശേഷവും മുതലാളിത്തം മുതലാളിത്തമായി തുടരുന്നു; മാർക്സ് കണ്ടെത്തിയ അതിന്റെ അടിസ്ഥാന നിയമങ്ങൾ അതേപടി തന്നെ പ്രവർത്തിക്കുന്നു. അദ്ധ്വാനശക്തി സൃഷ്ടിക്കുന്ന മിച്ചമൂല്യം കവർന്നെടുത്ത് മുതലാളിമാർ മൂലധനം കുന്നുകൂട്ടുന്നു. മുതലാളിത്തം മുതലാളിത്തമായി നിലനിൽക്കുവോളം അതിനുള്ളിലെ സഹജമായ സാമ്പത്തിക വൈരുദ്ധ്യം ജനിപ്പിക്കുന്ന പ്രതിസന്ധി അപരിഹാര്യമായി തുടരും; തൊഴിലാളികൾ ചൂഷണം ചെയ്യപ്പെട്ടുകൊണ്ടേയിരിക്കും. മൂലധനവും അദ്ധ്വാനവും തമ്മിലുള്ള വൈരുദ്ധ്യം സമൂഹത്തിലെ മുഖ്യവൈരുദ്ധ്യമായി, പരസ്പരം അനുരഞ്ജിപ്പിക്കാനാവാത്ത വൈരുദ്ധ്യമായി, നിലകൊള്ളും. ഈ വൈരുദ്ധ്യമില്ലാതാക്കാനുള്ള ചരിത്രപരമായി നിർണ്ണയിക്കപ്പെട്ട മാർഗ്ഗം, സമൂഹത്തിന്റെ വിപ്ലവകരമായ പരിവർത്തനമെന്നതാണ്.

**മാർക്സിസം:**
**മാനവപ്രയാണത്തിന്റെ ദീപശിഖ**

സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്യൻ നാടുകളിലും പിന്നീട് ചൈനയിലുമുണ്ടായിരിക്കുന്ന തിരിച്ചടിയിൽ നിരാശപ്പെടേണ്ടതായി ഒന്നുമില്ല. മാർക്സിസം എക്കാലത്തും അതിന്റെ പാതവെട്ടിത്തെളിച്ച് മുന്നേറിയിട്ടുള്ളത് തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിനുള്ളിൽനിന്നും പുറത്തുനിന്നുമുള്ള ആക്രമണങ്ങളെ എതിരിട്ട് പരാജയപ്പെടുത്തിക്കൊണ്ടാണ്. മാർക്സ് ജീവിച്ചിരിക്കുമ്പോൾതൊട്ടേ സ്ഥിതി ഇതാണ്. രണ്ടാം ഇന്റർനാഷണലിന്റെ തിരുത്തൽവാദി നേതൃത്വത്തിന്റെ വഞ്ചനയ്ക്ക് ശേഷമാണ് മഹത്തായ നവംബർ വിപ്ലവം ആവിർഭവിക്കുന്നത്. മുതലാളിത്ത സാമ്രാജ്യത്വ ശക്തികളുടെ ഉപരോധത്തിനും ശത്രുതയ്ക്കും ആക്രമണങ്ങൾക്കും മദ്ധ്യേയാണ് സോവിയറ്റ് യൂണിയനിലെ സോഷ്യലിസ്റ്റ് വ്യവസ്ഥ ദൃഢീകരിക്കപ്പെട്ടതും കരുത്താർജ്ജിച്ച് മുന്നേറിയതും. ലോക സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ ഉപജാപങ്ങളുടെ ഫലമായി ഹിറ്റ്ലറുടെ ജർമ്മനി സോവിയറ്റ് യൂണിയന്റെ മേൽ അഴിച്ചുവിട്ട അതിനീചമായ ആക്രമണത്തിൽ സോവിയറ്റ് യൂണിയൻ തകർന്നടിഞ്ഞില്ല. മറിച്ച്, അതിലൂടെ ജർമ്മൻ ഫാസിസ്റ്റ് യുദ്ധയന്ത്രം ആകമാനമാണ് സത്യത്തിൽ തകർത്ത് തരിപ്പണമാക്കപ്പെട്ടത്. സോവിയറ്റ് യൂണിയൻ പൂർവ്വാധികം കരുത്തോടെ ഉയർന്നുവന്നു. കിഴക്കൻ യൂറോപ്യൻ നാടുകളിലും ചൈനയിലും വിപ്ലവത്തിന്റെ കാറ്റ് വീശിയടിച്ചു. മാനവരാശിയുടെ മൂന്നിലൊന്ന് മുതലാളിത്ത നുകത്തിൽനിന്ന് മോചിതമായി.

സാമ്രാജ്യത്വ- മുതലാളിത്തവുമായി സംഘം ചേർന്ന് ആധുനിക തിരുത്തൽവാദികൾ അഴിച്ചുവിട്ട ഇപ്പോഴത്തെ ഈ ആക്രമണം ലോക തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന് നാളിതുവരെ നേരിടേണ്ടി വന്നതിലേക്കുംവെച്ച് ഏറ്റവും കടുത്തതാണെന്നതിന് സംശയമില്ല. അളവിലും വ്യാപ്തിയിലും തീവ്രതയിലും അത് തീർച്ചയായും ഏറെ വിനാശകരമായിരിക്കുന്നു. എന്നിരിക്കിലും ചരിത്രപ്രക്രിയ നിലച്ചുപോകുക അസാദ്ധ്യമാണ്. എന്തൊക്കെയായാലും അത് വീണ്ടെടുക്കപ്പെടുകയും മുന്നോട്ടുപോകുകയും അതിന്റെ പ്രയാണം തുടരുകയും ചെയ്യുമെന്നത് സുനിശ്ചിതമാണ്. ശാസ്ത്രമൊരിക്കലും കാലഹരണപ്പെടുകയില്ല; വൈരുദ്ധ്യാത്മക ഭൗതികവാദവും. പ്രശ്നങ്ങളും വൈരുദ്ധ്യങ്ങളും നിലനിൽക്കുവോളം വൈരുദ്ധ്യാത്മക ഭൗതികവാദം എന്ന ശാസ്ത്രത്തിന്റെ സാധുതയും നിലനിൽക്കും. സാമൂഹ്യവികാസം നിയമഭരിതമാണ്. സമൂഹം നിശ്ചലമായി നിലകൊള്ളുകയല്ല. മാറിക്കൊണ്ടിരിക്കുകയാണ്. മാറ്റങ്ങളും നിയമഭരിതങ്ങളാണ്. ആ നിയമങ്ങൾ ശരിയായി മനസ്സിലാക്കുന്നെങ്കിൽമാത്രമേ കാലഘട്ടത്തിന്റെ അഭിവാഞ്ഛകളെയും വ്യഗ്രതകളെയും ശരിയായി ആവിഷ്ക്കരിക്കാൻ സാധ്യമാകൂ. ഒരു പ്രശ്നം കൈകാര്യം ചെയ്യുന്നതിനെ സംബന്ധിച്ചുള്ള വൈരുദ്ധ്യാത്മക ഭൗതികവാദ ധാരണയും പ്രയോഗവും തെറ്റാണെങ്കിൽ ശരിയായ ഫലം എങ്ങനെ ലഭ്യമാകും? കാലവും സാഹചര്യവും മാറുന്നതിനൊത്ത് പ്രശ്നങ്ങളുടെ സ്വഭാവം മാറുമെന്നും അതിനാൽ അവയെ ശരിയായി മനസ്സിലാക്കാൻ മാറിയ സാഹചര്യത്തിൽ മാർക്സിസത്തെ ക്രിയാത്മകമായി വികസിപ്പിച്ചുകൊണ്ടുമാത്രമേ സാധ്യമാകൂ എന്നും ഓർമ്മിക്കേണ്ടതുണ്ട്. മാർക്സിന്റെയും എംഗൽസിന്റെയും ലെനിന്റെയും സ്റ്റാലിന്റെയും മാവോസെതുങിന്റെയും മഹത്തായ പാരമ്പര്യം പിൻതുടർന്നുകൊണ്ട് നമ്മുടെ പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറി സഖാവ് ശിബ്ദാസ്ഘോഷ് ഈ മണ്ണിൽ ഒരു യഥാർത്ഥ തൊഴിലാളിവർഗ്ഗ പാർട്ടി കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായി മാർക്സിസം-ലെനിനിസത്തെ മൂർത്തമാക്കുകയും വികസിപ്പിക്കുകയും സമ്പന്നമാക്കുകയും അതിന്റെ ധാരണയെ പുതിയ ഉന്നതിയിലെത്തിക്കുകയും ചെയ്തു.

അതിനാൽ, മാർക്സിസത്തെ ക്രിയാത്മകമായി വികസിപ്പിച്ചുകൊണ്ടും പ്രയോഗിച്ചുകൊണ്ടും മാത്രമേ, മാർക്സിന്റെ പ്രസക്തിയും പ്രാധാന്യവും അല്പംപോലും മങ്ങലേൽക്കാതെ തുടരുകയാണെന്ന വസ്തുതയും, മാനവരാശിയുടെ മുന്നോട്ടുള്ള പ്രയാണത്തിന്റെ വീഥിയിലെ ദീപശിഖയായി അത് തുടർന്നും പ്രോജ്ജ്വലിക്കുകയാണെന്ന വസ്തുതയും അനുഭവവേദ്യമായിത്തീരൂ.

നമുക്ക് അണിചേരാം. ഒത്തൊരുമിച്ച് പ്രയത്നിക്കാം. വർഗ്ഗസമരവും, സാമ്രാജ്യത്വ-മുതലാളിത്തത്തിനും തിരുത്തൽവാദത്തിനും എതിരെയുള്ള പോരാട്ടവും തീക്ഷ്ണമാക്കുമെന്ന് പ്രതിജ്ഞ എടുക്കാം. അങ്ങനെ ചരിത്രപരമായി നിർണ്ണീതമായിരിക്കുന്ന പാതയിലൂടെയുള്ള മാനവരാശിയുടെ പ്രയാണത്തെ ത്വരിതപ്പെടുത്തുന്ന കരുത്തുറ്റ സാമൂഹ്യശക്തികളെയും നമുക്ക് സ്വതന്ത്രമാക്കാം.

മാർക്സിന്റെ ചിന്തകൾ
നീണാൾ വാഴട്ടെ!
മാർക്സിസം-ലെനിനിസം
നീണാൾ വാഴട്ടെ!
വിപ്ലവം നീണാൾ വാഴട്ടെ!

Date of publishing 01/06/2018
REGISTERED
R.N. 24773/1992
P.R.No. KL/TV(N)/452/2018-20

# UNITY
MALAYALAM MONTHLY

Vol.45 No.3
Price : Rs 5.00
June 2018

## ജറുസലേം ഇസ്രായേലിന്റെ തലസ്ഥാനം:
# ആൾ ഇന്ത്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറം അപലപിച്ചു

*ജറുസലേമിനെ ഇസ്രായേലിന്റെ തലസ്ഥാനമാക്കിയതിനെ ആൾ ഇന്ത്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറം അപലപിച്ചു. എഐഎഐഎഫ് വൈസ് പ്രസിഡണ്ട് മണിക് മുഖർജിയുടെ പ്രസ്താവന*

ഇസ്രായേലിന്റെ തലസ്ഥാനമായി ജറുസലേമിന് അംഗീകാരം നൽകിക്കൊണ്ടുള്ള യുഎസ് പ്രസിഡണ്ട് ട്രംപിന്റെ മുൻ പ്രസ്താവനയെ യാഥാർത്ഥ്യമാക്കുന്ന രീതിയിൽ യുഎസ് എമ്പസി ജറുസലേമിലേക്ക് മാറ്റിക്കൊണ്ടുള്ള അമേരിക്കയുടെ നടപടിയെ ആൾ ഇന്ത്യ ആന്റി ഇമ്പീരിയലിസ്റ്റ് ഫോറം ശക്തമായി അപലപിക്കുന്നു. ഇത് അന്താരാഷ്ട്ര നിയമങ്ങളുടെ നഗ്നമായ ലംഘനമാണ്. ദശലക്ഷക്കണക്കായ പാലസ്റ്റീൻ ജനങ്ങളെ ആവരുടെ വീടുകളിൽനിന്ന് ആട്ടിയോടിച്ചുകൊണ്ട് പാലസ്ററീൻ മണ്ണിൽ 1948 ലെ അക്രമോത്സുകായുള്ള ഇസ്രായേലിന്റെ രൂപീകരണം ഒരു ദുരന്തമായി ആചരിക്കുന്നതിൻെറ 70-ാം വാർഷികത്തിന്റെ തൊട്ട് തലേ ദിവസം തന്നെയീ ഹീനകൃത്യം നടന്നത് ഏറെ അപമാനകരമാണ്. 1947ലെ ഐക്യരാഷ്ട്രപ്രമേയം ജറുസലേമിന് പ്രത്യേക ആന്താരാഷ്ട്ര തലത്തിൽ പ്രത്യേക പദവി നൽകിയിരുന്നു. ട്രംപിന്റെ മുൻപ്രസ്താവനയെ ഭൂരിപക്ഷം രാഷ്ട്രങ്ങളും വിമർശിക്കുകയും യുഎൻ ജനറൽ അസംബ്ലിയിൽ മഹാഭൂരിപക്ഷത്തിന്റെ പിന്തുണയോടെ അതിനെ അപലപിക്കുന്ന പ്രമേയം പാസ്സാക്കുകയും ചെയ്തിരുന്നു. എന്നാൽ യുഎൻ സെക്യൂരിറ്റി കൗൺസിലിൽ ഈ പ്രമേയം 14 നെതിരെ ഒരുവോട്ടിന് ആമേരിക്ക വീറ്റോ ചെയ്യുകയായിരുന്നു.

ഇസ്രായേൽ ജന്മമെടുത്തതോടെ 1948 ൽ അറബ് രാജ്യങ്ങളുമായി നടന്ന യുദ്ധത്തിൽ തന്നെ ജറുസലേമിന്റെ പടിഞ്ഞാറുഭാഗം ഇസ്രായേൽ പിടിച്ചടക്കിയിരുന്നു.1967 ലെ യുദ്ധത്തിൽ കിഴക്കൻ ജറുസലേമും കൂടി പിടിച്ചടക്കുകയും1980ൽ നിലനില്ക്കുന്ന എല്ലാ അന്തർദേശീയ മര്യാദകളെയും ലംഘിച്ചുകൊണ്ട് 'ഏകീകൃത സമ്പൂർണ്ണ' ജറുസലേം എന്നരീതിയിൽ ഇസ്രായേലിന്റെ തലസ്ഥാനമായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. പക്ഷെ മിക്ക ലോകരാജ്യങ്ങളും ഇസ്രായേലിന് ജറുസലേമിന്റെ മേലുണ്ടെന്ന് പറയുന്ന പരമാധികാരം അംഗീകരിച്ചിരുന്നില്ല. അന്തർദ്ദേശീയ നിയമലംഘനമെന്ന നിലക്ക് എണ്ണമററ പ്രമേയങ്ങൾ ഇസ്രായേലിനെ അപലപിച്ചുകൊണ്ട് ഐക്യരാഷ്ട്രസംഘടനയിൽ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും അമേരിക്കയുടെയും ഇതര സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെയും പിൻബലത്തിൽ ഇസ്രായേൽ ഇതിന് യാതൊരു പരിഗണനയും നൽകിയില്ല. ട്രംപിന്റെ ഇപ്പോഴത്തെ നടപടി, ജറുസലേമിനുണ്ടായിരുന്ന അന്തർദ്ദേശീയ പദവിയുടെ നഗ്നമായ നിഷേധമാണെന്ന് മാത്രമല്ല ഇസ്രായേലും പാലസ്റ്റീനും തമ്മിലുള്ള തർക്കം ചർച്ചയിലൂടെ പരിഹരിക്കാനുള്ള എല്ലാ സാധ്യതയും അടച്ചുകളഞ്ഞിരിക്കുകയുമാണ്.

വെസ്റ്റ്ബാങ്ക് പാലസ്റ്റീൻകാർ ഈ അമേരിക്കൻ നടപടിയോട് കടുത്ത രോഷത്തോടും പ്രതിഷേധപ്രകടനങ്ങളോടെയുമാണ് പ്രതികരിച്ചത്. ഇതിനെ യുദ്ധവിമാനങ്ങളും പീരങ്കികളും ടാങ്കുകളുമായാണ് ഇസ്രായേൽ നേരിട്ടത്. ഒറ്റ ദിവസത്തിനുള്ളിൽ അമ്പതിൽപരം പാലസ്റ്റീനികൾ ഗാസയുടെ അതൃത്തിയിൽ കൊല്ലപ്പെടുകയും ആയിരത്തിലേറെ ആൾക്കാർക്ക് പരിക്കേൽക്കുകയും ചെയ്തു. പക്ഷെ ഇത് അവരുടെ അവകാശത്തിനുവേണ്ടിയുള്ള സമരവീര്യത്തെ തെല്ലും കെടുത്തിയില്ലെന്നു മാത്രമല്ല അവർ കൂടും ബസമേതം പ്രതിഷേധിക്കാൻ മുന്നോട്ടുവരികയാണുണ്ടായത്. ന്യായമായ ആവശ്യങ്ങൾക്ക് വേണ്ടി പാലസ്റ്റീൻ ജനത നടത്തിക്കൊണ്ടിരിക്കുന്ന പോരാട്ടത്തിന് ആന്റി ഇമ്പീരിയലിസ്റ്റ് ഫോറം ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും വളരെ ന്യായമായ ഡിമാന്റുകളുയർത്തി പ്രതിഷേധപ്രകടനം നടത്തിയ കുട്ടികളും സ്ത്രീകളുമടങ്ങിയ പാലസ്റ്റീൻ കാർക്കെതിരെ ഇസ്രായേൽ നടത്തിയ പ്രാകൃതവും പൈശാചിവുമായ ആക്രമണത്തെ ശക്തമായി അലപിക്കുകയും ചെയ്യുന്നു. ഇതര സാമ്രാജ്യത്വ ശക്തികളുമായി കൂട്ടുചേർന്നുകൊണ്ട് അമേരിക്ക പാലസ്റ്റീൻ ജനതക്കുമേൽ നടത്തിക്കൊണ്ടിരിക്കുന്ന ആക്രമണത്തിനെതിരെ മുന്നോട്ട് വരാൻ ലോകംമുഴുവനുമുള്ള സ്വാതന്ത്ര സ്നേഹികളോട് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ജറുസലേം പിടിച്ചടക്കിയ നടപടിയിൽ നിന്ന് ഇസ്രായേൽ പിൻമാറുകതന്നെ വേണം●

### ഇസ്രായേലിന്റെ ആക്രമണത്തിൽ പ്രതിഷേധിച്ചു

സാമ്രാജ്യത്വ ശക്തികളുടെ പിൻബലത്തോടും ആമേരിക്കയുടെ ഒത്താശയോടും കൂടി ഗാസയിലെ പാലസ്റ്റീനികൾക്ക് നേരെ ഇസ്രായേൽ നടത്തിയ കിരാതമായ ആക്രമണത്തിൽ പ്രതിഷേധിച്ചുകൊണ്ട് ആന്റി ഇമ്പീരിയലിസ്റ്റ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് മൊഫ്യൂസിൽ ബസ് സ്റ്റാൻഡിൽ ചേർന്ന പ്രതിഷേധയോഗം പ്രൊഫ സി.വി.കുമാരൻ ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ, സഖാവ് ശ്രീധരൻ എലത്തൂർ, സഖാവ് പി.എം.ശ്രീകുമാർ എന്നിവരും പ്രസംഗിച്ചു●




ജോർജ്ജ് മാത്യു കൊടുമൺ കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു

## വയനാട് ജില്ലാ കർഷക കൺവൻഷൻ

സുൽത്താൻ ബത്തേരി ലൂഥറൻ ചർച്ച് ഹാളിൽ മേയ് 26ന് നടന്ന വയനാട് ജില്ലാ കർഷക കൺവൻഷൻ കർഷക പ്രതിരോധ സമിതി സംസ്ഥാന പ്രസിഡണ്ട് ജോർജ്ജ് മാത്യു കൊടുമൺ ഉദ്ഘാടനം ചെയ്തു. ജപ്തി ഭീഷണി, ഉൽപ്പന്നങ്ങൾക്ക് ന്യായ വില ലഭിക്കാത്തത്, സബ്സിഡികൾ പിൻവലിച്ചത്, കോർപ്പറേറ്റ് കടന്നുകയറ്റം തുടങ്ങിയ പ്രശ്നങ്ങൾകൊണ്ട് വീർപ്പുമുട്ടുന്ന കർഷകരുടെമേൽ നിത്യേനയുള്ള വന്യമൃഗ ആക്രമണം കൂടിയായപ്പോൾ അവരൊരു പൊട്ടിത്തെറിയുടെ വക്കിലെത്തിയിരിക്കുകയാണ്. കർഷക സ്ത്രീകൾ നടത്തുന്ന അനിശ്ചിതകാല നിരാഹാരസമരം ഇതിന്റെ സൂചനയാണ്. കർഷകരുടെ കടങ്ങൾ എഴുതിത്തള്ളണമെന്നും ഉല്പാദനച്ചെലവിന്റെ ഇരട്ടിതുക മിനിമം താങ്ങുവിലയായി നിശ്ചയിച്ച് കാർഷികോല്പന്നങ്ങൾ സർക്കാർ സംഭരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യയിൽ ശക്തിപ്രാപിച്ചിരിക്കുന്ന കർഷകസമരത്തെ ഇനിയും സർക്കാറിന് അവഗണിക്കാനാവില്ലെന്നും അദ്ദേഹം പറഞ്ഞു. ജില്ലാ സെക്രട്ടറി വി.കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഉപദേശകൻ ജയ്സൺ ജോസഫ് മുഖ്യ പ്രസംഗം നടത്തി. ഡോ. വി.സത്യാനന്ദൻ നായർ, എൻ.വിനോദ്കുമാർ, പി.സി.ജോസഫ് ഉണ്ണിപ്പള്ളി, ടോമി വടക്കുംചേരി, എ.സി.തോമസ്, ദേവസ്യ പുറ്റനാൽ, നാരായണൻ പുതിയോണി എന്നിവർ പ്രസംഗിച്ചു. പുഷ്പ അഗസ്റ്റിൻ മുഖ്യപ്രമേയം അവതരിപ്പിച്ചു. പി.കെ.ഭഗത് സ്വാഗതം പറഞ്ഞു. കൺവൻഷനുശേഷം, ഡിഎഫ്ഒ ഓഫീസിനു മുമ്പിലെ വനിതകളുടെ അനിശ്ചിതകാല നിരാഹാര സമരത്തിന് അഭിവാദ്യങ്ങൾ അർപ്പിച്ച് പ്രകടനം നടത്തി●



മധ്യപ്രദേശിലെ ബിജെപി സർക്കാർ ആറ് കർഷകരെ വെടിവെച്ച് കൊന്നതിന്റെ ഒന്നാം വാർഷിക ദിനത്തിൽ രാഷ്ട്രീയ കിസാൻ മഹാ സംഘും കർഷക പ്രതിരോധ സമിതിയും സംയുക്തമായി തൊടുപുഴയിൽ സംഘടിപ്പിച്ച പ്രതിഷേധ റാലിയിൽ എൻ.വിനോദ് കുമാർ പ്രസംഗിക്കുന്നു

## നിപ: ആരോഗ്യസംവിധാനത്തിന്റെ ദൗർബല്യങ്ങൾ അടിയന്തരമായി പരിഹരിക്കണം

നിപ വൈറസും പകർച്ചപ്പനിയും കേരളത്തിലുയർത്തിയ ഭീഷണിയും ഭീതിയും ചെറുതല്ല. സുഘടിതം എന്ന് പുറമേയ്ക്ക് കാണപ്പെടുമെങ്കിലും കേരളത്തിലെ ആരോഗ്യ സംവിധാനത്തിന്റെ ദൗർബല്യങ്ങളെ ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നതായി നിപ വൈറസ് ബാധയും തുടർന്നുണ്ടായ മരണങ്ങളും. ഓരോ വർഷവും കേരളത്തിൽ പുതിയ പുതിയ വൈറസുകളും പനികളും പ്രത്യക്ഷപ്പെടുകയാണ്. സാധുമനുഷ്യർ പിടഞ്ഞുമരിക്കുകയുമാണ്. എന്നാൽ ഇതൊന്നുംതന്നെ മതിയായ മുൻകരുതലുകളെടുക്കാനോ ആവശ്യമായ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്താനോ വേണ്ട മുന്നറിയിപ്പായി സർക്കാർ കണക്കാക്കുന്നില്ല. ശാസ്ത്രവും സാങ്കേതികവിദ്യയും ഇത്രയേറെ വികസിച്ചിട്ടും കൊതുക് കടിമൂലം നൂറുകണക്കിനാളുകൾ മരിക്കുന്ന സ്ഥിതി ഇന്നും നമ്മുടെ സംസ്ഥാനത്ത് ഉണ്ടെന്നകാര്യം വിസ്മരിക്കരുത്.

എന്നാൽ സർക്കാർ സംവിധാനങ്ങൾ ഏറെ അപര്യപ്തമായിരുന്നിട്ടും ഡോക്ടർമാരും നഴ്സുമാരുമടങ്ങുന്ന ആരോഗ്യപ്രവർത്തകരുടെ ശൃംഖല ജീവൻ പണയപ്പെടുത്തി നടത്തിയ പ്രയത്നത്തിലൂടെയാണ് ഈ മാരകസാഹചര്യത്തെ കേരളം മറികടന്നത്. മെഡിക്കൽ കമ്മ്യൂണിറ്റി ഉയർത്തിപ്പിടിക്കേണ്ട ധാർമ്മികതയുടെ ഉദാത്ത മാതൃകയായി, ലിനി പുതുശ്ശേരി എന്ന നഴ്സ്.

ഈ സാഹചര്യത്തിൽ ആരോഗ്യപരിപാലന സംവിധാനങ്ങളുടെ അപര്യാപ്തതകൾ പരിഹരിക്കാൻ സർക്കാർ കൂടുതൽ ശ്രദ്ധ ചെലുത്തണം. മതിയായ ചികിത്സാ-പരിശോധനാ സംവിധാനങ്ങൾ സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തണം. ആവശ്യത്തിന് ഡോക്ടർമാർ, നഴ്സുമാർ, മറ്റ് സ്റ്റാഫ് എന്നിവരെ ഉടൻ നിയമിക്കണം. ആവശ്യത്തിന് മരുന്ന് ലഭ്യമാക്കണം. നിപയുടെ ഉറവിടം കണ്ടെത്തുകയും ഇനിയൊരു ദുരന്തം ആവർത്തിക്കാതിരിക്കാൻ മതിയായ മുൻകരുതലുകൾ എടുക്കുകയുംവേണം.

എല്ലാത്തിനും ഉപരിയായി ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്കാകെ പൂർണ്ണമായ സൗജന്യ ചികിത്സ ഉറപ്പാക്കണം●

## പൊന്തൻപുഴയിൽ ജനകീയ പ്രക്ഷോഭം

കോട്ടയം, പത്തനംതിട്ട ജില്ലകളുടെ കിഴക്കൻ മേഖലയിലായി വ്യാപിച്ചു കിടക്കുന്ന 7000 ഏക്കർ വരുന്ന പൊന്തൻപുഴ വനഭൂമി 283 സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്നതിനെതിരെയും വനാതിർത്തിയിൽ താമസിക്കുന്ന 1200 കുടുംബങ്ങൾക്ക് നിരുപാധിക പട്ടയം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും പൊന്തൻപുഴ-വലിയകാവ് വന സംരക്ഷണ-പട്ടയ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ലോക പരിസ്ഥിതി ദിനമായ ജൂൺ 5ന് പൊന്തൻപുഴ കവലയിൽ നടന്ന ധർണ്ണ വയൽക്കിളി സമരനായകൻ സുരേഷ് കീഴാറ്റൂർ ഉദ്ഘാടനം ചെയ്തു. സമരസമിതി ജോയിന്റ് കൺവീനർ



ജയിംസ് കണ്ണിമല വിഷയം അവതരിപ്പിച്ചു. എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.രാജീവൻ, ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ആർ.പാർത്ഥസാരഥി വർമ്മ, കെ.ജി.അനിൽകുമാർ എന്നിവരും പ്രസംഗിച്ചു. ലോക്കൽ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ വി.പി.കൊച്ചുമോൻ, രാജു വട്ടപ്പാറ, എബ്രഹാം മാത്യു, രാജൻ കാവുങ്കൽ, കെ.എസ്.ലീലാമ്മ തുടങ്ങിയവരും ധർണ്ണയിൽ പങ്കെടുത്തു●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.